Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 ഇടവം 11—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 മേയ് 25 | ലക്കം 39

## വെള്ളിവിളക്കു്

(സാഹിത്യവിശാരദ് വി. പി. ത്രേസ്യാമ്മ)

അയാളുടെ കണ്ണുകൾ ഒന്നുരണ്ടു തവണ ചുററുപാടും വട്ടമിട്ടു പാഞ്ഞു. ആ നീലിമകലർന്ന നീണ്ട മിഴികൾ ഏതോ നിഗൂഢോദ്ദേശമുള്ളതുപോലെ വാതിലിൽ ചെന്നു തറച്ചു. ഇടയ്ക്കിടെ ചുററും കാണുന്ന കൽഭിത്തികളെ ലക്ഷ്യമാക്കി അവ പരക്കംപായുകയാണു്; കൂട്ടിലടയ്ക്കപ്പെട്ട ശാരികയെപോലെ.


ഹൃദയാന്തരീക്ഷത്തിന്റെ അനന്തവിശാലതയിൽ ആശയുടെ ഒരു മഴവില്ലു തെളിഞ്ഞു, ഇടിയും മിന്നലും തെല്ലൊന്നമർത്തിക്കൊണ്ടു്. ആ യുവാവിന്റെ ശോകസന്തപ്തമായിരുന്ന മുഖത്തിൽ ആനന്ദത്തിന്റെ ഒന്നുരണ്ടു വെള്ളിരേഖകൾ പ്രകാശംപരത്തി കടന്നുപോയി. ഗ്രാമീണബാലന്റെ പുല്ലാംകുഴൽവിളിപോലെ, ആ മൃദുലാധരത്തിൽനിന്നും കളകളസ്വനം പുറപ്പെട്ടു: "അമ്മേ!" ആ വിളി പീററർ ബെർണ്ണാർഡിന്റെ മണിസദനത്തിലെങ്ങും മാറൊലിക്കൊണ്ടു.

ചെവി വട്ടം പിടിച്ചു് ഏകാഗ്രനായി അയാൾ കാത്തിരിക്കയാണു്, ആ കൽഭിത്തികൾക്കുള്ളിൽ. പക്ഷേ നിശ്ശബ്ദത! ഭീകരമായ നിശ്ശബ്ദത!! അതാണയാളുടെ ആഹ്വാനത്തെ ചെവിക്കൊണ്ടതു്. ഉള്ളിൽ കത്തിക്കാളുന്ന കദനാഗ്നിയിൽനിന്നും പുറപ്പെടുന്ന പുകപോലെ ചൂടുള്ള ഒരു ദീർഘനിശ്വാസം ശീല്ക്കാരത്തോടെ വായുവിൽ ലയിച്ചു. അയാൾ പിടഞ്ഞെണീററു. വാതിൽപ്പഴുതിലൂടെ ഉററുനോക്കി. വീണ്ടും ആ വിളി ആവർത്തിച്ചു: "അ....മ്മേ!"

താരുണ്യത്തിന്റെ കോണിപ്പടികൾ പകുതിയും ചവിട്ടിക്കടന്ന ഒരു തരുണീരത്നം അകത്തേക്കു എത്തിനോക്കി. സൗന്ദര്യം നിറഞ്ഞു തുളുമ്പുന്ന രണ്ടു കരിമീൻകണ്ണുകൾ തന്നിലേക്കു പതിയുന്നതു് ആ ഇരുട്ടുമുറിയിലെ മങ്ങിയ വെളിച്ചത്തിൽ അവൾ കണ്ടു. അതിൽനിന്നും പുറപ്പെട്ട സ്നേഹത്തിന്റേയും യാചനയുടേയും ഈരടികൾ ആ മാതൃഹൃദയത്തിന്റെ അഗാധതയിൽ ചെന്നലച്ചു.

മാതൃത്വത്തിന്റെ അവാച്യസ്നേഹം അവനെ തുറന്നുവിടുന്നതിനുവേണ്ടി വെമ്പൽകൊള്ളുകയാണു്. ഭർത്താവിന്റെ കഠോരാജ്ഞകൾ അതിന്റെ മുൻപിൽ ഹിമാലയസദൃശം വിലങ്ങടിച്ചു നില്ക്കുന്നു. ആ അബലാഹൃദയം ഒരുനിമിഷത്തേക്കു ആഞ്ഞുലഞ്ഞു. ഒടുവിൽ മാതൃസ്നേഹം വിജയിച്ചു.

അവൻ അമ്മയെനോക്കി ഒന്നു പുഞ്ചിരിച്ചു. സ്നേഹവും ആത്മാർത്ഥതയും വിളംബരം ചെയ്യുന്ന ഒരു പുഞ്ചിരി! അനന്തരകരണീയത്തെപ്പററി—അച്ഛനുമായി രമ്യപ്പെടേണ്ടതിനെപ്പററി— കുടുംബസ്വത്തു സൂക്ഷിക്കേണ്ടതിനെപ്പററി ഒരുപദേശം തന്റെ അരുമക്കുമാരനു നൽകാൻ ആ വത്സലമാതാവു തിരിഞ്ഞുനോക്കി. പക്ഷേ ആ പൈങ്കിളി പറന്നുകളഞ്ഞു......!!



**മരിയൻജൂബിലി സ്മാരകക്കപ്പേള, തിടനാട്**

ഈ കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം പാലാമെത്രാൻ റൈററു് റവ. ഡോക്ടർ സെബാസ്റ്റിൻ വയലിൽ തിരുമേനി സാഘോഷം നിർവ്വഹിച്ചു.

എങ്ങോട്ട്? എന്തിനു്? അസ്സീസ്സിയിലെ കുഷ്ഠരോഗികളുടേയും യാചകരുടേയും നടുവിലേക്കു്. തന്റെ പ്രണയസുന്ദരിയെ തേടിപ്പിടിച്ചാലിംഗനം ചെയ്യാൻ.

വിൺസൗധത്തിൽനിന്നും ഊർന്നിറങ്ങി കൂപമണ്ഡൂകങ്ങളെ പുൽകുന്ന ആ വാരൊളിത്താരകമയ കണ്ടു കൂട്ടുകാർ അമ്പരന്നു. അവരിട്ടുകൊടുത്തു യുക്തിവാദങ്ങളുടെ ശൃംഖല: "ഫ്രാൻസീസ്! നിന്റെ ആസ്വാദനീയമായ സൗന്ദര്യം, അന്യാദൃശമായ ആ കാരസൂഷമ ഈ ചീഞ്ഞളിഞ്ഞ മനുഷ്യകീടങ്ങളുടെ പ്രണപങ്കിലമായ ആനനത്തിൽ മുല്ലപ്പൂക്കൾ ഉതിർക്കുന്നതിനുള്ളതോ? മണിമാളികയിൽ ഹൃദയമോഹിനിയായ ഒരു പ്രഭുകുമാരിയുമൊത്തു് സുഖഭോഗത്തിന്റെ മധുരിമയിൽ കുളിർമ്മകൊള്ളേണ്ട നീ "തെരുവുതെണ്ടിക"ളോടുകൂടി ഭിക്ഷാപാത്രവുമേന്തി പേക്കൂത്തുകൾ കാണിക്കയോ? ലോകം അമർഷത്തോടെ ആട്ടിപ്പായിക്കുന്ന ദാരിദ്ര്യപ്പിശാചിയോ നിന്റെ ഓമൽപ്രേയസി! അന്തസ്സും അഭിമാനവും ഒത്തിണങ്ങുന്ന പിതാവിന്റെ ഗംഭീരാനനം നീ കാണുന്നില്ലേ? ഫ്രാൻസീസ്! നീ പിന്തിരിഞ്ഞാലും! നിന്റെ ചുററും കേൾക്കുന്ന പൊട്ടിച്ചിരികളുടെ, കൂക്കുവിളികളുടെ അർത്ഥം നീ ഗ്രഹിക്കുന്നുണ്ടോ? "ഭ്രാന്തൻ" "ഭ്രാന്തൻ" എന്നു ലോകം അട്ടഹസിക്കുന്നതു് നിന്നെപ്പററിയല്ലേ? നീ കാണുന്നില്ലേ, അസ്സീസിയിലെ മെത്രാൻകച്ചേരിയിലേക്കുള്ള അഭിമാനത്തിന്റെ ദ്രുതഗമനം! അദ്ദേഹത്തിന്റെ കാൽപ്പാദങ്ങളിൽ നീ പ്രണമിക്കൂ. കഴിഞ്ഞതെല്ലാം മറക്കൂ." അവർ മുറവിളികൂട്ടി.

ആ യുക്തിവാദശൃംഖലയുടെ ഓരോ കണ്ണിയും അദ്ദേഹം സസൂക്ഷ്മം പരിശോധിച്ചു. അതിന്റെ കണ്ണികൾ ബലവത്തല്ല. അഗ്രം ദൃഢമായി ബന്ധിച്ചിട്ടില്ല. തന്റെ വിശാലഹൃദയത്തിൽനിന്നും പുറപ്പെട്ട സ്നേഹജ്വാല അതിന്റെ കണ്ണികളെ ഉരുക്കിക്കളഞ്ഞു. ഹോ! മെഴുകുചങ്ങല!!

അസ്സീസിയിലെ മെത്രാൻകച്ചേരിയിൽ ബെർണ്ണാർഡു് എത്തി. അദ്ദേഹത്തിന്റെ രോമകൂപങ്ങൾതോറും വിയർപ്പുതുള്ളികൾ പൊടിച്ചൊഴുകുകയാണു്, പുതുമഴയ്ക്കു വെട്ടിവിട്ട കൈത്തോടുപോലെ. ഉത്തരീയം എടുത്തയാൾ തുടയ്ക്കുന്നുണ്ടു്. എന്നാൽ ആ ഉറവക്കണ്ണികൾ വററുന്നില്ല. കാൽച്ചുവടു തറയിൽ ഉറയ്ക്കുന്നില്ല. അയാൾ വേകുകയാണു്. പൊരിയുകയാണു്. ദഹിക്കുകയാണു്. തന്റെ പുത്രന്റെ തോന്ന്യാസങ്ങളുടെ പട്ടിക മെത്രാൻതിരുമേനിയുടെ മുൻപിൽ അദ്ദേഹം നിരത്തിവച്ചു. പ്രതി ഹാജരായി. പരിഭ്രമത്തിന്റെ നിഴൽപോലും ആ മുഖാംബുജത്തിൽ കാണ്മാനില്ല. ശരല്ക്കാലചന്ദ്രനെപ്പോലെ നിഴലുകളില്ലാത്ത തെളിമ. അയാളുടെ ഭാവം കണ്ടാൽ തോന്നും അതു കോടതിയല്ല, വിവാഹമണ്ഡപമാണെന്നു്. അതേ, വിവാഹമണ്ഡപം! ദാരിദ്ര്യാംബികയുടെ കഴുത്തിൽ മംഗല്യസൂത്രം അണിയിക്കാനുള്ള വിരിപ്പന്തൽ! എല്ലാവരും ഉൽക്കണ്ഠാകുലരായി ഫ്രാൻസീസിനെ നോക്കിയിരിക്കുന്നു. അതാ അയാൾ തെളുതെളെത്തിളങ്ങുന്ന മേലങ്കിയഴിച്ചു് യാചകവസ്ത്രം ധരിക്കുന്നു. ദാരിദ്ര്യാംബികയുടെ ആത്മവല്ലഭൻ! അലോകസുന്ദരിയായ തന്റെ പ്രണയിനിക്കുവേണ്ടി, പിതാവിന്റെ അനർഘസമ്പത്തുകൾ തൃണസദൃശം തിരസ്കരിക്കുന്നു. മുഹൂർത്തം വന്നണഞ്ഞു. ആ വൈദികമേലദ്ധ്യക്ഷൻ—അസ്സീസിയിലെ മെത്രാൻതിരുമേനി—അവരുടെ കരങ്ങളെ തമ്മിൽ ചേർത്തു കഴിഞ്ഞു. അവ ബന്ധിക്കപ്പെട്ടു; അഭേദ്യമായി, സുദൃഢമായി, നിത്യമായി. മെത്രാൻകച്ചേരിയിലെ ജനാവലി ആ മണവാളൻ പ്രസന്നമുഖനായി ഹർഷോന്മത്തനായി നടന്നകലുന്നതു നോക്കി നിന്നു; തുടിക്കുന്ന ഹൃദയത്തോടെ.

ലോകം ഒന്നു ഞെട്ടി. ചക്രവാളത്തെപ്പോലും അതു വിറപ്പിച്ചു. ചരിത്രത്തിന്റെ ഏടുകൾ തിരിച്ചുനോക്കി. അവിടെയെങ്ങും എഴുതപ്പെട്ടിട്ടില്ല ഇങ്ങനെയൊരു

(ശേഷം 3-ാംപേജിൽ)

# "നസ്രസ്സ്" ലോകത്തിനു നൽകുന്ന മഹാപാഠങ്ങൾ

**(വക്കീൽ സിറിയക്ക് കണ്ടത്തിൽ)**

(തുടർച്ച)

നസ്രസിൽനിന്നു ലഭിക്കുന്ന മറെറാരു മഹാപാഠം ഉണ്ട്. അതായതു് ധനവുമായി മനസ്സാ അകന്നിരിക്കുവാൻ കഴിയാത്തവനൊരുത്തനും ധനികനായിരിക്കാൻ അവകാശമില്ല. മററു പ്രകാരത്തിൽ പറഞ്ഞാൽ നസ്രസ് കേവലം ദാരിദ്ര്യത്തിൻെറ ഒരു മഹത്വീകരണമല്ല; ക്ലേശങ്ങളുടെയും അരിഷ്ടതയുടെയും പ്രശാന്തമായ സഹിഷ്ണതയുമല്ല. എന്നാൽ സമ്പത്തിനോടുള്ള വെറുപ്പോ വിദ്വേഷമോ ആണോ? അതും അല്ല. നസ്രസിൽ നമ്മുടെ ദിവ്യനാഥൻ ദരിദ്രനായിരുന്നു; അവിടുന്നു ദരിദ്രനായ ഒരു ഗ്രാമീണതക്ഷനായി ജീവിച്ചു. കേവലം ജീവിതാവശ്യങ്ങൾ നിർവഹിക്കുവാൻ വേണ്ടി അവിടുന്നു് പണിയെടുത്തു. എന്നാൽ അവിടുത്തേക്ക് ഇതിലും ഉപരിയായ സ്ഥാനമുണ്ട്. അധികാരശക്തിയുള്ള അവിടുന്നു അനുസരിച്ചതുപോലെ അവിടുന്നു ദരിദ്രനായിത്തീന്ന ഒരു ധനികനാണു്. അവിടുത്തെ ധനം തുരുമ്പുപിടിക്കാത്ത സ്വർഗ്ഗീയനിധിയത്രെ. പുച്ചികൾ തിന്നു നശിപ്പിക്കുകയോ ചോരന്മാർ കുത്തിപ്പൊളിച്ചു അപഹരിക്കുകയോ ചെയ്യാത്ത അക്ഷയധനം. അവിടുത്തെ ധനത്തിൻെറ വൈപുല്യം നസ്രസിലെ തക്ഷൻെറ പണിപ്പുരയിൽ ഒതുങ്ങി നിന്നില്ല.

സൂര്യചന്ദ്രനക്ഷത്രാദി ഗോളങ്ങളോടും പരവതാനി വിരിച്ചപോലെ ലില്ലിപുഷ്പങ്ങളാൽ പ്രശോഭിതമായ താഴ്വരകളോടും കൂടിയ മനോഹരവും ബ്രഹ്മാണ്ഡവുമായ പ്രപഞ്ചത്തിൻെറ നിർമ്മിതാവും ഉടയവനുമായ സമ്പന്നനായ ശില്പിയാണവിടുന്നു്. താൻ കണ്ടിട്ടുള്ള തൻെറ പിതാവിൻെറ ഭവനത്തിലെ രമ്യഹർമ്മ്യങ്ങളായിരുന്നു അവിടുത്തെ സമ്പത്തു്. അതിൻെറ മനോഹരതമാനുഷികനയനങ്ങൾക്കു് ഗോചരമല്ല; ശ്രവണേന്ദ്രിയങ്ങൾക്കു് വിഷയീഭവിച്ചിട്ടില്ല; മനുഷ്യൻെറ കല്പനാശക്തിക്കു് അതീതവുമാണു്. ഈ വിധത്തിലെല്ലാം ദൈവത്തിനു അപാരമായസ്വത്തുക്കൾ ഉണ്ടായിരുന്നിട്ടും അവിടുന്നു പരമദരിദ്രനായിത്തീന്നു. അവിടുന്നു ഒരു ആട്ടിടയൻെറ ഗുഹയിൽ ജാതനായി; തൊഴിലാളിയായി പണിയെടുത്തു; തെരുവുതെണ്ടിയെപ്പോലെ നടന്നു പ്രസംഗിച്ചു; തലചായിക്കുവാൻ ഒരിടവും ഉണ്ടായില്ല; ഒരു ദരിദ്രൻെറ മരക്കുരിശിൽ കിടന്നു മരിച്ചു. അന്യൻെറ ശവക്കല്ലറയിൽ സംസ്കരിച്ചു. മനുഷ്യസ്നേഹികൾ എന്ന പേരു സിദ്ധിക്കുവാൻ സമ്പന്നർ അവരുടെ ധനം ദാനം ചെയ്തിട്ടുള്ളതായി ലോകം മുമ്പു കേട്ടിട്ടുണ്ടു്. തൻെറ അനുയായികൾ സമ്പത്തു ഉപേക്ഷിക്കുവാൻ ബുദ്ധമഹർഷി ഉപദേശിച്ചതായും ലോകം അറിഞ്ഞിട്ടുണ്ടു്. തീബെസിലെ ക്രേററസ് (Crates) തൻെറ സ്വത്തും സാധുക്കൾക്കു് കൊടുത്തതും അറിയാം. എന്നാൽ ഈശ്വരചൈതന്യവുമായി സാത്മ്യം പ്രാപിക്കുകയെന്നുള്ള ഉന്നതപദവിയിലെത്തുവാനുള്ള ഒരു പടിയായി ദാരിദ്ര്യത്തെ ലോകം മുമ്പ് ഒരിക്കലും അറിഞ്ഞിട്ടില്ല. "നിനക്കുള്ളതെല്ലാം വില്ക്കുക" എന്നു മററുള്ളവരും പറഞ്ഞിട്ടുണ്ടു്. എന്നാൽ, "അതിനുശേഷം എന്നെ അനുഗമിക്കുക" എന്നു അവിട്ടുന്നു മാത്രമേ പറഞ്ഞിട്ടുള്ളു. മുതലാളിത്തത്തിൻെറ ദൂഷ്യഫലങ്ങളും സമ്പത്തിൻെറ ദുർവിനിയോഗവും കണ്ടിട്ട വർഗ്ഗസമരത്തെ പ്രേരിപ്പിക്കുകയും ന്യായമായി ആർജ്ജിച്ച സ്വത്തുക്കൂടി വീതിക്കണമെന്നു വാദിക്കുകയും ചെയ്യുന്ന ഇന്നത്തെ നമ്മുടെ പല സാമൂഹ്യപരിഷ്കർത്താക്കളുടേതിൽനിന്നു വിഭിന്നമാണു് അവിട്ടുത്തെ ജീവിതവും സിദ്ധാന്തങ്ങളും. ധനികരെയെല്ലാം അടിച്ചുനിരത്തണമെന്നു് ഉച്ചൈസ്തരം ഉൽഘോഷിക്കുന്ന കമ്മ്യൂണിസ്റ്റുകാരൻെറ നിലപാടിനു ലഘുജീവിതക്കാരനായ നസ്രായക്കാരൻ ഒരിക്കലും ആലംബമാകുന്നില്ല. നമ്മുടെ ദിവ്യനാഥനെപ്പോലെ സമ്പത്തിൻെറ പ്രലോഭനങ്ങളിൽനിന്നു വിമുക്തനാണെന്നു തെളിയിക്കാത്ത യാതൊരുത്തനും സമ്പന്നരെ ദ്വേഷിക്കുവാൻ അവകാശമില്ല. അതുകൊണ്ടു്, സ്വാത്മനായ ഒരു ധനികൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിൽ എളുപ്പം ഒരു ഒട്ടകത്തിനു സൂചിക്കുഴയിൽക്കൂടി കടക്കുവാൻ കഴിയുമെന്നു് അവിടുന്നു ധനികർക്കു മുന്നറിയിപ്പു നൽകിയതു് പ്രശംസാർഹംതന്നെ. നസ്രസിലെ ദാരിദ്ര്യം സമ്പത്തിനെ നിഷിദ്ധമാക്കിയില്ല; സ്വത്തിനെ മഹത്വപ്പെടുത്തിയതുമില്ല; ദാരിദ്ര്യത്തെ അതേപടി പവിത്രീകരിക്കുകയും ചെയ്തില്ല. സമ്പത്തിൽനിന്നു മനസ്സാ അകന്നുനില്ക്കണമെന്നുള്ള അത്ഥഗർഭമായ സിദ്ധാന്തത്തിൻെറ പ്രബോധനമായിരുന്നു അതു്. അതായതു് ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി മനുഷ്യർ സമ്പത്തിൻെറ പ്രലോഭനങ്ങളിൽനിന്നും വിമുക്തരായിരിക്കണം —ആ സ്വത്തു അവരുടെ സ്വന്തം ഇംഗിതംമാത്രവും കേവലം മത്സ്യബന്ധനത്തിനുള്ള ചെറുവള്ളങ്ങളും കീറിയ വലകളും മാത്രമാണെങ്കിലും.

സമ്പത്തിനുവേണ്ടി സമരംചെയ്യു ലോകത്തിലെ സമ്പത്തു അധികവും നശിക്കുവാനെന്തു കാരണം? പല സ്വത്തുകാരും ദുരാഗ്രഹികളായിരിക്കുന്നതെന്തുകൊണ്ടു്? പല സ്വത്തുകാരും ലുബ്ധന്മാരായി കാണപ്പെടുന്നതെന്തുകൊണ്ടു്? പല ദരിദ്രർ കഠിനരും പണത്തിനു ബുദ്ധിമുട്ടുള്ള പലർ കമ്മ്യൂണിസ്റ്റുകാരും ആയിരിക്കുന്നതെന്തുകൊണ്ടു്?

സമ്പത്തിൽനിന്നു വിച്ഛേദിക്കപ്പെട്ടിരിക്കണം എന്ന തത്വം ശരിയായി അവക്കു അറിയാൻ പാടില്ലാത്തതാണു് ഇതിനൊക്കെ കാരണം. നസ്രസിൽനിന്നുള്ള പാഠം അവർ ഹൃദിസ്ഥമാക്കീട്ടില്ല. ആ മഹാപാഠം നമ്മെ പഠിപ്പിക്കുന്നതു സവ്വതും ഉണ്ടായിരുന്നയാൾ യാതൊന്നും ഇല്ലാത്തവനെപ്പോലെ ജീവിച്ചുവെന്നാണു്. നസ്രസിലെ ആഹ്വാനം ശരിക്കു ചെവിക്കൊണ്ടിരുന്നെങ്കിൽ ഇന്നത്തെ ചിന്താക്കുഴപ്പങ്ങൾക്കു് വഴിതെളിക്കുകയോ ഭരണകർത്താക്കളുടെ ചൂഷണത്തിനു ക്രൈസ്തവാദശ്ങ്ങൾ വിഷയമാകുകയോ ചെയ്യുമായിരുന്നില്ല.

ദരിദ്രരായിരിപ്പായതുകൊണ്ടോ ദുരിതം അനുഭവിക്കുവാൻ ഇടയായതുകൊണ്ടോ ദരിദ്രർ എന്നും ദരിദ്രരായും ദുരിതം അനുഭവിക്കുന്നവർ എന്നും ദുരിതം അനുഭവിക്കുന്നവരായും ഇരുന്നുകൊള്ളണമെന്നു നമ്മുടെ ദിവ്യനാഥൻ ഉദ്ദേശിക്കുകയോ ഉപദേശിക്കുകയോ ചെയ്തിട്ടില്ല. അവിടുന്നു സ്വത്തുകാരനെയോ ദരിദ്രനെയോ മഹത്വീകരിച്ചിട്ടില്ല. സദാ ദരിദ്രനല്ലാത്ത ദരിദ്രനെ; ഒരിക്കൽ ധനികനായിരുന്ന ദരിദ്രനെ; മനസ്സാ സകലതിൽനിന്നും അകന്നിരുന്ന സമ്പന്നനായ ദരിദ്രനെ; തൻെറ സ്വത്തുക്കൾ ഉദാരമായി ദാനംചെയ്ത ദരിദ്രനെയല്ല; എന്നാൽ അവയെല്ലാം കൊടുത്തു അതിനുപകരം വിലതീരാത്ത സ്വർഗ്ഗീയധനം നേടിയ ദരിദ്രനെയാണു അവിടുന്നു ഇഷ്ടപ്പെടുന്നതു്. ഇതെല്ലാം മററുപ്രകാരത്തിൽ രത്നച്ചുരുക്കമായി പറഞ്ഞാൽ ധനവാന്മാർ ഭാഗ്യവാന്മാരല്ല; ദരിദ്രരും ഭാഗ്യവാന്മാരല്ല. എന്നാൽ മനസ്സാ ദരിദ്രരായിട്ടുള്ളവരാണു് ഭാഗ്യവാന്മാർ—"Blessed are the poor in Spirit."

ധനികനായിരുന്ന അവിടുന്നു സ്വയം ദരിദ്രനായിത്തീന്നതിനാൽ അവിടുത്തേക്കു് ആവലാതിപ്പെടാം കുറുനരികൾക്കു് അവയുടെ മാളങ്ങളും പക്ഷികൾക്കു കൂടുകളുമുണ്ടു്. എന്നാൽ മനുഷ്യപുത്രനു തലചായിക്കുവാൻ ഒരിടവുമില്ലെന്നു്. സ്വർഗ്ഗത്തിലേയും ഭൂമിയിലേയും സകല അധികാരങ്ങളുമുള്ള അവിടുന്നു ഒരു തൂവാലയും ചുററി കുരിശുമരണത്തിൻെറ തലേരാത്രിയിൽ സ്വന്തം അനുയായികളായ അപ്പസ്തോലന്മാരുടെ പാദങ്ങൾ കഴുകിയപ്പോൾ അവിടുന്നു നമ്മെ പഠിപ്പിച്ചു കമ്മ്യൂണിസ്റ്റുകാരാകാതെ എങ്ങനെ ദരിദ്രരായി ജീവിക്കാമെന്നും വിപ്ലവകാരികളാകാതെ എങ്ങനെ അനുസരണയുള്ളവരായിരിക്കാമെന്നും. സമ്പത്തും പ്രതാപവുംപോലെ തന്നെ ദാരിദ്ര്യവും അടിമത്വവും നമ്മെ സ്വർഗ്ഗരാജ്യത്തിനു അവകാശികളാക്കുകയില്ലെന്നു അവിടുന്നു അനുസ്മരിപ്പിക്കുന്നു. ധനികൻ മനസ്സാ ദരിദ്രനായി ജീവിക്കുമ്പോൾ ദൈവരാജ്യത്തിനു അവകാശിയായിത്തീരും. പ്രതാപശാലികളായ നേതാക്കൾ സെഹിയോൻ ഊട്ടുശാലയിലെ രംഗം ദൃഷ്ടാന്തം സ്വീകരിച്ചു് അവർ ദൈവദാസന്മാരെന്ന നിലയിൽ പ്രവർത്തിച്ചാൽ അവരും ദൈവരാജ്യത്തിനു അർഹരായി ഭവിക്കും. അതുകൊണ്ടു് ആശാരിയുടെ പണിപ്പുര ദാരിദ്ര്യത്തിൻെറ മനോഹരതയേയും അടിമത്വത്തിൻെറ പരിപാവനതയേയും അതേപടി സ്വീകരിക്കുന്നതിനു പ്രചോദനം നൽകുന്ന ഒരു യാഥാത്ഥ്യമല്ല. സ്വത്തുകാർ മനസ്സാ ദരിദ്രരും അധികാരമുള്ളവർ സേവനസന്നദ്ധരും ആയിരിക്കണമെന്നുള്ളതാണു് അതിൻെറ യഥാത്ഥമായ അത്ഥം.

---

## വിശുദ്ധ പത്താം പീയൂസിൻെറ

**അതിമനോഹരമായ**

**ത്രിവർണ്ണചിത്രം**

സൈസ് 13½ ഇഞ്ച് × 9 ഇഞ്ച്

—നല്ല ആട്ട്പേപ്പർ—

ഒന്നിനു് 4 അണ.

10-ൽ കൂടുതൽ ¼ കമ്മീഷൻ.

മാർ ളൂയീസ് മെമ്മോറിയൽ

പ്രസ്സ്, എറണാകുളം-1

---

തിരുസഭാചരിത്രം 70

# തിരുസ്സഭ നാലും അഞ്ചും ശതാബ്ദങ്ങളിൽ

## ഭരണവ്യവസ്ഥ

**[പ്രൊഫസർ പി. ററി. തോമസ് എം. എ.]**

തിരുസ്സഭയുടെ അംഗസംഖ്യയും ധനശേഷിയും പ്രാബല്യവും വർദ്ധിച്ചതോടൊപ്പം സഭാഘടനയിലും ഭരണക്രമത്തിലും കാലാനുസൃതമായ പരിഷ്കാരങ്ങൾ നടപ്പിൽവന്നു. മെത്രാന്മാർ, വൈദികർ, ശമ്മാശ്മാർ എന്നിവരെ ദിവ്യകർമ്മങ്ങളിലും, സാധുജനസംരക്ഷണത്തിലും സഹായിക്കുന്നതിനായി അഞ്ചു ഉപസ്ഥാനങ്ങൾ (Minor Orders) കൂടി ക്രമേണ സൃഷ്ടിക്കപ്പെട്ടു. ഇവരുടെ പേരുകൾ ഉപശമ്മാശ് (sub-deacon) അകമ്പടിക്കാരൻ (acolyte) ബഹിഷ്കൃത്താവ് (exorcist—പിശാചുബാധനീക്കുന്നവൻ) പാരായണൻ (Lector—സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ പരസ്യമായി വായിക്കുന്നവൻ,, ദ്വാരപാലകൻ (door-keeper) എന്നിവയാണു്. 12-ാം ശതാബ്ദത്തിനുശേഷം ഉപശമ്മാശ്മാരെക്കൂടി മുഖ്യഗണത്തിൽ (Major-Order) ഉൾപ്പെടുത്തുകയുണ്ടായി.

സഭ നഗരങ്ങളിൽനിന്നു നാട്ടിൻപുറങ്ങളിലേക്കു വ്യാപിച്ചതോടുകൂടി അവിടങ്ങളിലെ സഭാഭരണം നിവ്വഹിക്കുവാൻ കോർഎപ്പിസ്ക്കോപ്പാമാരെ നിയമിച്ചു. ഈ വാക്കിൻെറ അർത്ഥം ഗ്രാമീണമെത്രാൻ (Country-bishop) എന്നാണു്. വി. ബെയിസിലിൻെറ (St. Basil) ഭരണസീമയിൽപ്പെട്ട സിസ്സേറിയാത്രപതയിൽത്തന്നെ അൻപതു കോർഎപ്പിസ്ക്കോപ്പാമാരുണ്ടായിരുന്നതായി കാണുന്നു. പിന്നീടു് കോർഎപ്പിസ്ക്കോപ്പാമാരുടെസ്ഥാനത്തു വൈദികർ നിയമിതരായി. അങ്ങനെ ഇടവകകൾ ക്രമേണ രൂപംപ്രാപിച്ചു. അഞ്ചാംശതാബ്ദത്തിൻെറ അവസാനമായപ്പോഴേക്കും വൈദികരുടെ ഭരണത്തിലുള്ള ഇടവകകൾ (parishes) സഭാഘടകങ്ങളെന്നുള്ള നിലയിൽ പൂർണ്ണവളർച്ചയെ പ്രാപിച്ചുകഴിഞ്ഞു. കോർഎപ്പിസ്ക്കോപ്പാസ്ഥാനങ്ങൾ നിന്നുപോയതോടുകൂടി മെത്രാസനങ്ങൾ പട്ടണങ്ങളിൽ മാത്രമായി അവശേഷിച്ചു. ഇന്നും പ്രായേണ ഈ നിലയാണു് തുടന്നുകൊണ്ടുപോരുന്നതു്.

ആദിമശതകങ്ങളിൽ മെത്രാന്മാരെ തിരഞ്ഞെടുത്തിരുന്നതു് വൈദികരും ജനങ്ങളുംകൂടിയായിരുന്നു. ഇപ്പോഴും ഏതാണ്ടു് ആ രീതിതന്നെ തുടന്നുപോന്നു. എന്നാൽ തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ പങ്കു കേവലം നാമമാത്രമായി കലാശിച്ചിരുന്നു. മെത്രാസനങ്ങളുടെ എണ്ണം വർദ്ധിച്ചതോടുകൂടി അവയെ പ്രാദേശികമായ അടിസ്ഥാനത്തിൽ കൂട്ടിച്ചേത്തു് സഭാപ്രവിശ്യകൾ (eparchies) സംഘടിപ്പിച്ചു. ഈ പ്രവിശ്യകൾ മിക്കവാറും സാമ്രാജ്യത്തിലെ ഭരണപ്രവിശ്യകളുടെ അതിത്തികൾ അനുസരിച്ചാണു വേർതിരിക്കപ്പെട്ടിരുന്നതു്. പൗരസ്ത്യപ്രദേശങ്ങളിൽ പല സഭാപ്രവിശ്യകൾ (eparchies) കൂട്ടിച്ചേത്തു് എക്സാർച്ചികൾ (exarchies) സംഘടിപ്പിച്ചു. ആദ്യം അലക്സാണ്ഡ്റിയ, അന്ത്യോക്യ എന്ന രണ്ടു എക്സാർച്ചികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീടു് 381-ൽ കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ സൂനഹദോസ് ആ പട്ടണത്തേയും, 451-ൽ കൽച്ചദോനിൽ സമ്മേളിച്ച സൂനഹദോസ് യറുശലേമിനേയും എക്സാർച്ചികളായി ഉയത്തി. എക്സാർച്ചികളുടെ കേന്ദ്രനഗരങ്ങളിലെ മെത്രാന്മാക്കു് കാലക്രമേണ പാത്രിയക്കീസ് എന്ന സ്ഥാനപ്പേർ ലഭിക്കുകയുണ്ടായി. പാശ്ചാത്യവിഭാഗത്തു് എക്സാർച്ചികൾ ഒന്നുംതന്നെയില്ല. കാർത്തേജ്, മിലാൻ, ആർലിസ് (Arles) എന്നിവ പ്രശസ്തങ്ങളായ മെത്രാസനങ്ങളായിരുന്നു. റോമാ മാർപ്പാപ്പാമാത്രം പാശ്ചാത്യപാത്രിയക്കീസ് (Patriarch of the West) എന്നു വിളിക്കപ്പെട്ടുപോന്നു.

പാശ്ചാത്യവിഭാഗത്തു നാലാം ശതാബ്ദത്തിൻെറ അവസാനത്തിനു മുൻപുതന്നെ വൈദികരുടെ കന്യാവ്രതം അലംഘനീയമായ ഒരു നിയമമായിക്കഴിഞ്ഞിരുന്നു. മെത്രാന്മാരും വൈദികരും ശമ്മാശ്മാരും കന്യാവ്രതം പാലിക്കണമെന്നുള്ളതു് നിർബന്ധമായിരുന്നു. എ. ഡി. 385-ൽ സിറിഷ്യസ് (Siricius) മാർപ്പാപ്പയുടെ കീഴിൽ സമ്മേളിച്ച സൂനഹദോസ് വൈദികരും ശമ്മാശ്മാരും കന്യാവ്രതം അനുഷ്ഠിക്കേണ്ടതാണെന്നു് അനുശാസിച്ചു. വി. ലിയോ മാർപ്പാപ്പ (Pope St. Leo) ഈ നിയമം ഉപശമ്മാശ്മാക്കും ബാധകമാക്കി. എന്നാൽ പൗരസ്ത്യവിഭാഗത്തു് വിവാഹിതക്കു് ശമ്മാശ്പട്ടവും വൈദികപട്ടവും സ്വീകരിക്കാമായിരു



ന്നു. പട്ടത്തോടൊപ്പം വൈവാഹികബന്ധവും അവക്കു തുടർന്നുകൊണ്ടു പോകാമായിരുന്നു. എന്നാൽ ഉയന്ന പട്ടങ്ങൾ (Major Orders—bishop priest deacon) ഏതെങ്കിലും സ്വീകരിച്ചുകഴിഞ്ഞതിനുശേഷമുള്ള വിവാഹം നിരോധിക്കപ്പെട്ടിരുന്നു. ആദിമശതകങ്ങളിൽ വിവാഹിതരായ ചില മെത്രാന്മാർ ഉണ്ടായിരുന്നുവെങ്കിലും അഞ്ചാം ശതാബ്ദത്തിനുശേഷം വിവാഹിതനായ ഒരു വൈദികനെങ്കിലും മെത്രാൻസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടിട്ടില്ല.

നാലും അഞ്ചും ശതാബ്ദങ്ങളിൽ തിരുസ്സഭക്കു് സാമ്പത്തികമായും വളരെ അഭിവൃദ്ധിയുണ്ടായി. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലത്തു് വസ്തുദാനങ്ങളും മററും സ്വീകരിക്കുന്നതിനുള്ള അവകാശം ക്രൈസ്തവസമൂഹങ്ങൾക്കു ലഭിച്ചു. ധനാഢ്യന്മാരായ ക്രിസ്ത്യാനികൾ ദേവാലയങ്ങൾക്കും ക്രൈസ്തവസമൂഹങ്ങൾക്കും വിലയേറിയ ദാനങ്ങൾ നൽകി. അങ്ങനെ പല മെത്രാസനദേവാലയങ്ങളും ധനപരമായി വളരെ അഭിവൃദ്ധിപ്പെട്ടു ഈ പള്ളിസ്വത്തിൽനിന്നുള്ള ആദായം നാലായി വിഭജിച്ചു് ഓരോ വീതം മെത്രാനും വൈദികർക്കും നൽകിയിരുന്നു. ബാക്കി രണ്ടുഭാഗങ്ങൾ പള്ളിക്കെട്ടിടത്തിന്റെ സംരക്ഷണത്തിനും സാധുജനസേവനത്തിനുമായി നീക്കിവച്ചിരുന്നു. ഗ്രാമപ്രദേശത്തുള്ള ദേവാലയങ്ങൾക്കും സ്വന്തമായ ആദായമാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ഈ വരുമാനത്തിൽ ഒരംശം മെത്രാനവകാശപ്പെട്ടതായിരുന്നു. വിശ്വാസികൾ ദേവാലയത്തിൽ കൊണ്ടുവന്നർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങളിൽ മൂന്നിലൊരുഭാഗത്തിനുള്ള അവകാശം മെത്രാനായിരുന്നു. ചില സ്ഥലങ്ങളിൽ—പ്രത്യേകിച്ചു് നാട്ടിൻപുറങ്ങളിൽ—താമസിച്ചിരുന്ന വൈദികർ കായികാദ്ധ്വാനത്തിൽ ഏർപ്പെടുകയും പതിവായിരുന്നു.

(1-ാം പേജ് തുടർച്ച)

സംഭവം! അന്ധകാരം വഴിമാറി. കാർമേഘങ്ങൾ ഓട്ടിച്ചാടി. പകലോൻ ഉച്ചസ്ഥനായി സ്വാതന്ത്ര്യപ്രഭ വിതറി ലോകത്തെ ഒന്നു നോക്കി. ആ വീക്ഷണം വിശാലമായിരുന്നു. താരുണ്യം ചവച്ചുതുപ്പിയ വൃദ്ധന്മാർ, ഓടകളിൽ കിടന്നു പിടയുന്ന ചോരക്കുഞ്ഞുങ്ങൾ, കരിവണ്ടു തുളച്ച മുകുളങ്ങൾപോലെ അനാകർഷകരായ അംഗവിഹീനർ, കീടങ്ങൾ പിടയുന്ന മൃതദേഹങ്ങൾപോലെ വ്രണപങ്കിലരായ കുഷ്ഠരോഗികൾ എല്ലാമെല്ലാം അതിൽ ഉൾപ്പെട്ടു. അവരെ ഓരോരുത്തരേയും അദ്ദേഹം സ്വന്തം സഹോദരനായി കണ്ടു; പാപികളെ പുൽകുന്ന ക്രിസ്തുവിനെപ്പോലെ.

വിൺമേടയിൽനിന്നും യാചകാലയത്തിലേക്കു സ്വയം അവതീർണ്ണനായ ആ ദൈവദൂതന്റെ ബലവത്തായ കൈകൾ അവരെ തീററിപ്പോററി, ഭിക്ഷാടനത്താൽ. തന്റെ പുഞ്ചിരിപ്പൂനിലാവിൽ അവരുടെ ക്ലേശങ്ങൾ ആററിത്തണുപ്പിച്ചു. അധഃപതിച്ച ലോകം ആട്ടിക്കളഞ്ഞ അവരെ അത്യുന്നതത്തിലേക്കു അദ്ദേഹം ഉയത്തി; അനുസ്യൂതപരിശ്രമത്താൽ.

ദിനങ്ങൾ പലതും കടന്നു, പ്രകാശവും അന്ധകാരവും മാറിമാറി കാണിച്ചുകൊണ്ടു്. ആ പരഭൃതത്തിന്റെ സ്വതന്ത്രകൂജനത്തിൽ ചില മുതലാളിമാർ അമർഷംകൊണ്ടു. അവർ പല്ലിറുമ്മി, കണ്ണുരുട്ടി, കുരച്ചുകൊണ്ടു് ഓടിക്കൂടി, പട്ടികളെപ്പോലെ.

ഹോ! ധന്യാത്മൻ!! അവിടുന്നു വിജയിച്ചു. ലോകമേ, നീ നിന്റെ വ്യർത്ഥജല്പനങ്ങളുമായി പിന്തിരിയൂ. കാലിത്തൊഴുത്തിൽ പിറന്ന കററക്കിടാവിന്റെ ചുവട്ടടികളെ പിൻതുടരാൻ. ലോകത്തിന്റെ കാരിരുമ്പാമത്തെ വെട്ടിത്തെറിപ്പിച്ച ഭവാൻ വിജയിച്ചു. കുഴിഞ്ഞ കണ്ണും, ഒട്ടിയ മാംസവും മുഴച്ച അസ്ഥിയുമായി, നീ ചുററിത്തിരിഞ്ഞു കണ്ടെത്തി ചുംബിച്ചതു് കുഷ്ഠരോഗിയെയല്ല, ഭിക്ഷക്കാരനെയല്ല, ബെത്ലഹമിലെ പുല്ക്കൂടിലിൽ പാതിരാനേരത്തു ജാതനായ പൊന്നുണ്ണി ക്രിസ്തുവിനെയത്രെ. നിന്റെ ചുംബനമുദ്രകൾ പതിഞ്ഞതു് അവിടുത്തെ അരുണാധരത്തിലാണു്. ലോകനീതിയുടെ കഠോരദംഷ്ട്രകളെ ഞെരിച്ചുകൊണ്ടു നീ ആലിംഗനം ചെയ്തതു് ദാരിദ്ര്യാംബികയേയല്ല പിന്നെയോ സ്വർഗ്ഗീയനാഥനെയത്രെ.

ധനവാന്മാരേ, നിങ്ങളുടെ കണ്ണുകൾ ഒന്നുയത്തിനോക്കുവിൻ. നിങ്ങളുടെ മുൻപിൽ കാണുന്ന ആ പ്രകാശക്കതിർ നിങ്ങൾക്കു മാർഗ്ഗദർശനം നൽകി അംബരത്തിൽ നിലകൊള്ളുന്ന ആ വെള്ളിനക്ഷത്രത്തിന്റേതാണു്. ദാരിദ്ര്യത്താൽ ഭയചകിതരാകുന്ന സാധു സഹോദരങ്ങളേ, പാവപ്പെട്ടവരുടെ ഈ "വെള്ളിവിളക്കി"ൽ നിന്നും ആശ്വാസത്തിന്റെ കൈത്തിരികൾ സ്വീകരിച്ചു് നിങ്ങളാനന്ദിക്കൂ!

# "ചെയ്ത സത്യം പാലിക്കുവാൻ"

(Nomis Kunnamthanam)

ദിവംഗമിച്ച നി. വ. ദി. ശ്രീ ജോസഫ് മാർ സെവേരിയോസ് മെത്രാപ്പോലീത്തായെ മറക്കുക മലങ്കരക്കു സാദ്ധ്യമല്ല. വഴിതെററി വനാന്തരങ്ങളിൽ അലയുന്ന ആടുകളെ തേടി ആ നിസ്വാർത്ഥസ്നേഹി, ആ ദീനദയാലു, ആ അജപാലൻ സഞ്ചരിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ഒരിടവകയിൽ പ്രസംഗിച്ചുകൊണ്ടിരിക്കേ സ്വന്തം ഒരനുഭവത്തെക്കുറിച്ചു് അദ്ദേഹം സംസാരിച്ചു. തിരുമേനി കത്തോലിക്കാസഭയിൽ ചേർന്നതിനു ശേഷം അദ്ദേഹത്തിന്റെ പിതൃസഹോദരൻ അദ്ദേഹത്തോടു് "തിരുമേനി, മെത്രാൻപട്ടമേററ സന്ദർഭത്തിൽ കാതോലിക്കാസും ശ്ലീഹാസ്സുമടുത്ത ഏക വിശുദ്ധസഭയിൽ വിശ്വസിക്കുന്നു എന്നു സത്യപ്രതിജ്ഞ ചെയ്തശേഷം, റോമ്മാ സഭയിൽ ചേന്നതു് വിശ്വാസവഞ്ചനയും കൃതഘ്നതയുമല്ലേ? എന്നു ചോദിച്ചതായും അതിനു അദ്ദേഹം മറുപടി നൽകിയതായും അവിടെ പ്രസ്താവിച്ചു. (ചോദ്യകാരൻ ഇന്നൊരു കത്തോലിക്കനാണു്) എന്റെ ഓർമ്മയിൽ നിന്നു് ആ മറുപടി സംക്ഷേപിക്കുന്നു:–

"യാക്കോബായ സഭയിൽ ആയിരുന്നിടത്തോളം കാലം ആ സഭയുടെ അഭ്യുന്നതിക്കായി ഞാൻ കഴിവതു ശ്രമിച്ചിട്ടുണ്ടെന്നു് നിങ്ങൾക്കെല്ലാമറിയാമല്ലോ. ജനിച്ചുവളന്ന യാക്കോബായ സഭ സത്യസഭയാണെന്നു് അന്നു എനിക്കു ബോദ്ധ്യമുണ്ടായിരുന്നു. കത്തോലിക്കാസഭയെക്കുറിച്ചു പഠിക്കുണ്ടായ ചില സാഹചര്യങ്ങൾ എന്നെ അഭിമുഖീകരിച്ചു അങ്ങനെ കത്തോലിക്കാസഭയെപ്പററി കൂടുതൽ പഠിക്കുന്തോറും അതിൽ വിശ്വാസവും ഉറപ്പും വർദ്ധിച്ചു ഒരാളിന്റെ വിശ്വാസത്തിനു്—അതു തെററായിരുന്നാലും, ശരിയായിരുന്നാലും—ക്ഷയമോ അക്ഷയമോ ഉണ്ടാകുവാൻ പാടില്ല എന്നു പറയുന്നതു ശരിയല്ല. ഒരു കാലത്തു തെററായ ഒരഭിപ്രായത്തിൽ ആയിരിക്കുകയും പിന്നീടു് അതു തെററാണെന്നു് ബോദ്ധ്യപ്പെടുകയും ചെയ്തപ്പോൾ ശരിയായതിനെ സ്വീകരിച്ച ജനപദങ്ങൾ ഉണ്ടായിരുന്നെന്നു ലോകചരിത്രം നമ്മെ പഠിപ്പിക്കുന്നു

"തെററു പററുക മനുഷ്യസഹജമാണെങ്കിലും തെററിൽതന്നെ ഉറച്ചു നില്ക്കുക ഭോഷത്വമാണു്" എന്നു മഹാനായ സിസറോ പറയുന്നു. സൂര്യൻ ഭൂമിയെ ചുററുന്നുവെന്നു് ആദികാലങ്ങളിൽ വിശ്വസിച്ചിരുന്നവരുണ്ടു്. ഇന്നത്തെ സ്ഥിതിയോ? അക്ഷരജ്ഞാനമില്ലാത്ത മൂഢരും ചിലരൊഴിച്ചു എല്ലാ ജനപദവും ഒന്നുപോലെ സ്വീകരിക്കുന്നതാണു് ഭൂമി സൂര്യനെ ചുററുന്നുവെന്ന വസ്തുത. ഭൂമിയെ സൂര്യൻ ചുററിക്കൊണ്ടിരുന്നുവെന്നു കരുതിയിരുന്ന പൗരാണികലോകത്തെ ഇന്നു് ആരെങ്കിലും പഴിക്കുമോ? തെററായ അഭിപ്രായത്തിൽനിന്നു ശരിയായവയിൽ വന്നു ചേന്നതിൽ അവർ അഭിനന്ദനാർഹരല്ലേ! പകർച്ചവ്യാധികൾക്കു കാരണം പിശാചുക്കളാണെന്നു സാമാന്യജനങ്ങൾ കരുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നത്തെ സ്ഥിതിയോ എത്ര വിഭിന്നം! മാംസചക്ഷുസ്സുകൾക്കു ദൃശ്യമാകാത്ത രോഗാണുക്കളാണു പകർച്ചവ്യാധികൾക്കു ഹേതുഭൂതങ്ങൾ എന്നു കരുതിപ്പോരുന്ന ആധുനികലോകത്തെ കുററപ്പെടുത്തുകയോ!

"വിശ്വാസികളുടെപിതാവായ അബ്രഹാം വിഗ്രഹാരാധനക്കാരനായിരുന്ന തന്റെ പിതാവിനേയും പഴയ വിശ്വാസത്തേയും ഉപേക്ഷിച്ചു ദൈവകല്പനയനുസരിച്ചു് പുതിയ ഒരു ജാതിയുടെ തലവനാകുവാനായി പുറപ്പെട്ടതു കൊടിയ വഞ്ചനയായിപ്പോയി എന്നു നിങ്ങൾ പറയാത്തതിൽ ഞാൻ അത്ഭുതപ്പെടുന്നു. തന്റെ ജനമായി ഇസ്രായേലിനെ വേർതിരിക്കുവാൻ വിഗ്രഹാരാധനയിൽനിന്നു് അബ്രഹാമിനെ വേർപെടുത്തിയ ദൈവത്തെ എന്തുകൊണ്ടു് അധിക്ഷേപിക്കുന്നില്ല! പിതാവായ തേറഹിനെ ഉപേക്ഷിക്കുവാൻ അബ്രഹാമിനെ പ്രേരിപ്പിച്ചതു് ദൈവംതന്നെയാണല്ലോ.

"മത്തോമ്മാശ്ലീഹായിൽനിന്നു ജ്ഞാനസ്നാനമേററ ഇൻഡ്യാക്കാർ ഹിന്ദുക്കളായിരുന്നില്ലേ? പഴയ വിശ്വാസത്തെ ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിച്ചു അവർ എത്രകണ്ടു് ആക്ഷേപാർഹരാണു് ഈ വിധത്തിൽ നോക്കിയാൽ? ഹിന്ദുക്കളായിരുന്ന നമ്മുടെ പിതാക്കന്മാരെ നാം അധിക്ഷേപിക്കുന്നില്ല പഴയനിലയിൽ നിന്നാൽ മതിയായിരുന്നുവെന്നു് ക്രിസ്ത്യാനികളായവർ ആരും പറയുന്നുമില്ല. ഏതു വിശ്വാസത്തിൽ ആയിരുന്നാലും അതിൽ തന്നെ ഉറച്ചു നില്ക്കുകയാണു് പുരുഷത്വമെങ്കിൽ ഇൻഡ്യയുടെ മാനസാന്തരത്തിനായി നാം എന്തിനു ബദ്ധപ്പെടുന്നു? പാവം ഹിന്ദുക്കൾ! അവർ ഹിന്ദുക്കളായിതന്നെ ജീവിച്ചുകൊള്ളട്ടെ!

"തർസോസുകാരൻ സാവൂൾ, യഹൂദമതത്തിൽ ഉറച്ചു വിശ്വാസമുണ്ടായിരുന്ന ആ പ്രേഷിതൻ ക്രിസ്ത്യാനികളെ നശിപ്പിക്കുവാനായി ദമാസ്കോസിലേക്കു സവാരി ചെയ്യവേ, തനിക്കു വേണ്ടി ക്രിസ്തു അയാളെ വേർതിരിച്ചു യഹൂദമതത്തിൽ ദൃഢവിശ്വാസമുണ്ടായിരുന്ന സാവൂൾ ക്രിസ്ത്യാനിയായതിൽ, അല്ല പുറജാതിക്കാരുടെ പ്രേഷിതനായതിൽ ആക്ഷേപാർഹനെന്തോ? നിങ്ങളുടെ തോതനുസരിച്ചു നോക്കിയാൽ ക്രിസ്ത്യാനിയായി എന്ന കാരണത്താൽ അദ്ദേഹത്തെ വെറുതെ വിടുവാൻ ന്യായമില്ല. യഹൂദനായിരിക്കെ ക്രിസ്തുവിനെ പീഡിപ്പിച്ചിരുന്നതിലും കൂടുതൽ എതിരോടെ ക്രിസ്ത്യാനിയായ ശേഷം അദ്ദേഹം ക്രിസ്തുവിനു വേണ്ടി അദ്ധ്വാനിച്ചിരുന്നു എന്നതിലാണു് അവിടുന്നു ശ്ലാഘനീയനായിരിക്കുന്നതു്. എത്ര വൈരാഗ്യബുദ്ധിയോടുകൂടി ഞാൻ കത്തോലിക്കാസഭക്കു് എതിരായി പ്രവത്തിച്ചിട്ടുണ്ടോ അത്രയുമെങ്കിലും ഇപ്പോൾ സഭക്കു വേണ്ടി പ്രവത്തിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!

"എന്റെ കുടുംബക്കാർ കുറെക്കാലമായി യാക്കോബായക്കാരായിരുന്നതുകൊണ്ടു ഞാനും അതിൽ ആയിരിക്കണമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. കത്തോലിക്കസഭയിൽ ചേന്നതു നിമിത്തം എന്റെ പിതാക്കന്മാരുടെ വിശ്വാസത്തെ ഉപേക്ഷിക്കുകയല്ല മറിച്ചു അവരുടെ വിശ്വാസത്തെ–കൂനൻകുരിശിനുമുമ്പുണ്ടായിരുന്ന പഴയ വിശ്വാസത്തെ–ഞാൻ വീണ്ടും സ്വീകരിക്കുകയാണു് ചെയ്തതു്. അതു വഞ്ചനയല്ല, നേർവഴി മാത്രമായിരുന്നു. കുറ്റം കൈയല്ല കരണീയമായിരുന്നു. പിതാക്കന്മാർ എന്തെങ്കിലും തെററു ചെയ്താൽ അതിനെ ആദരിച്ചുററപ്പിക്കാതെ തിരുത്തുക പിൻതലമുറയുടെ കർത്തവ്യമാണു്. അങ്ങനെ ചെയ്യുന്നവരെ അഭിനന്ദിക്കുന്നതിനുപകരം അവഹേളിക്കുക മാനുഷികമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

"കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ വിശ്വസിക്കുന്നു" എന്നാണു് ഞാൻ സത്യം ചെയ്തതു്. എന്റെ അന്വേഷണത്തിൽ, യാക്കോബായസഭക്കു് ഈ നാലു ലക്ഷണങ്ങളും ഇല്ലെന്നുമനസ്സിലായി. അന്ത്യോക്യയിലും കേരളത്തിന്റെ ചില ഭാഗങ്ങളിലും മാത്രമുള്ളതും രണ്ടു വിഭാഗത്തിലുമായി അഞ്ചര ലക്ഷത്തോളം ജനസംഖ്യയുള്ളതും ഒരേ ഒരു ഭാഷ മാത്രം ആരാധനാഭാഷയായി ഉള്ളതുമായ ഒരു ശീശ്മസഭ എങ്ങനെ കാതോലികമായിരിക്കും! ഏതു ഭൂവിഭാഗം പരിശോധിച്ചാലും കത്തോലിക്കാസഭയില്ലാത്ത ഒരു സ്ഥലം കാണുവാൻ സാദ്ധ്യമല്ല. പത്തിരുപതു് ആരാധനാഭാഷകൾ ഉപയോഗിക്കുന്ന നാല്പതു കോടിയിലധികം വരുന്ന കത്തോലിക്കാസഭയല്ലാതെ കാതോലികസഭ ഇനി ഉണ്ടോ? യാക്കോബായസഭ ശ്ലൈഹികമല്ല, അഥവാ അപ്പസ്തോലിക പിൻതുടർച്ച അതിനില്ല എന്നു കാലം ചെയ്ത വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി സമ്മതിച്ചു പറഞ്ഞിരുന്നതു് ഇവിടെ ഉദ്ധരിക്കാം. 1093 മിഥുനം 20-മുതൽ 1094 തുലാം 13-വരെ തിരുവനന്തപുരം ജില്ലാക്കോർട്ടിൽവച്ചു നടന്ന കേസുവിസ്താരത്തിൽ സ്പെഷ്യൽ ജഡ്ജി ജി. ശങ്കരപ്പിള്ളയുടെ ഒരു ചോദ്യത്തിനു തിരുമനി ഇങ്ങനെ ഉത്തരിച്ചു "ശ്ലീഹന്മാരുടെ കാലത്തു യാക്കോബായ സൂറിയാനിസഭ എന്നൊരു വേർതിരിവു് ഉണ്ടായിരുന്നില്ല." യാക്കോബായ സഭ ശ്ലീഹന്മാരുടെ കാലം മുതലില്ലെന്നു സമ്മതിച്ചശേഷം അദ്ദേഹം പറയുന്നു, "റോമൻകത്തോലിക്കക്കു് അപ്പസ്തോലിക പിൻതുടർച്ചയുണ്ടെന്നു യാക്കോബായക്കാർ വിശ്വസിക്കുന്നു" എന്നു്. (വട്ടിപ്പണക്കേസ്, മലയാളമനോരമപ്രസ് കോട്ടയം 1917, P. 1068)

"യാക്കോബായ സഭ വിശ്വാസത്തിൽ ഏകമല്ല. പത്രോസിന്റെ പരമാധികാരം ഒരു കൂട്ടർ സ്വീകരിക്കുമ്പോൾ മറെറാരുകൂട്ടർ അതിനെ നിഷേധിക്കുന്നു. ഭടക്കേററാൽ പട്ടത്വം മാഞ്ഞു പോകുമെന്നു് ചിലർ വാദിക്കുമ്പോൾ ഇല്ല, മായുകയില്ലെന്നു വേറെ ചിലർ വാദിക്കുന്നു. ഇനിയും പ്രോട്ടസ്റ്റൻറു് അനുഭാവികളായ ചില യാക്കോബായക്കാർ പരേതർക്കു വേണ്ടിയുള്ള പ്രാത്ഥനയേയും മദ്ധ്യസ്ഥപ്രാത്ഥനയേയും എതിർക്കുന്നു. അധികാരത്തിലും ഏകത്വം യാക്കോബായ സഭക്കില്ല. യാക്കോബായസഭയുടെ പരമാധികാരി അന്ത്യോഖ്യ (മർദ്ദീൻ) പാത്രിയർക്കീസാണെന്നും, അല്ല, മലങ്കര ഓർത്തഡോക്സു സഭക്കു കാതോലിക്കാബാവാ അല്ലാതെ വേറൊരു അധികാരിയില്ലെന്നും വാദിക്കുന്നവരുണ്ടു്. ഇങ്ങനെ പോകുന്നു അധികാരാവകാശങ്ങൾ.

"സഭയുടെ നാലാമത്തെ ലക്ഷണമായ വിശുദ്ധി യാക്കോബായ

## ഉപകാരസ്മരണ


Sr. Alphonsa, F.C.

താമസിച്ചതിനു ക്ഷമാപണം.
മിസ്സിസ് മറിയാമ്മ മത്തായി
ഉരുമ്പത്തു, ആലുവാ.


**കമലവിലാസ് വാസനസാമാനപെട്ടി!**




ഇതിൽ ദിനംപ്രതി ഉപയോഗത്തിനാവശ്യമായ: 1. വാസനചാന്തു് 1 കുപ്പി 4ണ. 2. കമലവിലാസ് കണ്ണെഴുത്തുമഷി 1 പെട്ടി 6 ണ. 3. ടോയ്‌ലററു് പൌഡർ 1 ടിൻ (ചെറിയതു്) 5 ണ. 4. നമസ്റ്റേ നഖപാളീഷ് 1 കുപ്പി 10 ണ. 5. കമലാസെൻറു 1 കുപ്പി 8ണ. 6. കുസുമവിലാസം പരിമള കുന്തൽതൈലം ഉണ്ടാക്കുവാനുള്ളതു് 1 കുപ്പി ക. 2. വില. ഈ 6 സാമാനങ്ങളുള്ള നമ്പ്ര് 1 വാസനസാമാനപെട്ടി 1നു് 4ക. അയപ്പാൻ ചിലവു് ക. 1 പുറമേ. ഒരേസമയം രണ്ടു പെട്ടി അയക്കുന്നതിനു് ചിലവു് ക. 1-8-0 മതിയാകും. വിലയും അയപ്പാനുള്ള ചിലവും ചേത്തു മണിയാർഡറായി അയച്ചുതന്നാൽ തപാൽവഴി റജിസ്റ്റർ പാർസലായി അയച്ചുകൊടുക്കുന്നതാകുന്നു.

P. A. Aiyar, Kamalavilas Perfumery Works, Trichur, (S. I.)

ആഖ്യായിക

# ബറാബാസ്



അദ്ധ്യായം 5 (തുടർച്ച)

## "ന്യായപ്രമാണം നശിപ്പിക്കുവാൻ ഞാൻ വന്നുവെന്നു ചിന്തിക്കരുതു്"

(വി. സി. ജോർജ്ജ് ബി. എ. എൽ.റ്റി.)

കർക്കശമായ ഭീതിയോടുകൂടി യൂദാസിന്റെ ദൃഷ്ടി ഗുരുവിന്റെ നയനങ്ങളെ തേടി, പക്ഷെ കണ്ടില്ല. യൂദാസിന്റെ വികാരപ്രാദുർഭാവത്തെത്തുടർന്നുണ്ടായ നിശ്ശബ്ദതയിൽ ഒരു കല്ല് ശാലയുടെ വാതിലുമായി ഏറ്റുമുട്ടിയ "ഠോ" ശബ്ദം എല്ലാവരും കേട്ടു. ശിമയോൻ മുമ്പിലായി ശിഷ്യന്മാർ ചാടി എണീറ്റു വാതലിനെ സമീപിച്ചു. എന്നാൽ ഗുരുവിനോടൊപ്പം സ്വസ്ഥാനത്തുനിന്നിളകാതിരുന്ന ലാസറസ് മന്ദസ്വരത്തിൽ പറഞ്ഞു: "അതിനു കാര്യമില്ല. പുറത്തുള്ളവർ അക്രമത്തിനു മുതിരുകയാണെങ്കിൽ ഭൃത്യസംഘം സായുധരായി തയ്യാറായിട്ടുണ്ട്."

സംശയിച്ചുകൊണ്ടു ശിഷ്യന്മാർ വാതുക്കൽതന്നെ നിന്നു. പുറത്താകട്ടെ ശബ്ദകോലാഹലങ്ങളും ആക്ഷേപവാദവും അധികരിച്ചു. വീണ്ടും ഒരു കല്ലിന്റെ പ്രഹരം "ഠോ"വിൽ കലാശിച്ചു.

നസ്രായൻ ഈശോ എണീറ്റു: "ഈ ഭവനത്തിന്റേയും ഈ രജനിയുടേയും പ്രശാന്തിക്ക് ഹാനിവരുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഇവിടെ രക്തം ചൊരിയുന്നതും എനിക്കിഷ്ടമല്ല." ഇപ്രകാരം പറഞ്ഞിട്ട് തന്റെ മിത്രങ്ങൾക്കിടയിൽക്കൂടി ഈശോ വാതുക്കലേക്കു നടന്നു് സാക്ഷാ പിമ്പിലേക്കു തള്ളി പുറത്തേക്കിറങ്ങി.

ഭവനത്തിനു മുമ്പിലുള്ള സ്ഥലം പകൽ എന്നപോലെ പ്രകാശത്തിൽ കഴിഞ്ഞു. തങ്ങൾ ആടിനെ മൊരിക്കുന്നതിനുപയോഗിച്ച അഗ്നികുണ്ഡങ്ങളിലെ കൊള്ളികൾ ബറാബാസിന്റെ അനുയായികളിളക്കിയതിനാൽ പവനൻ ആളിക്കത്തുന്നുണ്ടായിരുന്നു. ഇതിന്റെ പ്രകാശം വെള്ളിവാറുകൾ ഇടയിട്ടു നിരത്തിയതുപോലെ അങ്കണം അലങ്കരിച്ചു. ചന്ദ്രപ്രഭ ഇടകളെ ധവളീകരിക്കുകയും ചെയ്തു. ഭവനദ്വാരത്തിങ്കൽനിന്നു് ഇരുപതുപദം അകലെ ബറാബാസിന്റെ അനുയായികൾ നില്ക്കുന്നുണ്ടായിരുന്നു. ചിലർ വാളൂരിപിടിക്കുകയും ചിലർ ഗദകൾ ഓങ്ങിനോക്കുകയും, ചിലർ വിരലുകൾ വിടർത്തി കൈയിൽ കല്ലുകൾ ശേഖരിക്കുകയും ചെയ്തു. ബറാബാസ് ആ കൂട്ടത്തിൽ പെട്ടില്ല. അയാൾ അടുപ്പിനടുത്തിരുന്നു് ജ്വാലാഗ്നി നൃത്തംചെയ്യുന്നതു് ഉററുനോക്കുന്നതുപോലെ കാണപ്പെട്ടു. നിലനിരപ്പിൽനിന്നു് ഏതാനും അടി ഉയരത്തിലായിരുന്നു വാതിൽ. കല്പടകൾക്കു മുകളിൽ കവാടത്തിങ്കൽ ഈശോ പ്രത്യക്ഷനായപ്പോൾ അവിടുന്നു ഇന്ദുവിന്റെ മന്ദഹാസത്തിൽ പ്രശോഭിതനായി ഈശോയിൽനിന്നു് വീണ്ടും പ്രകാശപ്പൊലിമ ചുററും പ്രസരിച്ചു. കല്പടകൾ ഇറങ്ങി താഴെയെത്തി അവിടുന്നു് കരങ്ങളുയർത്തി, പ്രസൂനങ്ങൾ വിരിച്ചു്, ബറാബാസിന്റെ ആൾക്കാരെ സസൂക്ഷ്മം വീക്ഷിച്ചു നിലകൊണ്ടു.

ഈശോ ശാലയിൽനിന്നു് നിർഗ്ഗമിച്ച ക്ഷണത്തിൽ ബറാബാസിന്റെ ആൾക്കാർ നിശ്ശബ്ദതയിലാണ്ടു. കൈയിൽ കല്ലുകളുണ്ടായിരുന്നവർ അവ തറയിലിടുകയും ഗദ പൊക്കിപ്പിടിച്ചവർ അവ താഴ്ത്തുകയും മററുള്ളവർ ഊരിയവാൾ ഉറയിലാക്കുകയും ചെയ്തതു് കൂടുതൽ വിസ്മയാർഹമായി. ഏതാനും നിമിഷത്തേക്കു് അവിടെങ്ങും ശ്മശാനമൂകത കുടികൊണ്ടു. അനന്തരം ബറാബാസിന്റെ കൂട്ടർ താനെ പിമ്പിലേക്കു വലിഞ്ഞു്, കളപ്പുരകളുടെ മറയിൽ ഒളിഞ്ഞു. ബറാബാസാകട്ടെ അടുപ്പിനരികെതന്നെ കാണപ്പെട്ടു. കരതലങ്ങൾകൊണ്ടു് മുഖം പൊത്തി വേദനാജനകമായി അന്ധീകരിക്കുമായിരുന്ന പ്രഭാപൂരത്തിൽനിന്നു് നയനങ്ങളെ രക്ഷിക്കുന്ന കൃത്യത്തിൽ അയാൾ വ്യാപൃതനായി.

ഈശോ ഒരക്ഷരംപോലും ശബ്ദിച്ചില്ല. ആക്രമണത്തിൽനിന്നു ഗുരുവിനെ സംരക്ഷിക്കുവാൻ സന്നദ്ധരായി അടുത്തുകൂടിയ ശിഷ്യന്മാർ പിറകിൽ വാതലിനടുത്തു നിന്നിരുന്നു. രക്ഷികൾക്കാവശ്യമില്ലെന്നും ബറാബാസിന്റെ സാഹസികസംഘം ഏതോ വമ്പിച്ച ശക്തിയാൽ ഓടിക്കപ്പെട്ടതുപോലെ പിന്മാറിയെന്നും അവർ കണ്ടു. ഈ കൂട്ടരുടെമേൽ ഗുരുവിനുണ്ടായ ശക്തി ശിഷ്യരെ വിസ്മയഭരിതരാക്കിയെന്നു പറഞ്ഞുകൂടാ. ഒരു നോക്കുകൊണ്ടോ ഒരാംഗ്യംമൂലമോ ഈ കൊള്ളക്കാരെ പിന്തിരിക്കുക ലാസറസിനെ ഉയിർപ്പിച്ചതിനോടൊ അന്ധർക്കും മുടന്തർക്കും കുഷ്ഠരോഗികൾക്കും സ്വാസ്ഥ്യം നൽകിയതിനോടൊ തട്ടിച്ചുനോക്കിയാൽ വളരെ ലഘുവായ ഒരത്ഭുതംമാത്രമേ ആയിരുന്നുള്ളു. ആ കൂട്ടർ കാണാമറയിൽ എത്തിക്കഴിഞ്ഞപ്പോൾ ഈശോ തിരിഞ്ഞു കല്പടകൾ കയറി ശാലയിൽ വീണ്ടും പ്രവേശിച്ചു. ഈശോ കടന്നുപോകുകയിൽ യൂദാസ്കറിയോത്തിന്റെ കണ്ണുകൾ തിളങ്ങി. അയാൾ അരിമത്ത്യൻ ജോസഫിനോടായിട്ടു മന്ത്രിച്ചു: "ഗുരുവിനിഷ്ടമെങ്കിൽ അവിടുത്തെ ഇച്ഛാശക്തികൊണ്ടുമാത്രം റോമന്മാരെ സമുദ്രത്തിലേക്കോടിക്കുവാൻ സാധിക്കും."

ജോസഫ് ഉത്തരമായൊന്നും പറഞ്ഞില്ല. നടന്ന അത്ഭുതം സംബന്ധിച്ചു ശിഷ്യന്മാരെക്കാളധികം അദ്ദേഹം ചിന്തിക്കുകയും വിസ്മയിക്കുകയും ചെയ്തു. അത്തരം കാഴ്ച ജോസഫിനു സുപരിചിതമായിരുന്നില്ലല്ലോ.

ഭിത്തിക്കടുപ്പിച്ചിട്ടിരുന്ന ഒരു ബഞ്ചിന്മേൽ ഈശോ ഇരുന്നു. ലാസറസും ജോസഫും ശിഷ്യന്മാരും ചുററും കൂടി. മഗ്ദലാമറിയം ശാലയിൽ പ്രവേശിച്ചു് ഗുരുവിന്റെ പാദാന്തികെ ഒരു പാദപീഠത്തിന്മേലിരിപ്പുറപ്പിച്ചു. പാകശാലയിലേക്കുള്ള ദ്വാരവീഥിയിൽ മർത്താ നില്ക്കുന്നുണ്ടായിരുന്നു. എല്ലാവരും ഈശോയുടെ സംഭാഷണം ശ്രവിക്കുവാൻ ഉൽക്കണ്ഠരായി വർത്തിച്ചു. വളരെനേരത്തേക്കു അവിടുന്നു മൗനംദീക്ഷിച്ചു. അദ്ദേഹം അന്തർവീക്ഷണത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. ശിരസ്സു മുമ്പോട്ടു ചാഞ്ഞു് കരങ്ങൾ അങ്കിയുടെ വെള്ളത്തുണിമേൽ നിശ്ചലമായി കിടന്നു. അനന്തരം അവിടുന്നു മൃദുസ്വനത്തിൽ സംസാരിച്ചു: "അരിവാൾ ആകുന്നതിനല്ല ധാന്യമാകുന്നതിനുവേണ്ടി അയക്കപ്പെട്ടിരിക്കുന്നതിനാൽ നിങ്ങൾ മനുഷ്യപുത്രനോടു തുല്യരാകുന്ന ഒരു ദിവസം വരും, അതു് വിദൂരമല്ലതാനും."

ശ്രോതാക്കൾക്കു് ഇതിന്റെ സാരം മനസ്സിലായില്ല. പിറേറന്നു പ്രഭാതത്തിനു മുമ്പായി ബറാബാസും കൂട്ടരും സ്ഥലം വിട്ടിരുന്നു. (തുടരും)

—o—


### മെഡിക്കൽ സിസ്റ്റേഴ്സ്

അർത്ഥിനികളെ ക്ഷണിക്കുന്നു

സന്യാസജീവിതം നയിച്ചു ആതുരശുശ്രൂഷ ചെയ്യാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ, ഇൻറർ, ബി. എസ്സ്സി. മുതലായ ഏതെങ്കിലും പരീക്ഷായോഗ്യതയുള്ള യുവതികളെ ആവശ്യമുണ്ടു്. കൂടുതൽ വിവരങ്ങൾക്കു എഴുതുക:

ധർമ്മഗിരി,
കോതമംഗലം

സിസ്റ്റർ സുപ്പീരിയർ


## പൂർവ്വജർമ്മനിയിലെ ദുഃഖവെള്ളിയാഴ്ച

പൂർവ്വജർമ്മനിയിലെ കമ്മ്യൂണിസ്റ്റധികാരികൾ ഇക്കൊല്ലത്തെ ദുഃഖവെള്ളിയാഴ്ച ഒരു സാധാരണ ജോലിദിനമായി പ്രഖ്യാപിച്ചു. ക്രിസ്തുമതവിശ്വാസികളെ ദേവാലയകർമ്മങ്ങളിൽ സംബന്ധിപ്പിക്കരുതെന്നായിരുന്നു ഇതിന്റെ ഉദ്ദേശ്യം. സാക്സണിയിൽ വീസ്സൻ എന്ന സ്ഥലത്തു കമ്മ്യൂണിസ്റ്റ് യുവാക്കന്മാരുടെ അഭിമുഖ്യത്തിൽ ഒരു പൊതുയോഗം സജ്ജീകരിച്ചിരുന്നു. യുവാക്കന്മാരെയെല്ലാം ആകർഷിക്കത്തക്ക നൃത്തങ്ങളും സല്ക്കാരങ്ങളും അതിന്റെ പരിപാടികളിൽ കൊള്ളിച്ചിരുന്നു. സോവ്യററഷ്യയിൽനിന്നും ചെക്കോസ്ലോവാക്കിയായിൽനിന്നും യുവസംഘടനകളുടെ പ്രതിനിധികൾ അതിൽ സംബന്ധിച്ചു ദുഃഖവെള്ളിയാഴ്ച പരിപാടികൾ വെടിക്കെട്ടോടുകൂടിയാണു് അവസാനിപ്പിച്ചതു്. മതസ്വാതന്ത്ര്യത്തെ നശിപ്പിക്കുവാനുള്ള കമ്മ്യൂണിസ്റ്റുകളുടെ സാഹസികയത്നങ്ങളുടെ ഒരു സാമ്പിളാണു് ഈ സംഭവം.

## പുസ്തകാഭിപ്രായം

(1) ജഗദീശനമസ്കാരം
(2) ക്രിസ്തീയ കുടുംബങ്ങളിൽ

(കൈത്തിരികൾ നമ്പ: 1, 3. അസ്സീസിപ്രസ്, കൊല്ലം)

രണ്ടു കൊച്ചു പുസ്തകങ്ങൾ. 42-ം, 35-ം, പേജുകൾ. പോക്കററു് സൈസ്. ഇക്കാര്യം എടുത്തുപറയാൻ കാരണമുണ്ടു്. പോക്കററിൽ ഇട്ടുകൊണ്ടു നടക്കേണ്ടവയാണു് അവ. "ജഗദീശനമസ്കാരം" വ്യക്തിയെ ഉന്നംവെച്ചുള്ളതാണെങ്കിൽ "ക്രിസ്തീയകുടുംബങ്ങളിൽ" സമൂഹത്തെ ഉന്നംവെച്ചുള്ളതാണു്. ആദ്യത്തേതു് വ്യക്തിയുടെ ആദ്ധ്യാത്മികജീവിതത്തെ അരക്കിട്ടുറപ്പിക്കുവാനും ആളിക്കത്തിക്കുവാനും സഹായിക്കും. ഏതൊരു സംസ്കാരത്തിന്റേയും ആണിക്കല്ലായ ഈശ്വരവിശ്വാസത്തെ കൂടുതൽ ഉദ്ദീപിപ്പിക്കുവാൻ പര്യാപ്തമായവിധം അനുദിനജീവിതത്തിന്റെ പരിപാടികളെ അടുക്കിയൊതുക്കേണ്ടതു് എങ്ങനെയെന്നു് ഏററം പ്രായോഗികമായി അതു പഠിപ്പിക്കുന്നു. ജാതിമതഭേദമെന്യേ ഏവർക്കും ഉപകരിക്കുന്ന ഒരു കൊച്ചുപുസ്തകമാണിതു്.

കേരളത്തിലെ ക്രൈസ്തവകുടുംബങ്ങളിൽ നിലവിലിരിക്കുന്ന നല്ലനല്ല പതിവുകളെ സമാഹരിച്ചിരിക്കുകയാണു് "ക്രിസ്തീയ കുടുംബങ്ങളിൽ". ഭാഷാപരമായി വലിയ മെച്ചം പറയുവാനില്ലെങ്കിലും ഭക്തിപരമായി അതിനുള്ള മെച്ചം സ്തുത്യർഹംതന്നെയാണു്. പ്രസ്തുതപതിവുകളിൽ ചിലതെങ്കിലും പകർത്തുവാൻ നമ്മുടെ ക്രിസ്തീയകുടുംബങ്ങൾ പരി





* സ്വർണ്ണം
* വെള്ളി
* തങ്കം
* പവൻ
* സ്വർണ്ണാഭരണങ്ങൾ

മുതലായവയ്ക്കു്

സി. കെ. പോൾ & കമ്പനി

ആഭരണവ്യാപാരം,
എറണാകുളം, ഫോൺ 536



ഒരെണ്ണയും പിടിക്കാത്തവർക്കും നീരിറക്കത്തിനും

### അമൃതതൈലം

നീരിറക്കം, ഏങ്ങൽ, താരൻ, മൊരിച്ചുണങ്ങു്, പുഴുക്കടി, കരിമങ്ങം, ചൊറി, ദേഹത്തിൽ ആണി, പല്ലുവേദന, തലവേദന, മുടികൊഴിച്ചിൽ, കരുവാളിപ്പ്, ചുട്ടുപുകച്ചിൽ, കാൽവരവിള്ളൽ, കാലിൽ ആണി മുതലായവയ്ക്കു് ഞങ്ങളുടെ അമൃതതൈലം തലയിലും ദേഹത്തിലും ഉപയോഗിക്കുക. ഈ തൈലത്തിന്റെ നിത്യോപയോഗം ത്വക്ക്‌രോഗങ്ങളുടെ പകർച്ചയിൽനിന്നു സംരക്ഷിച്ചു ദേഹത്തിനു മിനുസവും പ്രകാശവും ഉണ്ടാക്കിത്തീർക്കുന്നു.

N. B. എല്ലാ തിങ്കളാഴ്ചയും ആലപ്പുഴ ബ്രാഞ്ചിലും, ചൊവ്വ, വെള്ളി ചാലക്കുടി ബ്രാഞ്ചിലും, ബുധൻ, ശനി ഇരിങ്ങാലക്കുട ബ്രാഞ്ചിലും 2മണിമുതൽ 6മണിവരെ കെ. കെ. പാവുണ്ണി വൈദ്യർ ഉണ്ടായിരിക്കുന്നതാണു്. കൂടുതൽ വിവരങ്ങൾക്കു:-

കെ. കെ. പാവുണ്ണി വൈദ്യൻ

കാളൻ ആയുർവ്വേദ ഔഷധശാല, നെല്ലായി

# വിവിധവൃത്താന്തങ്ങൾ

### സാർവ്വദേശീയ ദിവ്യകാരുണ്യ കോൺഗ്രസ്

അമേരിക്കയിൽ ബ്രസ്സീൽരാജ്യത്തുള്ള റിയോഡിജനേയ്റോ എന്ന സ്ഥലത്തുവച്ച് അടുത്ത ജൂലൈമാസത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന 36-ാമത്തെ സാർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസിനുള്ള ഒരുക്കങ്ങൾ ധൃതഗതിയിൽ പൂർത്തിയായിവരുന്നു. 10 ലക്ഷം തീർത്ഥകരാണ് പ്രതീക്ഷിക്കപ്പെടുന്നത്. 20 കർദ്ദിനാളന്മാർ പരിപാടികളിൽ സംബന്ധിക്കുമെന്നറിയുന്നു. അർജൻറയിനിൽ ബ്യൂനോസ് അയേഴ്സ് എന്ന സ്ഥലത്തുവച്ച 1934-ൽ സമ്മേളിച്ചതായ ഒരു ദിവ്യകാരുണ്യകോൺഗ്രസുമാത്രമേ ലാററിൻഅമേരിക്കയിൽ ഇതുവരെ നടന്നിട്ടുള്ളു. ബ്രസ്സീൽ സന്ദർശിക്കുന്ന ഏതൊരു തീർത്ഥകനേയും പ്രഥമത ആകർഷിക്കുന്ന കാഴ്ച ബ്രസ്സീൽരാജ്യത്തിൻെറ സ്വാതന്ത്ര്യസമ്പാദനത്തെ ശാശ്വതീകരിക്കുന്നതിനു കൊർക്കൊവാഡോ മലയുടെ മുകളിൽ രണ്ടായിരം അടി ഉയരത്തിൽ സ്ഥാപിച്ചിട്ടുള്ളതും ഇരുകരങ്ങളും സ്വർഗ്ഗത്തിലേക്കുയർത്തിപ്പിടിച്ചു കൊണ്ടുനില്ക്കുന്നതുമായ ദിവ്യരക്ഷകൻെറ മനോഹരമായ പ്രതിമയായിരിക്കും.

### ദക്ഷിണ റൊഡേഷ്യയിലെ ഹയരാർക്കി സ്ഥാപനം

ആഫ്റിക്കായിൽ ദക്ഷിണ റൊഡേഷ്യൻ ഹയരാക്കിസ്ഥാപനമഹാമഹം അപ്പസ്തോലിക്ക് ഡലഗേററ് മോസ്റ്റ് റവ. ഡോ. ഡാമിയാനോ തിരുമനസ്സിലെ പ്രധാന കാർമ്മീകത്വത്തിൽ സാലിസ്ബറി എന്ന സ്ഥലത്തുള്ള സെൻറ് ജോർജ്സ് കോളേജ് അങ്കണത്തിൽ സജ്ജീകരിച്ചിരുന്ന മനോഹരമായ പന്തലിൽവച്ചു നിർവ്വഹിച്ചിരിക്കുന്നു. സാലിസ്ബറിയുടെ പ്രഥമ മെത്രാപ്പോലീത്തായായി നിയമിതനായിരിക്കുന്നത് മോൺ. ചിച്ചെസ്റ്റർ തിരുമേനിയാണ്. 1878-ൽ സംബെസിമിഷ്യൻെറ പ്രഥമ സുപ്പീരിയറായി നിയമിക്കപ്പെട്ട ഫാദർ ഡെപ്പെൽചിൻ അവർകൾക്കു 13-ാം ലെയോ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ആശീർവ്വദിച്ചു കൊടുത്ത തിരുഹൃദയപതാക അൾത്താരയുടെ സമീപം പാറിക്കളിച്ചിരുന്നു. അൾത്താരക്കു ചുററുമായി മാർപ്പാപ്പായുടെ പ്രതിനിധിയും, മെത്രാപ്പോലീത്താ തിരുമേനിയും, മററു മെത്രാപ്പോലീത്താമാരും, ഹയരാക്കിയിൽപ്പെട്ട മെത്രാന്മാരും, ആഫ്റിക്കാക്കാരും വിദേശീയരുമായ വൈദികരും കന്യാസ്ത്രീകളും അണിനിരന്നിരുന്നു. അൾത്താരയുടെ മുൻഭാഗത്തുള്ള പ്രത്യേകസ്ഥലത്തു റൊഡേഷ്യാ-നിസലാൻറ് ഫെഡറേഷൻെറ ഗവർണ്ണർജനറൽ ലോർഡ് ലെവലിൻ രാജ്ഞിയുടെ പ്രതിനിധിയായി പരിവാരസമേതം ആസനസ്ഥനായി. ഉന്നതസ്ഥാനികളായ ഒട്ടുവളരെ രാഷ്ട്രപ്രതിനിധികളും ഏഴായിരത്തിൽ പരം വിവിധ ജാതിമതസ്ഥരായ ഒരു ജനവ്യൂഹവും പരിപാടികളിൽ പങ്കെടുത്തു. പരിശുദ്ധ മാർപ്പാപ്പാ "അതിവിസ്തൃതവും അഭിവൃദ്ധ്യുന്മുഖവുമായ ആഫ്റിക്കൻ വൻകരയിലെ അരുമസന്താനങ്ങളായ കത്തോലിക്കാജനവ്യൂഹത്തെ" അഭിസംബോധനചെയ്തുകൊണ്ടു് തദവസരത്തിൽ ഒരു അനുമോദനസന്ദേശം പ്രക്ഷേപണംചെയ്തു. 75 കൊല്ലംമുമ്പു ഗ്രഹാംസ്ടൗണിൽനിന്നു വടക്കോട്ടു് സംബേസിയിലേക്കു ക്ലേശകരവും മന്ദഗാമിയുമായ കാളവണ്ടിയാത്രചെയ്ത ധീരോദാത്തരായ 11 ആദ്യപ്രേഷിതരെ അവിടുന്നു അനുസ്മരിക്കുകയുണ്ടായി.

### ഗ്ലൗസെസ്റ്റർ പ്രഭു മാർപ്പാപ്പായെ സന്ദർശിച്ചു

ഇംഗ്ലണ്ടിലെ ഗ്ലൗസെസ്റ്റർപ്രഭു ഈയിടെ പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിക്കുകയും മാർപ്പാപ്പാ ഡ്യൂക്കിനു് ഒരു രഹസ്യസന്ദർശനം അനുവദിക്കുകയുംചെയ്തു. യുദ്ധത്തിൽ മൃതിപ്പെട്ടവരുടെ കബറിടങ്ങളെ സന്ദർശിച്ച് ആദരം പ്രകടിപ്പിക്കുന്ന ഒരു പര്യടനത്തിനിടയിലാണ് പ്രഭു ഫീൽഡ് മാർഷൽ അലക്സാണ്ടർ പ്രഭുവുമൊന്നിച്ചു വത്തിക്കാനിൽ വന്നതു്. മാർഷലിനും പരിശുദ്ധ പിതാവു സന്ദർശനമനുവദിച്ചു. ഡ്യൂക്കിൻെറ സന്ദർശനം 15 മിനിട്ടു നീണ്ടുനിന്നു. എലിസബത്തുരാജ്ഞി രാജകുമാരിയായിരുന്നപ്പോൾ എഡിൻബർഗ്ഗ് പ്രഭുവുമൊന്നിച്ചു പരിശുദ്ധ പിതാവിനെ സന്ദർശിച്ചിട്ടുള്ളതാണു്. അന്നു മാർഗ്ഗററു് രാജകുമാരിയും ഉണ്ടായിരുന്നു സന്ദർശനത്തിനു്.


### ഇററലിയിൽ പുതിയ പ്രസിഡൻറ് സ്ഥാനമേൽക്കുന്നു

ഇററലിയുടെ പുതിയ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സിഞ്ഞോർ ഗ്രോഞ്ചി തൽസ്ഥാനം കൈയേററിരിക്കുന്നു. അദ്ദേഹത്തെ അനുമോദിച്ചുകൊണ്ടു് ഇററാലിയൻ ക്രിസ്ത്യൻ ഡെമോക്രാററിക് പാർട്ടിലീഡർ സിഞ്ഞോർ ഫർഫാനി പ്രസംഗിച്ചു. മറുപടിയായി പ്രസിഡൻറു് പറഞ്ഞതു് ഈ സ്ഥാനം അദ്ദേഹം ആവശ്യപ്പെടുകയോ ആഗ്രഹിക്കുകയോ ചെയ്തു് ഒന്നല്ല എന്നായിരുന്നു. തുടന്നു പറഞ്ഞു:- "എങ്ങനേയും; ദൈവപരിപാലനയുടെ സഹായത്തോടുകൂടി, ഞാൻ പൊതുജനസേവനം സമാരംഭിച്ച എൻെറ യൗവനകാലംമുതലേ ഞാൻ സ്വീകരിച്ചിട്ടുള്ള എൻെറ മുദ്രാവാക്യത്തിനനുസരിച്ചു അതു നിറവേററുവാൻ ഞാൻ ശ്രമിക്കുന്നതാണു്. കത്തോലിക്കാപരവും ക്രിസ്തീയവും പൗരപരവുമായ പാരമ്പര്യങ്ങളെ മാനിക്കുക എന്നതാണു് എൻെറ ആദർശം. ദൈവം എന്നെ സഹായിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു."


ഇററലിയുടെ രാഷ്ട്രീയാന്തരീക്ഷം ആശങ്കാപരമായ ചില വ്യതിയാനങ്ങൾക്കു അടിപ്പെട്ടുകൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകൾ കാണിക്കുന്നു. ഈയിടെ അവിടെ കമ്മ്യൂണിസ്റ്റുകൾക്കു ലഭിച്ച ചില തിരിച്ചടികൾ ഗൗരവതരങ്ങളായിരുന്നെങ്കിലും ഇപ്പോൾ അവർ ചില ഐക്യമുന്നണി അടവുകളിലേക്കു പ്രവേശിച്ചിരിക്കുകയാണത്രെ. ക്രിസ്ത്യൻ ഡെമോക്രാററിക് പാർട്ടിയുടെ ഇടതുപക്ഷത്തെ സ്വാധീനിക്കുന്നതിനുള്ള കൂട്ടുകെട്ടുകളാണു് ഇതിൽ പ്രധാനപ്പെട്ടതു്. മദ്ധ്യഇററലിയിലെ കമ്മ്യൂണിസ്റ്റനുഭാവികളായ നെന്നിസോഷ്യലിസ്റ്റു പാർട്ടിയും പല കമ്മ്യൂണിസ്റ്റു പാർട്ടി ഗ്രൂപ്പുകളും സിഞ്ഞോർ ഗ്രോഞ്ചിയുടെ പ്രസിഡൻറുതിരഞ്ഞെടുപ്പിൽ ആനുകൂല്യം പ്രകടിപ്പിച്ചതു ഈ കൂട്ടുകെട്ടിൻെറ ലക്ഷണമായി വ്യാഖ്യാനിക്കപ്പെടുന്നുണ്ടു്. സിഞ്ഞോർ ഗ്രോഞ്ചി ഇടതുപക്ഷഗ്രൂപ്പിൽപ്പെട്ട ആളായതുകൊണ്ടു് കമ്മ്യൂണിസ്റ്റുകളുടെ ഈ സഹവർത്തിത്വനയത്തിനും മുന്നണി കൂട്ടുകെട്ടിനും അദ്ദേഹത്തിൻെറമേൽ എത്രമാത്രം പ്രേരണ ചെലുത്തുവാൻ കഴിഞ്ഞേക്കുമെന്നു ആശങ്കപ്പെടുന്നവരുണ്ടു്.

ശ്രമിക്കാതിരിക്കുകയില്ല. പക്ഷേ അവർ "ക്രിസ്തീയകുടുംബങ്ങളി"ലേക്കു് ഒന്നു കണ്ണോടിക്കണമെന്നുമാത്രം. (എസ്. ജെ. എം.)

## നവദമ്പതികൾ



കിടങ്ങൂർ ഇടവക പാറേക്കാട്ടിൽ ശ്രീ ഇട്ടീറാ വക്കി അവർകളുടെ ഏകപുത്രി കുമാരി റോസിയും മുക്കന്നൂർ ഇടവക കുളങ്ങര ശ്രീ അപ്രേം അവർകളുടെ പുത്രൻ ആൻറണിയും തമ്മിലുള്ള വിവാഹം മേയ് 17-ാംനു- കിടങ്ങൂർ പള്ളിയിൽവച്ചു സാഘോഷം നടന്നിരിക്കുന്നു. വധുവിൻെറ പിതൃസഹോദരൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി വിവാഹകർമ്മം ആശീർവ്വദിച്ചു. റൈററ് റവ. മോൺ. ജോർജ് വല്യാറമ്പത്തു്, വെരി റവ. മോൺ. കുര്യാക്കോസ് നമ്പ്യാപറമ്പിൽ, മോൺ. വർഗ്ഗീസ് പുതുശ്ശേരി ആദിയായ വൈദികപ്രമുഖന്മാരും എം. എൽ. എ. മാർ ആദിയായ പൗരമുഖ്യന്മാരും തദവസരത്തിൽ സന്നിഹിതരായിരുന്നു. വെരി റവ. ഫാദർ ജോർജ്ജ് കവലക്കാട്ടു വധൂവരന്മാരെ ആശംസിച്ചു പ്രസംഗിച്ചു.



അനുഗൃഹീത യുവകലാകാരനും പ്രസിദ്ധ കാഥികനുമായ

### ശ്രീ ജോസഫ് കൈമാപ്പറമ്പൻ

അഹമ്മദ്ബാദിലെ കേരളകത്തോലിക്കാ അസോസിയേഷൻെറ ക്ഷണമനുസരിച്ചു മേയ് 29-ാംതിയതി പ്രേമഭായ് ഹാളിൽവച്ചു ഒരു കഥാപ്രസംഗം നടത്തുന്നതിനു ഉത്തരേന്ത്യയിലേക്കു പുറപ്പെട്ടിരിക്കുന്നു. ഇതദ്ദേഹത്തിൻെറ രണ്ടാമത്തെ ഉത്തരേന്ത്യൻ പര്യടനമാണു്.

### മാനിലായിൽ അൽമായ കോൺഗ്രസ്

പൂർവ്വേഷ്യയിലും ദക്ഷിണപൂർവ്വേഷ്യയിലുമുള്ള എല്ലാ ഹയരാക്കികളും അവരുടെ അൽമായ പ്രതിനിധികളെ മാനിലായിൽ ഡിസമ്പറിൽ സമ്മേളിക്കുന്ന അൽമായ പ്രേഷിതത്വത്തിൻെറ പ്രഥമ ഏഷ്യൻ കോൺഫറൻസിലേക്കയക്കുന്നതാണു്. ആസ്ട്രേലിയായിൽനിന്നും ന്യൂസിലണ്ടിൽനിന്നും സന്ദർശകരേയും അതിലേക്കു ക്ഷണിക്കുന്നുണ്ടു്.

### യഹൂദന്മാർ ഇററാലിയൻ കത്തോലിക്കരെ ബഹുമാനിക്കുന്നു

സ്വാതന്ത്ര്യസമ്പാദനത്തിൻെറ 10-ാം വാർഷികം ആഘോഷിച്ച അവസരത്തിൽ ഇററലിയിൽ മിലാനിലുള്ള യഹൂദന്മാർ, 4വൈദികരുൾപ്പെടെ 23 ഇററാലിയൻ കത്തോലിക്കർക്കു് നാസ്സിസ്സത്തിൻേറയും ഫാസ്സിസ്സത്തിൻേറയും മർദ്ദനനാളുകളിൽ അവക്കുവേണ്ടി ധീരസേവനം അനുഷ്ഠിച്ചതിനു കൃതജ്ഞതയായി ഓരോ സ്വർണ്ണമെഡൽ സമ്മാനിച്ചിരിക്കുന്നു. യഹൂദരെ സംരക്ഷിച്ചതിനുവേണ്ടി കൊല്ലപ്പെടുകയും മർദ്ദനംമൂലം മരണമടയുകയുംചെയ്ത ഏഴുപേരും ഇക്കൂട്ടത്തിൽ അനുസ്മരിക്കപ്പെട്ടു. തദവസരത്തിൽ ഇററലിയിലെ യഹൂദസംഘപ്രതിനിധികൾ ചെയ്ത കൃതജ്ഞതാനിർഭരവും ആവേശപൂർണ്ണവുമായ പ്രസംഗങ്ങളിൽ പ്രത്യേകം പ്രതിപാദിച്ചിരുന്നു, ഈ 23 പേർ അനിതരസാധാരണമായ അവരുടെ വീരകൃത്യങ്ങൾമൂലം പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടുവെങ്കിലും ഇററലിയിലെ കത്തോലിക്കരെല്ലാവരും ഈ മഹത്തായ സേവനകൃത്യത്തിൽ പ്രശസ്തമായ പങ്കു വഹിച്ചവരാണെന്നു്.

വി. പത്താംപീയൂസിൻെറ സഹായത്താൽ ഉദ്ദേശിച്ചകാര്യം സാധിച്ചതിനു കൃതജ്ഞത.

എം. വി., വന്ന്യമ്പറമ്പിൽ, ചേർത്തല

### ചരമവാർത്ത

ഉപ്പുതറ: കാഞ്ചിയാർ ഇടവക തെക്കേൽ കുര്യൻ മറിയം 22-ാമത്തെ വയസ്സിൽ മേയ് 15-ാംനു- ഞായറാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. അന്നുതന്നെ മൃതദേഹം ഉപ്പുതറ പള്ളിസിമിത്തേരിയിൽ വെട്ടികാട്ടു് ബ. ജയിംസച്ചൻെറ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി സംസ്കരിക്കപ്പെട്ടു.

R. I. P.


## JESUIT MISSIONS

ഈശോസഭ കേരളീയയുവാക്കന്മാരെ ക്ഷണിക്കുന്നു, ഇൻഡ്യയിലെ അവരുടെ പത്തു മിഷ്യൻരംഗങ്ങളിലെ വിവിധജോലികൾക്കായി. College course കഴിഞ്ഞവരെ ഉടനെ നൊവിഷ്യേററിലേക്കയക്കുന്നതാണു്. അർത്ഥികൾ ആരോഗ്യവും, സൽസ്വഭാവവും, പഠനസാമർത്ഥ്യവുമുള്ളവരായിരിക്കണം.

സ്കൂൾഫൈനൽ പാസ്സായവർക്കു്, ഒരു കൊല്ലത്തെ Prenovitiate Course ഉണ്ടായിരിക്കും. അതു് അടുത്ത കൊല്ലം, തൃശ്ശിനാപ്പള്ളി St. Joseph's College-ൽ ആയിരിക്കും. പഠനസാമർത്ഥ്യം കുറഞ്ഞവർക്കു സഹോദരന്മാരായി ചേരാം.

ഈശോസഭയെപ്പററിയും, ഓരോ മിഷ്യനെപ്പററിയും കൂടുതലായി അറിയണമെങ്കിൽ, ആലപ്പുഴ Leo XIII-ൽ നിന്നു June-ൽ പ്രസിദ്ധപ്പെടുത്തുന്ന "ഈശോസഭ" എന്ന പുസ്തകം വായിക്കുക. Ahamedabad, Belgaum, Calcutta, Jamshedpur, Madura, Patna, Poona, Ranchi ഈ മിഷ്യനിലെ സുപ്പീരിയർമാക്കു നേരിട്ടോ, താഴെ കാണുന്ന മേൽവിലാസത്തിലോ എഴുതുക.

Rev. Fr. Lemahsien S. J.
Leo XIII High School, Alleppey P. O.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 ‖ ERNAKULAM, MAY 25 ‖ No. 39


## മേയ്ദിനം

## തൊഴിലാളികളുടെ തിരുനാൾ

തൊഴിലാളിലോകത്തോട് കത്തോലിക്കാസഭയ്ക്കുള്ള അചഞ്ചലമായ സ്നേഹത്തിന്റെയും അവരുടെ സുസ്ഥിതിയിൽ സഭയ്ക്കുള്ള നിസ്സീമമായ ഉൽക്കണ്ഠയുടെയും അഭിനവമായ ഒരു പ്രകടനമാണ് ഇക്കൊല്ലം മേയ്ദിനത്തിൽ പരിശുദ്ധമാർപ്പാപ്പാ പ്രസ്തുത ദിനത്തെ ഒരു തൊഴിലാളിത്തിരുനാളായി പ്രഖ്യാപിച്ചുകൊണ്ടു നിർവ്വഹിച്ചിരിക്കുന്നത്. റോമയിൽ സെന്റു പീറ്റേഴ്സ് ദേവാലയത്തിന്റെ അങ്കണത്തിൽ തടിച്ചുകൂടിയിരുന്ന 2 ലക്ഷത്തിൽപരം വരുന്ന ഇറ്റലിയിലെ തൊഴിലാളിപ്രതിനിധികളേയും ലോകമൊക്കെയിൽനിന്നും വന്നുചേർന്നിരുന്ന തൊഴിലാളിതീർത്ഥകവ്യൂഹത്തേയും അഭിസംബോധനംചെയ്തുകൊണ്ട് തിരുമേനി നടത്തിയ പ്രസംഗത്തിൽ, മേയ് ഒന്നാംതീയതി തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പുപിതാവിന്റെ ഒരു പ്രത്യേക തിരുനാളായി എല്ലാക്കൊല്ലവും ആചരിക്കത്തക്കവണ്ണം പ്രഖ്യാപിച്ചു. ക്രിസ്തീയതൊഴിലാളി സംഘടനയുടെ 10-ാംവാർഷികാഘോഷങ്ങൾ നടത്തുന്നതിനായിരുന്നു ഇത്രയേറെ തൊഴിലാളികൾ അവിടെ സമ്മേളിച്ചിരുന്നത്. ഓരോ ദേശത്തേയും രീതിയനുസരിച്ചു വിവിധവേഷങ്ങളിൽ വസ്ത്രധാരണം ചെയ്തിരുന്ന ആ ജനൗഘം ആലോകപ്രാതിനിദ്ധ്യത്തിന്റെ പ്രഭാപ്രളയത്താൽ പത്രോസിന്റെ പള്ളിയുടെ അങ്കണത്തെ പ്രശോഭനമാക്കിച്ചെയ്തു. പരിശുദ്ധമാർപ്പാപ്പായുടെ പൈതൃകസ്നേഹം വഴിയുന്ന പ്രസംഗധോരണി ജനലക്ഷങ്ങളുടെ ഹൃദയഭിത്തികളിൽ ചെന്നലച്ചപ്പോൾ പൊട്ടിപ്പുറപ്പെട്ട പുത്രനിർവ്വിശേഷമായ വികാരവിജൃംഭണങ്ങളെ അടക്കുവാൻ കഴിയാതെ പ്രസംഗത്തിനിടയിൽ 26 പ്രാവശ്യം അവർ ആർത്തട്ടഹസിച്ചുപോയി. ആ തൊഴിലാളികളോരോരുത്തരും അവരവരുടെ കൈവേലകൊണ്ടുണ്ടാക്കിയ വിനീതോപഹാരങ്ങളെ പിതൃപാദങ്ങളിലർപ്പിച്ചപ്പോൾ അനുഭവിച്ച ആനന്ദം അവാച്യമായിരുന്നു. അവിസ്മരണീയമായ ആനന്ദാനുഭൂതിയോടും സുസ്ഥിരമായ കർത്തവ്യനിഷ്ഠയോടും മായാത്ത മധുരസ്മരണകളോടും കൂടിയാണ് ഓരോരുത്തരും അവരവരുടെ നാട്ടുകളിലേക്കും വീടുകളിലേക്കും തൊഴിൽരംഗങ്ങളിലേക്കും മടങ്ങിപ്പോയത്. തൊഴിലാളികളുടെ മനോഹരമാതൃകയും പ്രബലമദ്ധ്യസ്ഥനുമായ വിശുദ്ധ യൗസേപ്പിന്റെ ഈ പ്രത്യേക തിരുനാൾ ലോകം മുഴുവനും പ്രതിവർഷം മരിയമാസത്തിന്റെ ആദ്യദിവസത്തിൽ ആചരിക്കപ്പെടുമ്പോൾ ഈ മേയ്ദിനസ്മരണ ഓരോ തൊഴിലാളിയേയും ഉത്തേജിപ്പിക്കാതിരിക്കയില്ല എന്നുള്ളതു നിസ്തർക്കമാണ്.

### സഭയും തൊഴിലാളികളും

തൊഴിലാളികളെ സ്നേഹിക്കുക, അവരെ സംരക്ഷിക്കുക, അവരെ നയിക്കുക എന്നീ ദിവ്യപ്രേഷിതത്വത്തിൽനിന്നു പിന്മാറുവാൻ തിരുസഭയ്ക്കോ മാർപ്പാപ്പായ്ക്കോ ഒരു കാലത്തും സാദ്ധ്യമല്ല എന്ന ആമുഖത്തോടുകൂടിയാണ് പരിശുദ്ധപിതാവ് അവിടുത്തെ പ്രഭാഷണം സമാരംഭിച്ചത്. അവിടുന്നു സുദൃഢമായി ഇപ്രകാരം തുടർന്നു:- "ഈ കർത്തവ്യത്തെപ്പറ്റി ക്രിസ്തുവിന്റെ വികാരിയായ നാം, തൊഴിലാളിലോകം അതിന്റെ പ്രത്യേകമായ ആഘോഷദിനമായി പ്രഖ്യാപിച്ചിട്ടുള്ള മേയ്മാസത്തിന്റെ ഈ പ്രഥമദിവസത്തിൽ ഇവിടെവച്ചു ഒരിക്കൽക്കൂടി വ്യക്തമായി പ്രസ്താവിക്കുന്നതിനാഗ്രഹിക്കുകയാണ്. തൊഴിലിന്റെ മാന്യത എല്ലാവരും അംഗീകരിക്കുകയും ഈ അംഗീകാരംവഴി നീതിപൂർവ്വകമായ അവകാശകർത്തവ്യങ്ങളിൽ അടിയുറച്ചിട്ടുള്ള നിയമങ്ങളും സാമൂഹികവ്യവസ്ഥിതിയും രൂപവൽക്കരിക്കുന്നതിനുള്ള പ്രചോദനം സ്വീകരിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ദിനാചരണത്തിന്റെ ഉദ്ദേശ്യം. ഏവംവിധം ഒരു ക്രിസ്തീയ "ജ്ഞാനസ്നാനം" നൽകി ക്രിസ്തീയ തൊഴിലാളികളാൽ ആഘോഷിക്കപ്പെടുന്ന ഈ മേയ്ദിനം, പരസ്പരവിരോധത്തിന്റെയും വെറുപ്പിന്റെയും ബലപ്രയോഗത്തിന്റെയും ഉത്തേജനമാർഗ്ഗങ്ങളിൽനിന്നു ബഹുദൂരം അകന്നുനിന്നു, സാമൂഹിക സമാധാനത്തിന്നാവശ്യകമായ ഉപാധികളെ സജ്ജീകരിക്കുന്നതിനുള്ള തുടർമാനമായ ഒരാഹ്വാനമായിരിക്കുമെന്നു തീർച്ചയാണ്. അതുകൊണ്ടു ഇവിടെ ഒരു ക്രിസ്തീയ തിരുനാൾ എന്നതിന്റെ അർത്ഥം, തൊഴിലാളിമഹാകുടുംബത്തിലെ ക്രിസ്തീയാദർശങ്ങളുടെ വർദ്ധമാനവും വ്യക്തവുമായ വിജയത്തിനുവേണ്ടിയുള്ള ആനന്ദനിർഭരമായ ആഘോഷങ്ങളുടെ ദിനമെന്നാണ്. ഈ അർത്ഥം നിങ്ങളുടെ ബോധങ്ങളിൽ ദൃഢമൂലമാക്കുന്നതിനും, കൂടാതെ ഇറ്റലിയുടെ നാനാഭാഗങ്ങളിൽനിന്നുമായി നമുക്കു സമർപ്പിക്കുന്നതിനു നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഇത്രയധികം വിലപ്പെട്ട സമ്മാനങ്ങൾക്കു വേറൊരു വിധത്തിൽ തൽക്ഷണം പ്രതിക്രിയ ചെയ്യുന്നതിനും വേണ്ടി "തൊഴിലാളിയായ വിശുദ്ധ യൗസേപ്പിന്റെ" ഒരു തിരുനാൾ ഏർപ്പെടുത്തുന്നതിനുള്ള നമ്മുടെ നിശ്ചയത്തെ ഇവിടെ പ്രഖ്യാപിക്കുന്നതിനു നാം ആഗ്രഹിക്കുന്നു. പ്രസ്തുത തിരുനാൾ മേയ്മാസത്തിലെ ഒന്നാംതീയതി ആചരിക്കപ്പെടത്തക്കവണ്ണം നാം നിശ്ചയിച്ചു പ്രഖ്യാപിച്ചിരിക്കുന്നു."

### ശത്രുവിന്റെ തന്ത്രങ്ങൾ

ശത്രുക്കൾ എവിടേയും പ്രത്യേകിച്ച് ഇറ്റലിയിലും തൊഴിലാളികളെ വഴിപിഴപ്പിക്കുന്നതിനു പ്രയോഗിച്ചിട്ടുള്ള കുടിലതന്ത്രങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ട് തിരുമേനി തുടർന്നു:- "നിർഭാഗ്യവശാൽ, വളരെ നാളായി ക്രിസ്തുവിന്റെ ശത്രുക്കൾ ഇറ്റാല്യൻ ജനതയുടെ ഇടയിൽ കളകളുടെ വിത്തു വിതച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അവയ്ക്കെതിരായി കത്തോലിക്കരിൽനിന്നു വേണ്ടത്ര പ്രതിരോധനങ്ങൾ എല്ലാ രംഗങ്ങളിലും നിർവ്വഹിക്കപ്പെടുന്നുണ്ടെന്നു പറയാൻ നിവൃത്തിയില്ല. മനുഷ്യനേയും, ലോകത്തേയും, ചരിത്രത്തേയും, സാമൂഹികവും സാമ്പത്തികവുമായ ഘടനകളേയും സംബന്ധിച്ച തെറ്റായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു ശത്രുക്കൾ തൊഴിലാളികളുടെ ഇടയിൽ പ്രത്യേകിച്ചും ശക്തിയായ പ്രവർത്തനം നടത്തിയിട്ടുണ്ട്; ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഏതാദൃശമായ അബദ്ധതത്വശകലങ്ങൾ പ്രചരിപ്പിക്കപ്പെടുമ്പോൾ, അടിയുറച്ച ഒരു മതസംസ്കാരം സിദ്ധിച്ചിട്ടില്ലാത്ത കത്തോലിക്കാ തൊഴിലാളി പിടിച്ചുനില്ക്കാൻ കഴിയാതെ അവതാളത്തിലാകുക അസാധാരണമല്ല. അവരുടെ കയ്യുക്തികളെ ചെറുക്കുന്നതിന് അവനു കഴിയുന്നില്ല; പലപ്പോഴും അബദ്ധത്തിന്റെ വിഷം തന്മൂലം അവനിൽ കുത്തിവയ്ക്കപ്പെടുകയും ചെയ്യുന്നു."

തിരുസഭ മുതലാളിമാരുടെ ഭാഗത്താണെന്നുള്ള അവരുടെ പ്രചാരണത്തെപ്പററി പരിശുദ്ധ പിതാവു പറഞ്ഞത്, അതൊരു "ആനക്കള്ള"മാണെന്നാണ്. "എല്ലാ മനുഷ്യരുടേയും ഉപദേഷ്ടാവും മാതാവുമായ സഭ പ്രത്യേകിച്ചും വിഷമകരമായ സാഹചര്യങ്ങളിൽ പെട്ടിരിക്കുന്ന തന്റെ മക്കളെക്കുറിച്ചു എപ്പോഴും അത്യധികം ഉൽക്കണ്ഠാകുലയാണ്. വാസ്തവത്തിൽ പല തൊഴിലാളിവിഭാഗങ്ങളും ഇതിനകം കൈവരിച്ചുകഴിഞ്ഞിട്ടുള്ള ആശാസ്യമായ പുരോഗതിക്കുവേണ്ടി കൂടുതൽ കാര്യമായ പങ്കു വഹിച്ചിട്ടുള്ളതു തിരുസഭയാണ്" എന്നു പരിശുദ്ധ മാർപ്പാപ്പാ വിശദമാക്കി.

ഇറ്റാലിയൻ ക്രിസ്ത്യൻ തൊഴിലാളിസംഘടനയെ പരിശുദ്ധ പിതാവു പ്രത്യേകം അനുമോദിക്കുകയും, ഇപ്പോൾ 10 ലക്ഷത്തിൽപരം അംഗങ്ങളുള്ള ഈ പ്രബലമായ സംഘടന തൊഴിലാളി ലോകത്തിലേക്കു ക്രിസ്തുവിനെ ആനയിക്കുന്ന മാർഗ്ഗം വെട്ടിത്തെളിക്കുന്ന പ്രേഷിതവേലയിൽ ഉപര്യുപരി പുരോഗമിക്കണമെന്നുൽബോധിപ്പിക്കുകയും ചെയ്തുകൊണ്ടാണ് പരിശുദ്ധ പിതാവു പ്രഭാഷണം സമാപിപ്പിച്ചത്. യഥാർത്ഥത്തിൽ തൊഴിലാളിലോകത്തിനു അനർഘമായ ഒരു നേതൃത്വമാണ് നൽകപ്പെട്ടിരിക്കുന്നത്. തൊഴിലാളികളുടെ ന്യായമായ അവകാശ സംരക്ഷണത്തിനുവേണ്ടി സമാരബ്ധമായ മേയ്ദിനാഘോഷപരിപാടികളെ വ്യഭിചരിച്ച് അവരുടെ നാശത്തിനുവേണ്ടി ഒരു വിഭാഗം അതിനെ ദുരുപയോഗിക്കുകയും അതൊരു കമ്മ്യൂണിസപ്രചാരണമാർഗ്ഗമായി അധഃപ്പതിപ്പിക്കുകയും ചെയ്തിരിക്കുന്ന ഇക്കാലയളവിൽ, തൊഴിലാളികൾക്കു യഥാർത്ഥവും ഫലദായകവുമായ നേതൃത്വം പ്രദാനംചെയ്യത്തക്കവണ്ണം തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെ ഒരു പ്രത്യേക തിരുനാളായി അദ്ദിനത്തെ പകർത്തിയതിൽ പരിശുദ്ധ മാർപ്പാപ്പാ തൊഴിലാളികൾക്കു പ്രത്യേകിച്ചും ലോകത്തിനു പൊതുവേയും നൽകിയിട്ടുള്ള മാർഗ്ഗദർശിത്വവും ചെയ്തിട്ടുള്ള സേവനവും വിലതീരാത്തവയാണ്.

മേയ്ദിനം—വിരാജിക്കട്ടെ!

---

ബ. അൽഫോൻസാമ്മയുടെ സഹായത്താലും റപ്പായേൽ മാലാഖായുടെ മാദ്ധ്യസ്ഥത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ. Mrs. C. D. Antony

---

## പ്രസാധകക്കുറിപ്പുകൾ

### കോൺഗ്രസിനേയും കമ്മ്യൂണിസത്തേയും ശ്രീ ധേബാർ തുലനം ചെയ്യുന്നു

ഈ ദിവസങ്ങളിൽ തിരുക്കൊച്ചി സന്ദർശിച്ച ഇന്ത്യൻ നാഷനൽ കോൺഗ്രസ് പ്രസിഡൻറു ഇന്ത്യയുടെ പുരോഗതിക്കുവേണ്ടി നാഷനൽ കോൺഗ്രസ്സും ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയും ചെയ്തിട്ടുള്ള സേവനങ്ങളെ താരതമ്യം ചെയ്തുകൊണ്ട് മേയ് 17-ാംനു തൃശ്ശൂർവച്ചു ചെയ്ത പ്രസംഗം ഓരോ തിരുക്കൊച്ചി പൗരന്റെയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. അദ്ദേഹം പറഞ്ഞു:- ഈ മനോഹരമായ, സമ്പൽസമൃദ്ധമായ ഭൂപ്രദേശത്തു കമ്മ്യൂണിസ്റ്റുകാരധികമുണ്ടെന്നു കാണുന്നതിൽ ഞാനത്ഭുതപ്പെടുന്നു. ഇവരിൽ ഭാരതത്തെ ശരിക്കു കണ്ടുപഠിച്ചിട്ടുള്ളവരധികമുണ്ടാകയില്ലെന്നു എനിക്കുറപ്പുണ്ട്...... ഇത്രയും വിപുലമായ ഇന്ത്യാരാജ്യത്തിൽ സ്വാതന്ത്ര്യത്തിന്റെ ജീവവായുവേററ് ജീവിക്കുവാനുള്ള മഹത്തായ ഭാഗ്യം നമുക്കു ലഭിച്ചു. ഇന്ത്യയെ ദീർഘകാലമായുള്ള അടിമത്തത്തിൽനിന്നു മോചിപ്പിച്ചത്, നമുക്കു സ്വാതന്ത്ര്യം നേടിത്തന്നതു കമ്മ്യൂണിസ്റ്റുകാരല്ല; കോൺഗ്രസിന്റെ 70 നീണ്ടവർഷത്തെ നിരന്തര സമരഫലമാണ് നാമിന്നനുഭവിക്കുന്നത്. കമ്മ്യൂണിസ്റ്റുകൾ ഈ ഘട്ടത്തിലെഴുതി, ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയിട്ടില്ലെന്ന്. അവർ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ നേരെ "കൊഞ്ഞനംകാട്ടി." നാം വളരെയേറെ പണിപ്പെട്ടൊരുക്കുന്ന സദ്യയിൽ കുററംകാണുവാൻ, കുറവുകൾ കാണുവാൻ മററുള്ളവർക്ക് എളുപ്പമാണ്.

സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം നാം വളരെയധികം വിഷമപ്രശ്നങ്ങൾ പരിഹരിച്ചു. ഒരടിവെപ്പിനായി പുത്തൻസംരംഭങ്ങളുമായി നാം മുന്നേറുകയാണ്. 1947-ൽ ഇന്ത്യ സ്വതന്ത്രയായപ്പോൾ കമ്മുക്കൾ അവരുടെ പത്രങ്ങളിൽ വെണ്ടയ്ക്കാ തലക്കെട്ടുകളിലെഴുതി ഇന്ത്യയിലെ 562 നാട്ടുരാജാക്കന്മാരും കോൺഗ്രസ്സും കൂടി ഭാരതത്തെ കൊള്ളയടിക്കുന്നതിനുള്ള ഗൂഢാലോചനയിൽ ആമഗ്നരായിരിക്കുകയാണെന്ന്. പക്ഷെ, ഈ 562 നാട്ടുരാജാക്കന്മാരുടേയും പ്രശ്നം ധീരമായി പരിഹരിച്ചതു കോൺഗ്രസാണ്; കമ്മ്യൂണിസ്റ്റു പാർട്ടിയല്ല. ഇന്ത്യയിൽ ലക്ഷക്കണക്കിനു ജമീന്ദാരന്മാരുണ്ടായിരുന്നു. എന്റെ സ്വദേശത്തുതന്നെ അമ്പതിനായിരത്തിൽപ്പരം ജമീന്ദാരന്മാരാണുണ്ടായിരുന്നത്. അവർ കോൺഗ്രസുകാരായ ഞങ്ങളെ ആക്ഷേപിച്ചു, പണംനൽകി പ്രലോഭിപ്പിക്കുവാനൊരുമ്പെട്ടു; ഒടുവിൽ ഞങ്ങളുടെനേരെ തോക്കു ചൂണ്ടുകപോലുംചെയ്തു. എന്നിട്ടെന്തുണ്ടായി? കോൺഗ്രസ്സ് നിയമംമൂലം അവരുടെ കിരാതവാഴ്ചയെ അവസാനിപ്പിച്ചു.

നമ്മുടെ ഭക്ഷ്യപ്രശ്നത്തിന്റെ കാര്യംതന്നെ എടുക്കുക. 1944-ൽ ബങ്കാളിൽ ഭക്ഷണക്ഷാമംമൂലം 40 ലക്ഷം പേർ മരിച്ചുപോയെന്നതു നമ്മൾ മറക്കുകയില്ല. ഇന്ത്യയിലെ രൂക്ഷമായ ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനു എന്തെങ്കിലും പ്രവർത്തിക്കുന്നതിനു പകരം ഭക്ഷണക്കുഴപ്പം വളർത്തുവാൻ വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ കമ്മ്യൂണിസ്റ്റുകൾ ഉത്സുകരായിരുന്നു. ഈ ഭക്ഷ്യപ്രശ്നം പരിഹരിച്ചതും, ദുർഭിക്ഷാമത്തിനൊരു വിരാമമിട്ടതും കോൺഗ്രസാണെന്നു നിങ്ങൾ മറക്കരുത്.

കഴിഞ്ഞ 30 വർഷങ്ങളായി ഇവിടെ പ്രവർത്തിച്ചുവരുന്ന കമ്മ്യൂണിസ്റ്റുകൾ ഇന്ത്യയുടെ ജീവൽപ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ എന്തു ചെയ്തുവെന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. അവർ ഒന്നു ചെയ്യുന്നുണ്ടെന്നു സമ്മതിക്കാതെ തരമില്ല. പത്രങ്ങൾ പ്രസംഗപീഠങ്ങൾ തുടങ്ങി എല്ലാ പ്രചാരണോപാധികളുമുപയോഗിച്ച് തങ്ങളുടെ പ്രതിയോഗികളെ അശ്ലീലമായ ഭാഷയിൽ താറടിച്ചുകാണിക്കുവാൻ പരിശ്രമിക്കുന്നുണ്ട്. കമ്മുക്കളുടെ നയതന്ത്രപരമായ മുഖസ്തുതിയിൽ മയങ്ങാത്ത ബുദ്ധിമാന്മാരുടെ നേരെയവർ ഭീഷണിയുടെ ഉടവാളുമായി പയററിനോക്കാറുണ്ട്. തങ്ങളുടെ എതിരാളികളെ അവമാനിക്കാനും കൈയേററം ചെയ്യാനും അവർ മടിക്കാറില്ല. കഴിഞ്ഞ 30 വർഷക്കാലത്തെ കമ്മുക്കളുടെ പ്രവർത്തനചരിത്രത്തിൽനിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളതിതാണ്.......

ഈ ലോകത്തിൽ സൃഷ്ടിപരമായ പുതിയ പദ്ധതികൾ നടപ്പിലാക്കി വിജയിപ്പിക്കുന്നതിനാണ് ഏററം വിഷമം. കമ്മുക്കൾ ഇവിടെ ആരംഭംമുതൽ ഇന്നുവരെ തെററായ ദൂഷിച്ച മാർഗ്ഗങ്ങളിൽക്കൂടിയാണ് ചരിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ നാശത്തിനുവേണ്ടി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇക്കൂട്ടരോടു നമുക്കു ക്ഷമിക്കാം. അവർ അവരുടെ ബാലപാഠങ്ങൾ പഠിക്കുന്നതു മോസ്കോവിലും പീക്കിംഗിലും തയ്യാറാക്കപ്പെടുന്ന കോപ്പിപ്പുസ്തകങ്ങളിൽനിന്നാണ് എന്നതിൽ ഖേദമുണ്ട്. പരിപാവനമായ ആദർശസംഹിതയുടേയും പ്രശസ്ത പാരമ്പര്യങ്ങളുടേയും ഉറവിടമാണ് നമ്മുടെ മാതൃഭൂമി. എന്നിട്ടും കമ്മുക്കൾക്കു ലഭിക്കുന്ന പ്രചോദനങ്ങളുടെ ഉറവിടങ്ങൾ സ്റ്റാലിന്റെയും മാവോവിന്റെയും നാട്ടുകളാണ്! കമ്മുക്കളുടെ ഭവനങ്ങളിലും പാർട്ടിആപ്പീസുകളിലും ബുൾഗാനിന്റെയും ചൗ എൻലായിയുടേയും ചിത്രങ്ങൾ പൂവിട്ടു പൂജിക്കുന്നതു നാം കാണാറുണ്ട്. ആർഷസംസ്കാരത്തിന്റെ പ്രതീകങ്ങളായ മഹാത്മജിയുടേയും പണ്ഡിതജിയുടേയും ചിത്രങ്ങൾ അവിടെ കണികാണുവാൻപോലും കിട്ടുകയില്ല. റഷ്യയിലേയോ ചൈനയിലേയോ നേതാക്കന്മാർക്കു ഇന്ത്യയിലെന്തു കാര്യമെന്നാണു ഞാൻ ചോദിക്കുന്നത്.

ഇന്ത്യൻ നാഷനൽ കോൺഗ്രസ് പ്രസിഡൻറിന്റെ ഈ പ്രസ്താവന എത്രമാത്രം വസ്തുനിഷ്ഠമാണെന്നും ഭാരതത്തിന്റെ സ്വാതന്ത്ര്യത്തേയും അതിന്റെ സുരക്ഷിതത്വത്തേയും ഭാരതീയലക്ഷങ്ങളുടെ യഥാർത്ഥമായ പുരോഗതിയേയും ആത്മാർത്ഥമായി അഭിലഷിക്കുന്ന ഓരോ ഭാരതീയപൗരന്റെയും അവഗാഢമായ ശ്രദ്ധയെ ആകർഷിക്കേണ്ടതാണെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

x x x

### റഷ്യയിൽ വ്യവസായം പൊളിച്ചു പണിയുന്നുവോ?

ഈയിടെ ക്രെംലിനിൽ സമ്മേളിച്ച വ്യവസായതൊഴിലാളികളുടേയും സ്പെഷലിസ്റ്റുകളുടേയും അഖിലയൂണിയൻ കോൺ

ഫാറൻസിൽ പ്രസംഗിക്കവെ, റഷ്യൻ പ്രധാനമന്ത്രി മാർഷൽ ബുൾഗാനിൻ റഷ്യൻ തൊഴിലാളികളേയും വ്യവസായപ്രവത്തകരേയും ശക്തിയായി കുററപ്പെടുത്തുകയും വ്യവസായപ്ലാനിംഗ് ആകപ്പാടെ പൊളിച്ചുപണിയുന്നതിനുള്ളനിശ്ചയത്തെപ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. റഷ്യയിലെ വൻകിടവ്യവസായങ്ങളിലെ ക്രമക്കേടുകളേയും ന്യൂനതകളേയും അദ്ദേഹം നിശിതമായി വിമർശിച്ചു. ഇപ്പോൾ ആവശ്യമായ പ്ലാനിംഗും, ഭാവിയിലേക്കു വേണ്ട പ്ലാനിംഗും കൈകാര്യം ചെയ്യുന്നതിനു രണ്ടു കമ്മീഷനുകളെ ഏർപ്പെടുത്തുന്നതാണ്. പല തൊഴിലാളികളും കാണിക്കുന്ന വഞ്ചനകളും അനാസ്ഥയും അദ്ദേഹം പരാമർശിച്ചു. ഈ വകുപ്പിൽ പ്രവത്തിക്കുന്ന മന്ത്രിമാരെ നയിക്കുന്നതിനും അവരുടെ പ്രവത്തനങ്ങളെ ഏകീകരിക്കുന്നതിനും സഹായകമാകത്തക്കവണ്ണം ഒരു സ്റ്റേററുകമ്മററിയെ ഏർപ്പെടുത്തുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്.

മിക്ക തൊഴിലാളികളും രാഷ്ട്രത്തോടുള്ള തങ്ങളുടെ ഉത്തരവാദിത്വത്തെപ്പററി ബോധമില്ലാത്തവരും, സാങ്കേതികനയസംബന്ധമായി ശരിയായ ധാരണയില്ലാത്തവരുമാണെന്നു് അദ്ദേഹം പ്രസ്താവിച്ചു. ലോഹവ്യവസായവും കെമിക്കൽ വ്യവസായവും ഉൽപാദനപരമായ കാര്യങ്ങളിൽ ലോകത്തിലെ ഇതരരാജ്യങ്ങളുടെപിന്നിലാണെന്നും എണ്ണ, കൽക്കരി, തടി മുതലായ വ്യവസായങ്ങളിൽ തകരാറുകളുണ്ടെന്നും മാർഷൽ ഏററുപറഞ്ഞു. തന്മൂലം പല വ്യവസായങ്ങളും അവയുടെ ബാദ്ധ്യതകളെ നിറവേററുന്നതിൽ പരാജയപ്പെട്ടിരിക്കുന്നതായി അദ്ദേഹം സമ്മതിക്കുകയും, വ്യവസായത്തിൽ ആധുനികസമ്പ്രദായങ്ങൾ സ്വീകരിക്കണമെന്നും ഫാക്ടറികളുടെ നടത്തിപ്പിൽ ഉദ്യോഗസ്ഥമേധാവിത്വം നിമ്മാർജ്ജനം ചെയ്യണമെന്നും കൂടുതൽ വൈദഗ്ദ്ധ്യവും "ടീം" പ്രവത്തനവും ആവശ്യമാണെന്നും പ്രസ്താവിക്കുകയും ചെയ്തു.

റഷ്യയുടെ മികച്ച നേട്ടങ്ങളായി കമ്മ്യൂണിസ്റ്റുകൾ ചൂണ്ടിക്കാണിക്കാറുള്ള വ്യവസായമണ്ഡലവും അതിൽ തൊഴിലാളികളുടെ മെച്ചപ്പെട്ട നിലവാരവും റഷ്യൻ പ്രധാനമന്ത്രിയുടെ ഈ ഔദ്യോഗികസാക്ഷ്യവുമായി എങ്ങിനെയാണു് പൊരുത്തപ്പെടുന്നതെന്നു മനസ്സിലാക്കാൻ വിഷമമായിരിക്കുന്നു. തൊഴിലാളിസ്വർഗ്ഗത്തിൽ രാഷ്ട്രത്തോടു് തൊഴിലാളികൾക്കു കൂറില്ലെങ്കിൽ, വ്യവസായങ്ങൾ അധഃപ്പതിക്കുന്നുവെങ്കിൽ, ഉദ്യോഗസ്ഥമേധാവിത്വം നടമാടുന്നുവെങ്കിൽ, ഈ ക്രമക്കേടുകൾക്കു പരിഹാരമുണ്ടാക്കുന്നതിനു ഒരു സ്റ്റേററുകമ്മിററി ആവശ്യമായിരിക്കുന്നുവെങ്കിൽ എന്താണു് 37 കൊല്ലത്തെ കമ്മ്യൂണിസ്റ്റ്വ്യവസ്ഥിതിപ്രയോഗത്തിൻെറ നേട്ടമെന്നു ബുദ്ധിജീവികൾ ചോദ്യം ചെയ്യുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ?

x x x

## ചൈനയുടെ വഞ്ചന

### മനസ്സിലാക്കി തൊഴിലാളിപ്രതിനിധികൾ മടങ്ങി

മേയ്ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനു അഖിലചൈന ട്രേഡ് യൂണിയൻ ഫെഡറേഷൻെറ ക്ഷണമനുസരിച്ചു ഇന്ത്യയിൽനിന്നു 32 തൊഴിലാളിപ്രതിനിധികൾ ചൈനയിലേക്കു പോയിരുന്നു. അവരിൽ 9 പേർ അവരുടെ സകല പയ്യടനപരിപാടികളും റദ്ദ്ചെയ്തു തിരികെ പോന്നു. കാരണം ചൈനയുടെ ഉദ്ദേശ്യം ഒരു ഏഷ്യൻ-ആഫ്റിക്കൻ ട്രേഡ്യൂണിയൻ കോൺഫാൻസ് രൂപവൽക്കരിക്കുന്നതിനും അങ്ങിനെ തൊഴിലാളികളെ ഒന്നടങ്കം ഒരു കമ്മ്യൂണിസ്റ്റ്വലയത്തിൽ കൊണ്ടുവരുന്നതിനുമാണെന്നവക്കു ബോദ്ധ്യമായി. ഈ കുടിലമായ നയത്തിൽ പ്രതിഷേധിച്ചാണു പ്രതിനിധികൾ മടങ്ങിപ്പോന്നതു്. തങ്ങൾ പയ്യടനപരിപാടി റദ്ദ്ചെയ്യാതിരിക്കുവാൻ ചൈനീസ് ട്രേഡ്യൂണിയൻനേതാക്കന്മാരും അധികൃതരും അങ്ങേയററം ശ്രമിക്കുകയുണ്ടായെന്നു് കപ്പൽ തൊഴിലാളിപ്രതിനിധി മി. അബ്ദുൾ ഖാദർ സരോങ്ങ് പ്രസ്താവിച്ചു. "പയ്യടനപരിപാടി റദ്ദ്ചെയ്യുവാൻ തന്നെ ഞങ്ങൾ നിശ്ചയിച്ചു. കമ്മ്യൂണിസ്റ്റ്പാഠങ്ങൾ ഞങ്ങളിൽ കുത്തിവയ്ക്കാൻ ചൈനാക്കാർ തീവ്രയത്നം ചെയ്യുന്നതായി മനസ്സിലാക്കിയ ഞങ്ങൾ, പയ്യടനപരിപാടി റദ്ദ്ചെയ്തു കഴിയുംവേഗം മടങ്ങുകയല്ലാതെ മറെറാരു മാഗ്ഗവും കണ്ടില്ല. കമ്മ്യൂണിസ്റ്റ് നിയന്ത്രണത്തിലുള്ള ഒരു ഏഷ്യൻ-ആഫ്റിക്കൻ തൊഴിലാളി ഐക്യമുന്നണി ഉണ്ടാക്കുവാനും അവർ ശ്രമിച്ചുകൊണ്ടിരുന്നു" എന്നാണ് മി. സരോങ്ങ് സ്വയം വിശദീകരിച്ചതു്. തങ്ങളെ വിഷമിപ്പിച്ച മറെറാരു സംഗതി ഷാംങ്ങയിൽവച്ചു അവക്കു കാണുവാനിടയായ ചൈനയുടെ ഒരു ഭൂപടമായിരുന്നു എന്നദ്ദേഹം പറഞ്ഞു. കാഷ്മീർ, നീപ്പാൾ, ബൂട്ടാൻ എന്നീ പ്രദേശങ്ങൾ ചൈനയുടെ ഭാഗങ്ങളായിട്ടാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. കമ്മ്യൂണിസ്റ്റ്കളുടെ സമാധാനാഹ്വാനത്തിൻേറയും സഹവത്തിത്വദൗത്യത്തിൻേറയും ആത്മാത്ഥത എത്രമാത്രമുണ്ടെന്നുള്ളതു ഒരിക്കൽക്കൂടി ഇതുഭാരതീയക്കു തെളിയിച്ചുകൊടുക്കുന്നില്ലേ? ഇന്നത്തെ നിലയിൽ ചൈന തികച്ചും ഒരു "പോലീസ് രാജ്" ആണെന്നും പൗരസ്വാതന്ത്ര്യത്തിൻെറ കണികപോലും അവിടെ കാണുകയുണ്ടായില്ലെന്നും അദ്ദേഹം തുടന്നു പ്രസ്താവിച്ചു. അവിടത്തെ തൊഴിലാളികളുടെ ജീവിതനിലവാരത്തെപ്പററി അദ്ദേഹം പറഞ്ഞതു്, അതു് ഇന്ത്യയിലേതിനേക്കാൾ ഒട്ടുംതന്നെ ഉയന്നതല്ല, എന്നുമാത്രമല്ല, ഇവിടത്തേക്കാൾ അതു മോശമാണെന്നായിരുന്നു.

ഏഷ്യയിലെ സോവ്യററ് ആകുവാൻ വെമ്പൽകൊള്ളുന്ന ചൈനയുടെ ഉള്ളുകള്ളികളാണ് ഈ തൊഴിലാളിനേതാവു് തൻെറ സ്വന്ത അനുഭവത്തിൽനിന്നും തുറന്നുകാണിക്കുന്നതു്. കമ്മ്യൂണിസ്റ്റ്പ്രേമികളും തൊഴിലാളികളും വഞ്ചിക്കപ്പെടാതിരിക്കുവാൻ ഈ അനുഭവസാക്ഷ്യം ഒരു ചൂണ്ടിപ്പലകയായി പരിഗണിക്കുന്നതു് ഉപകാരപ്രദമായിരിക്കും.

## അടുത്തയാഴ്ചയിൽ

മേയ്

26 വ്യാ: വി. പീലിപ്പോസ് നേരി

27 വെ: മറിയം മഗ്ദലൈത്താദ്മീൻ പാസ്സി

28 ശ: വി. എമിലിയൻ

29 ഞാ: പന്തക്കുസ്താ ഞായർ

30 തി: വി. ഫെർഡിനാൻഡ്

31 ചൊ: വി. ആഞ്ചലാ മെരിച്ചി

ജൂൺ

1 ബു: വി. വാലെൻസ്

വാരാന്ത്യവീക്ഷണം

# ആസ്ട്രിയൻ സ്വാതന്ത്ര്യം, പുതിയ സോവിയററുനിർദ്ദേശം, ബുൾഗാനിൻെറ യുഗോസ്ലാവിയാസന്ദർശനം

(സി. ഐ. ജോൺ)

ഏതാനും നാളുകളായി സോവ്യററ്നേതൃത്വം അവരുടെ വിദേശനയത്തിൽ വളരെയേറെ മാററങ്ങൾ വന്നിട്ടുണ്ടെന്നുള്ള ധാരണ സാമാന്യജനങ്ങളിൽ വളരത്തക്കതരത്തിൽ പ്രവത്തിക്കുവാൻ തുടങ്ങീട്ടു്. എങ്കിലും അതെല്ലാം വെറും പ്രചരണതന്ത്രങ്ങൾ മാത്രമാണെന്നു തോന്നത്തക്കവിധത്തിൽ അവരുടെ പ്രവത്തനത്തിലും പ്രസ്താവനകളിലും വളരെയേറെ വൈരുദ്ധ്യങ്ങൾ മുഴച്ചുനില്ക്കുകയും ചെയ്യുന്നുണ്ടു്. അതിനെ കൂടുതൽ ബലപ്പെടുത്തത്തക്ക തരത്തിലുള്ള സംഭവവികാസങ്ങളാണ് ഈ കഴിഞ്ഞ ആഴ്ചയിൽ ഉണ്ടായിട്ടുള്ളതു്.

പടിഞ്ഞാറൻശക്തികൾ പശ്ചിമജമ്മനിയെ ഒരു സ്വതന്ത്രപരമാധികാരരാജ്യമായി പ്രഖ്യാപിച്ചുകൊണ്ടു് വടക്കെ അററലാൻറിക്ക് സൈനികസഖ്യത്തിൽ ചേക്കുവാനുള്ള സംരംഭങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോൾ റഷ്യ മുതലെടുക്കുവാനുള്ള ഒരവസരം ഉണ്ടാക്കിത്തീത്തു. അവർ ആസ്ട്രിയൻ നേതാക്കളെ കഴിഞ്ഞ മാസത്തിൽ മോസ്കോയിലേക്കു വിളിച്ചുവരുത്തി. ശീതസമര



For favours received

G. T. K.

ത്തിൽ ആസ്ട്രിയ നിഷ്പക്ഷത പാലിച്ചാൽ ആ രാജ്യത്തെ സ്വതന്ത്രമാക്കാമെന്നും മററു ചില ചില്ലറ സൗജന്യങ്ങൾ ചെയ്തുകൊടുക്കാമെന്നും പ്രഖ്യാപിച്ചു. അതുവരെ പാശ്ചാത്യശക്തികളും, റഷ്യയും, ആസ്ട്രിയൻ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒരുടമ്പടിയുടെ കരടുപകപ്പിൽ പൂണ്ണയോജിപ്പിലെത്താതെ അക്കായ്യം മാററിവച്ചിരിക്കുകയായിരുന്നു. ജമ്മനിയെ സംബന്ധിക്കുന്ന പ്രശ്നത്തിനു ഒരു പരിഹാരം ഉണ്ടായതിനുശേഷം ആസ്ട്രിയയുടെ കായ്യം ആലോചിച്ചാൽ മതിയെന്ന അഭിപ്രായമാണ് പാശ്ചാത്യശക്തികൾക്കു ഉണ്ടായിരുന്നതു്. കിഴക്കൻ കമ്മ്യൂണിസ്റ്റു രാജ്യങ്ങൾക്കെതിരായിപശ്ചിമജമ്മനിയെ പാശ്ചാത്യശക്തികൾ ഉപയോഗിക്കുന്നതിനുവേണ്ടിയാണ് പശ്ചിമജമ്മനിക്കു് സ്വാതന്ത്ര്യം കൊടുത്തതെന്നും, അതിനെ "നാറേറാ"സഖ്യത്തിൽ ഉൾപ്പെടുത്തിയതെന്നും ക്രെംലിൻ നേതൃത്വം ധരിച്ചുകൊണ്ടു് പാശ്ചാത്യശക്തികളെക്കാൾ ഔദായ്യനിധികളാണു തങ്ങളെന്നു ലോകത്തെ പൊതുവിലും ആസ്ട്രിയൻ ജനതയെ പ്രത്യേകമായും ബോദ്ധ്യപ്പെടുത്തി ആ വഴിക്കു് പശ്ചിമജമ്മനിയുടെ പടിഞ്ഞാറൻസഖ്യത്തെ ബോംബുചെയ്യുവാനുള്ള ഒരു തന്ത്രമായിരുന്നു അതു്. പഴയ ആസ്ട്രിയൻ സ്റ്റേററുടമ്പടിയുടെ കരടുപകപ്പിൽ പാശ്ചാത്യശക്തികളുമായി നേരത്തെ യോജിച്ചിരുന്ന ഒരു വകുപ്പു ഭേദഗതിചെയ്യുവാനുള്ള സന്നദ്ധതയും ആസ്ട്രിയൻനേതാക്കളോടു് റഷ്യ പ്രകടിപ്പിക്കുകയുണ്ടായി. പഴയ ഉടമ്പടിയുടെ 35-ാം വകുപ്പിൽ പറഞ്ഞിരുന്ന ചില വ്യവസ്ഥകൾ മാററി പ്രതിവർഷം 10 ലക്ഷം ടൺ ക്രൂഡ്ഓയിൽ സ്വീകരിച്ചുകൊണ്ടു് എണ്ണസങ്കേതങ്ങൾ കൈവിടാമെന്നും, സാഡ്യൂനദി സ്വത്തുക്കൾ 20 ലക്ഷം ഡോളറിനു കൈമാറാമെന്നും ആസ്ട്രിയൻ നേതാക്കളോടു റഷ്യ സമ്മതിച്ചു. ദൂരവ്യാപകമായ കുത്തകാവകാശങ്ങൾ ആസ്ട്രിയായുടെമേൽ നിലനിറുത്തിക്കൊണ്ടു് ആ രാജ്യത്തിൻെറ സമ്മതി നേടുകയാണുണ്ടായതു്. ആസ്ട്രിയയുടെ ദേശീയവരുമാനത്തിൻെറ മൂന്നിലൊന്നിനു് ഈ ഉടമ്പടിപ്രകാരം റഷ്യയ്ക്കർഹതയുണ്ടു്. ഏഴുകൊല്ലം നാസികളും, പത്തുകൊല്ലം മററു ശക്തികളും കൈയടക്കിവച്ചിരുന്നതും ഏഴുപതുലക്ഷം ജനങ്ങൾ അധിവസിക്കുന്നതുമായ ആസ്ട്രിയായ്ക്കു് സ്വാതന്ത്ര്യംകിട്ടി എന്നു പറയുന്നുണ്ടെങ്കിലും സോവ്യററുമേധാവിത്വം അവിടെ ഇന്നും നടമാടുകയാണെന്നുള്ളതു് ഒരു പരമാത്ഥം മാത്രമാണ്. നാറേറാസഖ്യത്തിനെതിരായുള്ള പട്ടാളക്കൂട്ടുകെട്ടുകളുണ്ടാക്കുവാൻ ഈയിടെയായി കമ്മ്യൂണിസ്റ്റു രാജ്യങ്ങൾ വളരെയേറെ പരിശ്രമിക്കുന്നുണ്ടു്. ഏററവും ഗോപ്യമായി അവർ ചെയ്തുകൊണ്ടിരുന്ന ചില പ്രവത്തനങ്ങൾ ഈയിടെ പുറത്താകുകയും ചെയ്തിട്ടുണ്ടു്. വഴ്സോസമ്മേളനതീരുമാനങ്ങൾ പുറത്തുവിടരുതെന്നുള്ള നിർബന്ധം സമ്മേളനത്തിൻെറ ആദ്യം സോവ്യററുയൂണിയനു് ഉണ്ടായിരുന്നെങ്കിലും കുറെയെല്ലാം തീരുമാനകായ്യങ്ങൾ എങ്ങനെയോ പുറത്തുവരുവാനിടയായിട്ടുണ്ടു്. മോസ്കോ കേന്ദ്രമാക്കി കൊണ്ടുള്ള ഒരു സാവ്വദേശീയ കമ്മ്യൂണിസ്റ്റ് ഡിഫൻസ് ഗ്രൂപ്പ് രൂപീകരിച്ചിരിക്കുകയാണ്. ഓരോ കമ്മ്യൂണിസ്റ്റ്രാജ്യങ്ങളുംഅതിലേക്കു് സൈന്യങ്ങളെ കൊടുക്കുകയും പ്രസ്തുത സഖ്യത്തിൽ ചേരുകയും ചെയ്യേണ്ടതാണ്. അങ്ങനെ ഒരു ഏകീകൃതകമാൻഡു് ഏപ്പെടുത്തി എല്ലാ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളെയും റഷ്യയുടെ കൊടിക്കീഴിൽ അണിനിരത്തിയതിൻെറ ശേഷം സോവിയററുയൂണിയൻ ദുഷിച്ചും ശപിച്ചും ഉപേക്ഷിച്ചിരുന്ന യുഗോസ്ലോവിയായെ "ചാക്കിട്ടുപിടിക്കുന്ന"തിനു വേണ്ടി സോവിയററു നേതൃത്വം ബൽഗ്രേഡിലേക്കു് തിരിച്ചിരിക്കുകയാണ്. ചരിത്രം സൃഷ്ടിക്കുന്ന ഒരു സന്ദശനമാണ് അവർ നടത്തുവാൻ ഉദ്ദേശിക്കുന്നതു്. പ്രധാനമന്ത്രി മാർഷൽ ബുൾഗാനിൻ, റഷ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഒന്നാം സെക്രട്ടറി ക്രൂഷേവു്, ഡ: പ്രധാനമന്ത്രി അനസ്റ്റാസ്, പ്രവദായുടെ ചീഫ് എഡിററർ ഷെപ്പിലോവു് മുതലായവരാണ് സന്ദശകസംഘത്തിൽ ഉൾപ്പെടുന്നവർ. ഈ സന്ദശനവാത്ത പാശ്ചാത്യരാജ്യതന്ത്രജ്ഞന്മാരുടെ ഇടയിൽ ചർച്ചാവിഷയമായിത്തീന്നിരിക്കുകയാണ്. ഏതെങ്കിലും വിധത്തിൽ ടിറേറായെ പാട്ടിലാക്കുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമത്തിൻെറ നാന്ദിയായി ഈ സന്ദശനത്തെപരിഗണിക്കാവുന്നതാണ്. യുഗോസ്ലാവിയായും റഷ്യയുമായി ചില വ്യാപാരബന്ധങ്ങൾ ആദ്യമായി ഉണ്ടാകുവാനിടയുണ്ടു്. ഈ വ്യാപാരബന്ധങ്ങളോടുകൂടി ചില ഉടമ്പടികളും രൂപമെടുത്തേക്കാം. വളരെ വേഗത്തിൽ യുഗോസ്ലാവിയാ റ

വി. കൊച്ചുത്രേസ്യയുടേയും വി. 10-ാം പീയൂസിൻെറയും മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Mrs. Elsy Mathew

ഷ്യയുടെ പിടിയിൽ അമരുമെന്നു വിശ്വസിപ്പാനും നിവൃത്തിയില്ല. കാരണം അമേരിക്കൻ സ്റ്റേററുഡിപ്പാർട്ടുമെൻറിനു് മാർഷൽ ടിറേറാ ഉറപ്പു കൊടുത്തതനുസരിച്ചു ബുൾഗാനിൻെറ സന്ദശനം കൊണ്ടു് യുഗോസ്ലാവിയായും പാശ്ചാത്യരാജ്യങ്ങളുമായുള്ള വേഴ്ചയ്ക്കു് കോട്ടം തട്ടുകയില്ലെന്നുവേണം വിചാരിക്കാൻ. ഏതായാലും ടിറേറായെ പാട്ടിലാക്കുന്നതിനു വേണ്ടിയാണ് ബുൾഗാനിനും ക്രൂഷേവും പരിശ്രമിക്കുന്നതു്. ഇങ്ങനെയുള്ള സവ്വവിധ കൊള്ളരുതായ്മകളേയുംമൂടിവയ്ക്കുവാൻ റഷ്യ അങ്ങേ അററം പരിശ്രമിക്കുകയാണ്. അണുവായുധങ്ങളുടെ ഉപയോഗത്തേയും മററും സംബന്ധിച്ചു് ഒരു പുതിയ നിർദ്ദേശം ഇന്നു് റഷ്യ ഉയത്തിക്കാണിക്കുന്നുണ്ടു്. 1956-ലും 57-ലും രണ്ടു ഘട്ടങ്ങളിലായി നിരായുധീകരണത്തെ സംബന്ധിച്ചുള്ള അന്താരാഷ്ട്രീയധാരണ നടപ്പിൽവരുത്തണമെന്നുംആദ്യഘട്ടത്തിൽ കരാറിൽ ഒപ്പു വയ്ക്കുന്ന രാഷ്ട്രങ്ങൾ അണുവായുധങ്ങൾ ഉൾപ്പെടെ 1951 ഡിസംബർ 31-ാംനു- നിലവിൽ ഉണ്ടായിരുന്ന സൈന്യശക്തി വർദ്ധിപ്പിക്കുന്നതല്ലെന്നു് പ്രതിജ്ഞ ചെയ്യണമെന്നും എന്നാൽ ചൈന, ബ്രിട്ടൻ,ഫ്റാൻസ്,അമേരിക്ക, സോ: യൂണിയൻ എന്നീ രാജ്യങ്ങൾഅതാതിൻെറ സൈനികശക്തിയെപ്പററിയുള്ള വിവരങ്ങൾ നിരായുധീകരണക്കമ്മീഷനു് നൽകണമെന്നും, സോ: യൂണിയൻ, യു. എസ്., ചൈനാ എന്നീ രാജ്യങ്ങളുടെ സൈന്യസംഖ്യ പതിനഞ്ചോ, പതിനഞ്ചോ ലക്ഷത്തിൽ കൂടരുതെന്നും, ബ്രിട്ടൻ ഫ്റാൻസ് എന്നീ രാജ്യങ്ങളെ സംബന്ധിച്ചു് 6,50000 ത്തിൽ കവിയരുതെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ആററം ഹൈഡ്റജൻ ആയുധങ്ങളുടെ പരീക്ഷണം നിറുത്തിവയ്ക്കണമെന്നും മററും നിർദ്ദേശത്തിൽ പറയുന്നുണ്ടു്. ഈ നിർദ്ദേശത്തെപ്പററി രാജ്യമീമാംസകർ അവഗാഢം പരിചിന്തിച്ചുകൊണ്ടിരിക്കുകയാണ്. ഏതായാലും ഈ പുതിയ നിർദ്ദേശം സോവ്യററുനേതാക്കന്മാരുടെ ആത്മാത്ഥതയിൽനിന്നുടലെടുത്തതല്ല. മാരകായുധങ്ങൾ നിരോധിക്കണമെന്നു് ഭംഗിവാക്കു പറയുന്നതിൽ ഭേദം രാഷ്ട്രങ്ങൾതമ്മിലുള്ള പരസ്പരധാരണ വളത്തുകയാണ്. പരിപൂണ്ണനിരായുധീകരണത്തിനുള്ള എളുപ്പമാഗ്ഗം ഹൃദയംതുറന്നുള്ള സഹകരണമാണ്. രാഷ്ട്രങ്ങൾ തമ്മിൽ ആത്മാത്ഥതയുള്ള സഹകരണംകൂടാതെ,ഒരു കൂട്ടർ തങ്ങളുടെ കൈയിലുള്ള മാരകായുധങ്ങളെപ്പററി യാതൊരു വിവരവും ലോകത്തിനു നൽകാതെ മറെറാരു കൂട്ടരുടെ കൈ

യിൽ ഉള്ള ആയുധങ്ങൾ നിരോധിക്കണമെന്നു പറഞ്ഞാൽ അതു പ്രായോഗികമല്ല. അതുതന്നെയല്ല ഈ പുതിയ നിരായുധീകരണനിർദ്ദേശം അവതരിപ്പിക്കുന്ന സോവിയററു യൂണിയൻ ഇക്കൊല്ലത്തെ ബഡ്ജററിൽ കഴിഞ്ഞകൊല്ലത്തേക്കാൾ പ്രതിരോധച്ചെലവു 12 ശതമാനം വർദ്ധിപ്പിച്ചിട്ടുമുണ്ട്. അങ്ങനെ ദൈനംദിനമെന്നോണം സോവിയററുയൂണിയനിൽ സൈനികാവശ്യങ്ങൾക്കു വേണ്ടിയുള്ള ചിലവ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

—ം—


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കു പുറമെ " 8—12—0


## ലോകമാതേ!

(പ്ലെയിററിങ്ങ് "രാജാവേ വാഴ്ക" പോലെ)

രാജേശ ഭാഗ്യമാതേ മേരി
രാജേശ ഭാഗ്യമാതേ......
രാജേശ ഭാഗ്യമാതേ
വാനോർജനം സദാപി സുകൃതാഭിരാമയാം നിൻ
അപദാനമോതിടുന്നു—രാജേശ ഭാഗ്യ...
മാലോകരും തഥൈവ പാപഭീയാപഹാരി
സുരദീപദീപ്തി നിന്നിൽ പൊങ്ങി നിറഞ്ഞിടുന്നു
ത്രിലോകരാജ്ഞിയാം നീ യാലംബമേ ദയാബ്ധേ
(രാജേശ ഭാഗ്യ...)
ഭീയായിടുന്നു നാഥേ അപരാധചിന്തയാലെ
പരദിനശാന്തിയങ്ങേക്കിൻപം തരുന്നതല്ലോ
തായേ വരാംശുവേക എൻപാപശാന്തി നേത്രേ
(രാജേശ ഭാഗ്യ....)
അമ്മേയമന്ദ നിന്നിൽ മന്നാധിമന്നനീശാ
പരിപൂതരാഗവാരി തൂകി സഹായമേകാൻ
പാപാർത്തിയാലെ ഭൂമി താപാർത്തിയാന്നനാളിൽ
(രാജേശ ഭാഗ്യ...)
സൽക്കർമ്മസൂനഹാരം നിൻ ചാരു പിൻതുണയ്ക്കായ്
ഉപഹാരമായി നൽകാം വരമാരിലോകമാതേ
തവസൂനുവാകുമെന്നിൽ മേലും ചൊരിഞ്ഞിടേണേ.
(രാജേശ ഭാഗ്യ...)

(ജി. പുഷ്പനായകം)


**HOLY CROSS FATHERS**

ചിററഗോങ്ങ് മിഷനു വേണ്ടി ഈ സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഉടൻ അപേക്ഷിക്കുക.

V. Rev. Fr. McClure C. S. C.,
C/o Rector, St. Joseph's Mission Home,
PALAI P. O.





(10-ാംപേജ് തുടർച്ച)

സദുദ്ദേശത്തോടു കൂടിയവയാണോ? അല്ല; അധികവും അനാവശ്യങ്ങളാണ്.

നമ്മളിൽ ആരെങ്കിലും പറയുന്നതിനുമുമ്പായി രണ്ടുപ്രാവശ്യമെങ്കിലും ചിന്തിക്കുന്നുണ്ടോ? എന്തിനു്, ഒരിക്കലെങ്കിലും അപ്രകാരം ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ചരിത്രത്തിനുപയോഗിച്ച കുതന്ത്രങ്ങളും, കുട്ടികളോടുള്ള അതിസ്നേഹവും മററും നാമെത്ര ആവേശത്തോടുകൂടിയാണ് വർത്തമാനത്തിൻെറ തിരക്കിൽ വിവരിക്കുന്നതു്. നമ്മുടെ മുഖ്യരഹസ്യങ്ങൾകൂടി വെളിപ്പെടുത്തിപ്പോകാറില്ലേ?

കുളിക്കടവിലും മററു സൗകര്യമുള്ള പൊതുസ്ഥലങ്ങളിലുംവെച്ച് നാം എന്തൊക്കെയാണു സംസാരിക്കുന്നതു്. ആരെയൊക്കെ പററിയാണ് നാം കുററംപറയാത്തതു്. അത്ഭുതകരമായ എത്രയെത്ര കുടുംബരഹസ്യങ്ങളാണ് നാം ദിനംപ്രതി കൈമാറുന്നതു്. ഇവയ്ക്കൊന്നിനുംതന്നെ അടിസ്ഥാനമുണ്ടായിരിക്കുകയില്ല. മിക്കവാറും അവനവനിൽ ഒളിഞ്ഞുകിടക്കുന്ന അസൂയനിറഞ്ഞ ഭാവനയായിരിക്കും അവയെ ഉല്പാദിപ്പിക്കുന്നതും വളർത്തുന്നതും. അപ്രകാരം നാമറിയാതെതന്നെ എത്ര വലിയ കുററങ്ങൾക്കാണു നാം ഉത്തരവാദികളായിത്തീരുന്നതു്. അന്യരെ അപമാനിക്കുന്നതും, അവഹേളിക്കുന്നതുമായ രഹസ്യങ്ങൾ നമ്മുടെ കൈയിൽ കിട്ടിയാൽ നാം തിക്കുമുട്ടുകയായിരിക്കും അതു പുറത്തുവിടുവാൻ. ഈ സന്ദർഭങ്ങളിലെല്ലാം നിശ്ശബ്ദത പരിപാലിക്കുന്നുവെന്നുവരികിൽ എത്രനല്ല ഒരു പ്രവൃത്തിയായിരിക്കുമതു്.

കഴിയുമെങ്കിൽ, നിശ്ശബ്ദതയുടെ ഒരു നിത്യോപാസകയായിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. പിൻവലിക്കാനും അനുതപിക്കാനും ഇടവരുത്തുന്ന വാക്കുകൾ ഒരിക്കലും എന്നിൽനിന്നും പുറപ്പെടാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

യഥാർത്ഥത്തിൽ നിശ്ശബ്ദത എത്ര മഹത്താണ്. മനുഷ്യൻെറ മനസ്സിനു ശാന്തിനൽകുന്നതിനു് അതിനുള്ള കഴിവു അന്യാദൃശമാണ്. അതിനു ദീർഘദൃഷ്ടിയുണ്ടു്; വിവേകമുണ്ടു്; മനുഷ്യനെ നിയന്ത്രിക്കാനും, ചിന്തിപ്പിക്കാനുമുള്ള കഴിവുമതിനുണ്ടു്. ചുരുക്കത്തിൽ ശരിയായ നിശ്ശബ്ദത വാചാലമാണ്. ശബ്ദം ചെലുത്തുന്നതിലും കൂടുതലായ പ്രേരകശക്തി നിശ്ശബ്ദതയ്ക്കു പ്രയോഗിക്കാൻ കഴിയും.

എൻെറ ഈ ആറാഴ്ചക്കാലത്തെമൗനവ്രതം ഒരു പരിപൂർണ്ണ വിജയംതന്നെയാണ്. ഒരുകൊല്ലം മുറവിളികൂട്ടിയാലും നടക്കാത്ത കാര്യങ്ങൾ ഭംഗിയായി, വളരെ എളുപ്പത്തിൽ, നിശ്ശബ്ദതയുടെ അദൃശ്യമായ പ്രഭാവത്താൽ നടന്നിരിക്കുന്നു. അതുകൊണ്ട് കുടുംബചരിത്രങ്ങൾമൂലം സമാധാനം നഷ്ടപ്പെട്ടിരിക്കുന്ന കുടുംബാംഗങ്ങളോടു് ഈ ഔഷധം ഞാൻ ഉപദേശിക്കുന്നു. പ്രത്യേകിച്ച് സ്ത്രീകൾ—അമ്മമാരും, ഭാര്യമാരും, ഭാര്യമാരാകാനുള്ളവരും—ഇതഭ്യസിക്കുന്നുവെങ്കിൽ കുടുംബത്തിൽ മുക്കാൽഭാഗവും ശാന്തിയും സമാധാനവും കൈവന്നുകഴിഞ്ഞു.

## ഇടവകവാർത്തകൾ

**മീനടം:** ഈ പള്ളി വികാരി റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ അവർകളുടെ യാത്ര അയപ്പ് പ്രമാണിച്ച് ആളൂർ പബ്ളിക്ക് ലൈബ്രറി വകയായി ആളൂർ പ്രൈമറി സ്കൂൾ ഹാളിൽ വച്ച് മേയ് 15-ാംനു ഒരു യാത്ര അയപ്പു സൽക്കാരം നടത്തിയിരിക്കുന്നു. ജാതിമതഭേദമെന്യേ നാട്ടിലെ എല്ലാ പ്രമുഖ വ്യക്തികളും സൽക്കാരത്തിൽ പങ്കുകൊണ്ടു. സാഹിത്യവിശാരദ് ജോസഫ് ജെ. പരപ്പനാട്ട് കെ. സി ജോർജ്ജ് തുടങ്ങിയവർ ടോസ്റ്റ് പ്രസംഗങ്ങൾ നടത്തി.

**ചെല്ലാനം:** സ്ഥലം സെൻറു് സെബാസ്ത്യൻസ് പള്ളിയിൽകർത്താവിൻെറസ്വർഗ്ഗാരോഹണ തിരുനാൾ ദിവസം കുട്ടികളുടെ ആദ്യകുർബാന കൈക്കൊള്ളൽ കർമ്മം നടന്നു. 83 കുട്ടികളാണ് വിശുദ്ധ കുദാശ സ്വീകരിച്ചതു്. ആക്ടിംഗ് വികാരി റവ. ഫാദർ അഗസ്റ്റിൻ കളത്തറ എം. എ. അവർകൾ കുട്ടികളെ ഒരുക്കിയ ഗുരുക്കന്മാർക്ക് പ്രത്യേക സമ്മാനങ്ങൾ തദവസരത്തിൽ നൽകി.

**മുട്ടുചിറ:** സ്ഥലത്തെ മിഷ്യൻലീഗ്, സൊഡാലിററി, വിൻസെൻറു ഡി പോൾ, സത്യാരാധന തുടങ്ങിയ വിവിധഭക്തസംഘടനകളുടെ സംയുക്തവാർഷികം മേയ് 15-ാംനു വെരി റവ. ഫാ. ഹില്ലാരിയോൻ T. O. C. D. M. A. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

രാവിലെ 6-15നു് ഡയറക്ടർ വെ. റവ. ഫാ. സെബാസ്ത്യൻ മററം പതാക ഉയർത്തി. അനന്തരം ആഘോഷമായ പാട്ടുകുർബ്ബാനയും സംഘാംഗങ്ങളുടെ പൊതുദിവ്യകാരുണ്യസ്വീകരണവും നടന്നു.

2-30നു് പബ്ളിക്ക് മീററിംഗ് കൂടി. ശ്രീ കെ. ജെ. ജേക്കബ് M. A. M. S. W. ബ്രദർ കെ. സി. പുല്ലോപ്പിള്ളി ഇവർ പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു് കുട്ടികളുടെ വിവിധകലാപ്രകടനങ്ങൾ ഉണ്ടായിരുന്നു. പെൺകുട്ടികൾ "കുഞ്ഞനുജത്തി" എന്ന പ്രഹസനം അഭിനയിച്ചു.

**വ. പറവൂർ:** സ്ഥലം ഫൊറോനാപള്ളി ഇടവകയിൽനിന്നും മിസ്സ് പി. ഏലിക്കുട്ടി ആലപ്പാട്ട്, സാഗർമിഷ്യനിൽ പ്രേഷിതവേലയ്ക്കായി മേയ്മാസം 1-ാംനു ഞായറാഴ്ച പുറപ്പെട്ടിരിക്കുന്നു. വളരെ നാളത്തേക്ക് സൊഡാലിററി ഗേൾസ് സെക്ഷൻെറ പ്രീഫക്ടായി ഏലിക്കുട്ടി സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമത്രെ.

**മൂക്കന്നൂർ:** സ്ഥലം മരിയസഖ്യത്തിൻെറ 24-ാമതും സെൻറു് വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ അഞ്ചാമതുംസംയുക്ത വാർഷിക മഹാമഹം ചെറുപുഷ്പം പത്രാധിപർ റവ. ഫാദർ ഫെലിക്സ് T. O. C. D. M. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു. ഡയറക്ടർ റവ. ഫാദർ ഫിലിപ്പ് കാനാട്ട് സ്ഥലം മരിയസഖ്യത്തിൻെറ രജതജൂബിലി വർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തുകൊണ്ടു സ്വാഗതപ്രസംഗം നടത്തി. പ്രൊഫസർ, ഓ. ജെ. ആൻറണി M. A., കുമാരി ത്രേസ്യാമ്മ തോമസ്സ് തെക്കേകണ്ടത്തിൽ B. A. B. L. എന്നിവർ പ്രസംഗിച്ചു. സൊഡാലിററി ബാലികമാരുടെ ഗാനങ്ങളും വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു. "ജീവിതം" എന്ന ഗദ്യനാടകം B. V. M. നടനകലാസമിതി അംഗങ്ങളാൽ അഭിനയിക്കപ്പെട്ടു.

**ഇടത്വാ:** സ്ഥലം പള്ളി അസിസ്റ്റൻറു വികാരിയായിരുന്ന റവ. ഫാ. ജയിംസ് വെട്ടിക്കാടിൻെറ ഉപ്പുതറപള്ളിയിലേക്കുള്ള സ്ഥലം മാററം പ്രമാണിച്ച് ഒരു യാത്രഅയപ്പുയോഗം നടന്നു. വിവിധ സംഘടനകളുടെ വകയായി സുകൃതമഞ്ജരികളും സമ്മാനങ്ങളും നൽകപ്പെട്ടു. തുടർന്നു ബ. ശെമ്മാശന്മാരും വിവിധസംഘടനാപ്രതിനിധികളും ചേർന്നു് അദ്ദേഹത്തെ സ്പെഷ്യൽകാറിൽ ഉപ്പുതറപള്ളിയിൽ കൊണ്ടുചെന്നു വിട്ടു. റവ. ഫാദർ തോമ്മസ് നടുവിലേപ്പറമ്പ് അവർകളാണ് പകരം ചാർജെടുത്തിരിക്കുന്നതു്.

**മുണ്ടൂർ:** സ്ഥലത്തെ വിൻസെൻറു് ഡിപോൾ സംഘത്തിൻെറ വാർഷികം മേയ് 15-ാംനു റവ. ഫാദർ റെജിനാൾഡ് അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കുകയുണ്ടായി. തദവസരത്തിൽ സംഘാംഗങ്ങൾ "കണ്ണുനീരിൻെറ പുത്രി" എന്ന പ്രഹസനം അഭിനയിക്കുകയുണ്ടായി.

**നെയ്യശേരി:** ഇടവകസന്ദർശനം പ്രമാണിച്ച് എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ റൈററു് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് 12-ാംനു വ്യാഴാഴ്ച ഉച്ചകഴിഞ്ഞു നാലരമണിക്കു് ഇവിടെ ആഗതനായി. ദൈവഹിതാശീർവ്വാദം, പ്രസംഗം, സിമിത്തേരിവെഞ്ചരിപ്പു മുതലായവ അന്നുതന്നെ നിർവ്വഹിച്ചു. പിറേറദിവസം രാവിലെ തിരുമേനിയുടെ കുർബാനയ്ക്കു 125 കുട്ടികൾ പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തി. കുർബാനയ്ക്കുശേഷം 700-ൽപ്പരം കുട്ടികൾക്കു സൈഥൈലേപനം നൽകുകയുണ്ടായി. ഉച്ചയ്ക്കു സ്ഥലം സെൻറു് വിൻസെൻറു് ഡി പോൾ സംഘാംഗങ്ങളുടെ ആഭിമുഖ്യത്തിൽ തിരുമേനിയുടെ ബഹുമാനാർത്ഥം സാധുക്കൾക്കു വിഭവസമൃദ്ധമായ ഒരു സദ്യ നൽകി. തിരുമേനിതന്നെയാണ് ആദ്യം അവർക്കു വിളമ്പിക്കൊടുത്തതു്.

**നെടിയകാട്:** സ്ഥലം ലിസ്യൂപള്ളിയിലെ സെൻറു് വിൻസെൻറു് ഡി പോൾ, ചെറുപുഷ്പമിഷൻലീഗ്, സൊഡാലിററി ഇവയുടെ സംയുക്തവാർഷികം മേയ് 15-ാംനു ഞായറാഴ്ച 3 മണിക്കു് സ്ഥലം സ്കൂൾഹാളിൽവച്ച് റവ. ഫാ. ജയിംസ് വെമ്പിള്ളി എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. യോഗത്തിൽ എ. ടി. ദേവസ്യാ എം. എ. യും, എ. കെ. അഗസ്റ്റിനും പ്രസംഗിച്ചു. ഇടയ്ക്കു കുട്ടികളുടെ വിവിധവിനോദപ്രകടനങ്ങൾ നടന്നു.

**പുത്തൻപള്ളി:** മരിയസഖ്യവാർഷികം പരിശുദ്ധ കുർബാനയുടെ വാഴ്വിനുശേഷം റവ. ഫാ. അലക്സാണ്ടർ വടക്കുംതലയുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ തോമസ് പോൾ, മിസ് ടി. എൽ റാണി B. Sc. എന്നിവർഓരോപ്രസംഗംചെയ്തു.

## വിവാഹ വാർത്തകൾ

**ഉദയംപേരൂർ:** ഈ ഇടവക കാളാംപറമ്പിൽ ഉലഹന്നാൻ മാത്യു അവർകളുടെ പുത്രൻ ശ്രീ ജോണും കടവന്ത്ര മാളിയവീട്ടിൽ ശ്രീ അവുസേപ്പ് കുരുവിളയുടെ പുത്രി റോസമ്മയും തമ്മിലുള്ള വിവാഹം മേയ് 9-ാംനു കോന്തുരുത്തി പള്ളിയിൽവച്ച് നടത്തപ്പെട്ടു. വിവാഹാശീർവ്വാദം റവ. ഫാ. ജോസഫ് ശങ്കുരിക്കൽ നിർവ്വഹിച്ചു.

**ഉപ്പുതറ:** സ്ഥലംസെൻറു്ഫിലോമിനാ പള്ളി ഇടവക പാറച്ചാലിൽ ഉലഹന്നാൻെറ പുത്രൻ ദേവസ്യാച്ചനും ശൗര്യാംകുഴിയിൽ ചാക്കോയുടെ പുത്രി മറിയക്കുട്ടിയും തമ്മിലുള്ള വിവാഹം മേയ് 16-ാംനു തിങ്കളാഴ്ച സമംഗളം നടത്തപ്പെട്ടിരിക്കുന്നു. റവ. ഫാദർ ജയിംസ് വെട്ടിക്കാട്ട് അവർകൾ വിവാഹം ആശീർവ്വദിച്ചു.

**മേലുകാവ്:** അഞ്ചുകണ്ടത്തിൽ ശ്രീ കുരുവിള അവർകളുടെ പുത്രൻ എ. കെ. തോമസും തിടനാട്ട്, തെള്ളിയിൽ ശ്രീ ജേക്കബ് മാത്യൂ അവർകളുടെ പുത്രി കുമാരി മേരിക്കുട്ടിയും തമ്മിലുള്ള വിവാഹം 9-ാംനു മേലുകാവ് സെൻറു് തോമസ് ദേവാലയത്തിൽവച്ച് സമംഗളം നടന്നിരിക്കുന്നു."

**മുണ്ടൂർ:** ഈ ഇടവക താണിക്കൽ കോടങ്കണ്ടത്തു് ശ്രീ ലോനപ്പൻ മകൾ കമ്മലയും മററം ഇടവക കാക്കശ്ശേരി ശ്രീ തോമ മകൻ ഫ്രാൻസിസും തമ്മിലുള്ള വിവാഹം ഈ പള്ളിയിൽവച്ച് സമംഗളം നടന്നിരിക്കുന്നു.

**എലിക്കുളം:** സ്ഥലം ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്റർ, പി. എം തോമ്മസ് ബി .എ. പവ്വത്തു് അവർകളും കപ്പാട്ട് ഞാവള്ളിൽ ശ്രീ ചാണ്ടി അവർകളുടെ പുത്രി എലിസബെത്തും തമ്മിലുള്ള വിവാഹം മേയ് 16-ാംനു സ്ഥലം പള്ളിയിൽവച്ച് നടന്നു. വരൻെറ ജ്യേഷ്ഠസഹോദരൻ റവ. ഫാ. എബ്രാഹം പവ്വത്തു് അവർകൾ വിവാഹകർമ്മം ആശീർവ്വദിച്ചു. മററു പല ബ. വൈദികപ്രമുഖരും സന്നിഹിതരായിരുന്നു. റവ. ഫാ. ജെ വട്ടക്കാട്ട് പ്രസംഗം നടത്തി. അനന്തരം പൗവ്വത്തു ബംഗ്ലാവിൽവച്ച് ഹാരാർപ്പണം, മംഗളപത്രസമർപ്പണം മുതലായവ നടന്നു.

**പള്ളിപ്പുറം:** ഈ ഇടവക ഓന്തിരിക്കൽ ശ്രീ ഉലഹന്നൻ അവർകളുടെ പുത്രി കുമാരി എലിസമ്മയും, കോതമംഗലംപള്ളി ഇടവക ചക്കിയത്തു മി. വറിയതിൻെറ പുത്രൻ കുര്യാക്കോസും തമ്മിലുള്ള വിവാഹം ഇവിടെവച്ച് സമംഗളം നടന്നു. വെരി റവ. ഫാ. ജോസഫ് പഞ്ഞിക്കാരൻ വിവാഹകർമ്മം ആശീർവ്വദിച്ചു.

# അദ്ധ്യാപകസഹോദരങ്ങളോട് ഒരാഹ്വാനം

(കെ. ഇ. ജോബ് എം. ഏ. എൽ. ടി.)

സമർത്ഥനായ ഒരു കൃഷിക്കാരൻ തൻെറ പഴയ കൃഷിത്തോട്ടങ്ങളെ ശരിയായി അതിരുറപ്പിച്ചു വേണ്ടവിധത്തിൽ നിലമിളക്കിയും വളമിറക്കിയും ആദായം വർദ്ധിപ്പിക്കുന്നതോടൊപ്പം പുതിയ വനപ്രദേശങ്ങൾ പതിപ്പിച്ചെടുത്തു. കാടു വെട്ടിത്തെളിച്ചു പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യാറുള്ളതുപോലെ, നമ്മുടെ മാതാവായ കത്തോലിക്കാ തിരുസഭയും അക്രൈസ്തവജനങ്ങളെ സുവിശേഷം പഠിപ്പിച്ചു തിരുസഭയിൽ ചേർക്കുന്നതോടൊപ്പം പഴയ വിശ്വാസികളുടെ സന്താനങ്ങളെ കാലോചിതമായ വിദ്യാഭ്യാസംമൂലം വിശ്വാസത്തിൽ സ്ഥിരപ്പെടുത്തി നിലനിറുത്തിക്കൊണ്ടു പോരുന്നതിൽ ബദ്ധശ്രദ്ധയായിരിക്കുന്നു. ഈ കാരണത്താലാണ് ലോകമാസകലമുള്ള കത്തോലിക്കർ തങ്ങളുടെ വിശുദ്ധസഭയുടെ സംരക്ഷണത്തിൽ വിദ്യാലയങ്ങൾ നടത്തുന്നതിനു വേണ്ടി തങ്ങളുടെ കഴിവിൽ കവിഞ്ഞ പണം ചെലവഴിക്കുകയും അവയുടെ പവിത്രതയെ സംരക്ഷിക്കുവാൻവേണ്ടി ബലിഷ്ഠമായ ഗവൺമെൻറുകളോട് ന്യായവാദം ചെയ്യുകയും മല്ലുവെട്ടുകയും ചെയ്യുവാൻ മടിക്കാത്തത്. കത്തോലിക്കാവിദ്യാലയങ്ങൾ സ്ഥാപിച്ചാൽ മാത്രം കത്തോലിക്കരുടെ സന്താനങ്ങൾക്ക് ശരിയായ കത്തോലിക്കാ പരിശീലനം കൈവരികയില്ലെന്നുള്ളത് നമ്മുടെ സാധാരണ ജനങ്ങൾ മാത്രമല്ല അഭ്യസ്തവിദ്യന്മാരായ ചില അദ്ധ്യാപകർപോലും വേണ്ടവിധം ഗ്രഹിച്ചിട്ടുണ്ടോ എന്നുള്ളത് സംശയാസ്പദമാണ്. ജ്ഞാനസ്നാനംമൂലം കത്തോലിക്കാസഭയിലേക്ക് ജനിക്കുന്ന ഒരു ശിശു ഒരു യഥാർത്ഥ കത്തോലിക്കനായി വളരണമെങ്കിൽ അതിനു കത്തോലിക്കാ സഭയുടെ ആദർശമനുസരിച്ചുള്ള മാനസികവും ആദ്ധ്യാത്മികവുമായ പരിശീലനം അവശ്യാവശ്യമാണ്. ആകയാൽ നമ്മുടെ വിദ്യാലയങ്ങൾ കത്തോലിക്കാ ആദർശമനുസരിച്ചു നടത്തപ്പെടുന്നില്ലെങ്കിൽ അവ കേവലം നിർമ്മത (Neutral Schools) വിദ്യാലയങ്ങൾ മാത്രമായിരിക്കും. അങ്ങനെയുള്ള വിദ്യാലയങ്ങളിൽക്കൂടി കയറി ഇറങ്ങുന്ന വിദ്യാർത്ഥികൾ കേവലം നിർമ്മതന്മാരോ മതവിരോധികളോ ആയിത്തീരുകയും ചെയ്യും. അല്ലാതെ അവർ അഭ്യസ്തവിദ്യരായ കത്തോലിക്കാ പൗരന്മാരാകയില്ല.

ആദർശപരമായ കത്തോലിക്കാ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ചില വിദഗ്ദ്ധാഭിപ്രായങ്ങൾ ഈ ഘട്ടത്തിൽ നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നു. ഏതത്സംബന്ധമായി ഒരമേരിക്കൻ ജെസ്യൂട്ട് പണ്ഡിതൻ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു:-

"For the children of Catholic parents, as the Vicar of Christ has emphatically stated in his encyclical on Christian Education, not only is the thorough teaching of Christian Doctrine to occupy the place of primacy throughout the entire curriculum, from the lowest to the highest classes, but it is to permeate the entire teaching, wherever the subject matter touches upon religious or moral questions, as it actually does in almost every branch" (Quoted from P. Sontag's Meditations Vol. 1 P. 42)

ഈ ഉദ്ധൃതവാക്യത്തിൻെറ സാരാംശം വിദ്യാലയപാഠപദ്ധതിയിൽ ആദ്യന്തം മതതത്വങ്ങൾക്കു പ്രഥമസ്ഥാനം നൽകണമെന്നും, ഓരോ വിജ്ഞാനശാഖയിലും മതവും സന്മാർഗ്ഗവും തമ്മിലുണ്ടാകാവുന്ന പരസ്പരബന്ധങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കി കൊടുക്കേണ്ടതാണെന്നും ആണ്.

മേൽപറഞ്ഞ ആദർശങ്ങളനുസരിച്ചാണോ നാം നമ്മുടെ വിദ്യാലയങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടുപോകുന്നതെന്ന് എൻെറ അദ്ധ്യാപക സഹോദരങ്ങൾ സദയം പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളട്ടെ. പാഠപദ്ധതിനിർമ്മാണത്തിലും വിദ്യാലയങ്ങളുടെ മാനേജ്മെൻറിലും നമ്മുടെ അദ്ധ്യാപകർക്ക് വേണ്ടത്ര അംശഭാഗിത്വമില്ലെന്നുള്ളത് പരമാർത്ഥമായിരിക്കാം. പക്ഷേ നമുക്കു കഴിവതു മുഴുവൻ ആത്മാർത്ഥമായി ചെയ്തു തീർക്കുവാനുള്ള സൻമനോഭാവവും സന്നദ്ധതയും കത്തോലിക്കരായ അദ്ധ്യാപകസഹോദരങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്. നാം അപ്രകാരം ചെയ്യാതിരിക്കുന്നപക്ഷം അതു നമ്മുടെ കൃത്യനിഷ്ഠയിൽ ഒരു തീരാക്കളങ്കമായിരിക്കും. പരിപാവനമായ അദ്ധ്യാപകവൃത്തി യഥാവിധി നിർവ്വഹിക്കുന്ന ഒരു കത്തോലിക്കൻ, അനേകം കത്തോലിക്കാപൗരന്മാരുടെ മതപരവും ആദ്ധ്യാത്മികവുമായ രൂപവൽക്കരണത്തിൽ മികച്ച ഒരു ഭാഗമാണ് വഹിക്കുന്നതെന്നോർക്കണം. ഈ വീക്ഷണകോണത്തിൽ കൂടി നോക്കുന്ന പക്ഷം ഒരദ്ധ്യാപകൻ ചെയ്യുന്ന ജോലികൾ, ഒരു വൈദികൻ അനുഷ്ഠിക്കുന്ന കൃത്യങ്ങളോടു വളരെ സമീപിച്ചു നിൽക്കുന്നതായി കാണാം.

ഈ ഘട്ടത്തിൽ സെൻറ് ജോൺ ക്രിസോസ്റ്റം (അഥവാ പൊന്നിൻ നാവുള്ള മാർ ഈവാനിയോസ്) ഒരിക്കൽ ആവിഷ്കരിച്ചിട്ടുള്ള ഒരാശയം എൻെറ സ്മരണാമണ്ഡലത്തിൽ ഉയർന്നുവരുന്നു. കരടിക്കുട്ടികൾ ജനിക്കുന്ന അവസരത്തിൽ അവയ്ക്കു കരടിയുടെ ആകൃതിയേ ഇല്ല. അവയ്ക്കു ആ ആകൃതി പിന്നീടു ലഭിക്കുന്നത് തള്ളക്കരടിയുടെ നക്കൽകൊണ്ടാണ്. അതുപോലെയാണ് ഉത്തമനായ ഒരദ്ധ്യാപകൻ തൻെറ ബോധനക്രിയമൂലം ശിഷ്യന്മാർക്കു ശരിയായ സ്വഭാവരൂപവല്ക്കരണം നൽകുന്നത്. സ്വന്ത സന്മാതൃകകൊണ്ടും ധാർമ്മികബോധനംകൊണ്ടും തൻെറ കീഴിലുള്ള ശിഷ്യരുടെ സ്വഭാവത്തെ ശരിയായി കരുപ്പിടിപ്പിക്കാൻ ചുമതലപ്പെട്ട അദ്ധ്യാപകൻ, ആ മഹനീയകൃത്യം യഥാവിധി നിർവ്വഹിക്കാത്തപക്ഷം അവൻ ദൈവതിരുസന്നിധിയിൽ അതിനു നിന്നും ഇന്നും സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്നുള്ള ചിന്ത ഓരോ അദ്ധ്യാപകനിലും സദാപി കുടികൊള്ളേണ്ടതാണ്. അദ്ധ്യാപകവൃത്തി കേവലം ഒരു ധനാഗമനമാർഗ്ഗമായി സ്വീകരിക്കുന്നത് പരമാബദ്ധമാണ്. അതു "ഉദ്യോഗങ്ങളിൽവച്ച് ശ്രേഷ്ഠതമവും, എന്നാൽ തൊഴിലുകളിൽ വച്ച് കൂടുതൽ പരിതാപകരവുമാ"ണെന്നുള്ളത് പ്രസിദ്ധമാണല്ലോ. പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ ധനസ്ഥിതി പഴയപടിയിൽനിന്നും സാരമായി ഉയർന്നിട്ടുള്ള ഇക്കാലത്ത്, അവർ പൂർവ്വാധികം തീക്ഷ്ണതയോടുകൂടി തങ്ങളുടെ മതബോധനകൃത്യങ്ങളനുഷ്ഠിക്കാത്തപക്ഷം, അതു കാരുണ്യവാരിധിയായ സർവ്വശക്തൻെറനേരെ അവർ പ്രകടിപ്പിക്കുന്ന ഒരു കൃതഘ്നത മാത്രമായിരിക്കും.

ഈ നാട്ടിലെ കത്തോലിക്കാ വിദ്യാലയങ്ങളിൽ നടത്തപ്പെടുന്ന മതബോധനസമ്പ്രദായത്തിൽ അപരിഹാര്യമായ പല ന്യൂനതകളുണ്ട്. അതിലൊന്നു മതബോധനം, പാഠകാര്യപ്പട്ടികയിൽനിന്നും പുറംതള്ളപ്പെട്ട വിധത്തിൽ നടത്തുന്നുവെന്നുള്ളതാണ്. അതേപ്പറ്റി മുൻപു നാം ഉദ്ധരിച്ചിട്ടുള്ള ഫാ. സൊൺടാഗ് എസ്. ജെ. വിലപിക്കുന്നതിങ്ങനെയാണ്:-

There are few errors more pernicious to true education than the segregation of secular and religious teaching, and the relegation of the latter to isolated periods.

ഏതായാലും മറു നിവൃത്തിയില്ലായ്കയാൽ ഈ അബദ്ധസമ്പ്രദായം സ്വീകരിക്കുവാൻ നാം നിർബന്ധിതരായി തീർന്നിരിക്കുകയാണ്. ആകയാൽ കത്തോലിക്കരായ അദ്ധ്യാപകസഹോദരങ്ങളുടെ കൃത്യം (To make the best of a bad situation) ഈ ദുഷിച്ച പരിതസ്ഥിതിയെ കഴിയുന്നത്ര ശരിയായി വിനിയോഗിക്കുക മാത്രമാണ്. ഓരോ സാദ്ധ്യായദിവസത്തിൻെറയും അവസാനത്തെ പീരീയേഡുകൾ മതബോധനത്തിനു മാറിവയ്ക്കുന്നതുമൂലം അദ്ധ്യേതാക്കൾക്കുണ്ടാകുന്ന വിരസതയും, അദ്ധ്യാപകർക്കുണ്ടാകുന്ന തളർച്ചയും അനുഭവസ്ഥർക്കേ അറിഞ്ഞുകൂടൂ. പക്ഷേ കുരിശുവഹിക്കാതെ കിരീടം ലഭിക്കുമോ? അതും സന്തോഷത്തോടും ക്ഷമയോടുംകൂടി സഹിക്കേണ്ടിയിരിക്കുന്നു എന്നുകൂടി പറയണം.

ഇങ്ങനെ ശിശുക്കൾക്കു കൊടുക്കുന്ന ലഘുവായ മതബോധനം കൊണ്ട് കത്തോലിക്കാ വിദ്യാലയാധികൃതന്മാർ തൃപ്തിയടയാമോ? പാടില്ലെന്നുള്ളതു സ്പഷ്ടമാണ്. ഇക്കാലത്തു ലോകം മുഴുവനിലും നിരീശ്വരാശയങ്ങളും അധാർമ്മികമായ വിപ്ലവാശയങ്ങളും അങ്ങനെ ഓളംതല്ലി അലച്ചുമറിയുകയാണ്. ഇടതുപക്ഷാശയങ്ങൾ വഹിച്ചുകൊണ്ടു കുതിച്ചുപായുന്ന രക്തഗ്രന്ഥങ്ങളും മഞ്ഞപ്പത്രങ്ങളും ദുർമ്മാർഗ്ഗചിത്രങ്ങളും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നിരന്തരമുദ്രാവാക്യങ്ങളുമെല്ലാം കത്തോലിക്കാബോധനങ്ങളുടെ നേരെയുള്ള ഊക്കേറിയ കൈയേറ്റങ്ങളാണ്. ഈവക ദുർബോധനങ്ങളുടെ വേലിയേറ്റം നമ്മുടെ യുവജനങ്ങളുടെ പാവനഹൃദയങ്ങളെ മലിനപ്പെടുത്താതിരിക്കുവാൻ എന്തെല്ലാം കരിങ്കൽ പുലിമുട്ടുകൾ നാം ഇട്ടാപ്പിച്ചാലും അധികമായിപ്പോകുകയില്ല. അതിനുള്ള ഒരു സ്വമേധാസൈന്യമായി, സൗകര്യവും സന്മനോഭാവവുമുള്ള നമ്മുടെ കത്തോലിക്കാദ്ധ്യാപകസഹോദരങ്ങൾ, അരയും തലയും മുറുക്കി മുൻപോട്ടിറങ്ങിയില്ലെങ്കിൽ പിന്നെ, ആ ജോലി ആരു നിർവ്വഹിക്കും? ദൈവത്തിനുവേണ്ടി ചെയ്യപ്പെടുന്ന ഏറ്റവും നിസ്സാരമായ ജോലിക്കും, ആ പരമകാരുണികൻ, ഇഹത്തിലും പരത്തിലും മതിയായ പ്രതിഫലം നൽകുമെന്നുള്ള പ്രത്യാശ നമുക്കെല്ലാവർക്കും ആശ്വാസപ്രദമായിരിക്കട്ടെ. ഇങ്ങനെയുള്ള ഒരു സ്വമേധാസൈന്യരൂപവല്ക്കരണത്തേയും പ്രവർത്തനത്തേയുംപറ്റി കൂടുതൽ വിവരങ്ങൾ പിന്നാലെ പ്രസ്താവിക്കുന്നതാണ്.

—o—




ആദ്ധ്യാത്മികവീഥി 50

# സുകൃതജപം

ദൈവത്തിൻെറ വത്സലമക്കളേ,

വാചാപ്രാർത്ഥന, മനഃപ്രാർത്ഥന എന്നിവയുടെ വിധങ്ങളെക്കുറിച്ചു അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഏറെക്കുറെ ഈ പംക്തികളിൽ പ്രസ്താവിച്ചിട്ടുണ്ടെന്നു കരുതുന്നു. ഇനി അക്കൂട്ടത്തിൽപെട്ട സുകൃതജപങ്ങളെക്കുറിച്ചു കൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ.

ഒരു നിമിഷംകൊണ്ടു ചൊല്ലിത്തീർക്കാവുന്ന ചെറിയ പ്രാർത്ഥനകളാണു സുകൃതജപങ്ങൾ. ഉദാഹരണമായി: ഈശോ, നിന്നെ ഞാൻ സ്നേഹിക്കുന്നു; എൻെറ അമ്മേ, എൻെറ ആശ്രയമേ; ഈശോ മറിയം യൗസേപ്പേ; എൻെറ ഈശോ, സമസ്തവും അങ്ങേപ്രതി. ഇവയ്ക്കൊരു മെച്ചമുള്ളതു ഒരു നിമിഷംകൊണ്ടു ചൊല്ലാവുന്നതിനാൽ പല വിചാരത്തിൻെറ ശല്യംകൂടാതെ കഴിക്കാമെന്നുള്ളതാണ്. കൂടാതെ ഏതുസമയത്തും എവിടെവച്ചും എത്ര ധൃതിയിൽ ജോലിചെയ്തു കൊണ്ടിരിക്കുമ്പോൾ പോലും ചൊല്ലാൻ സാധിക്കും.

അക്കാരണത്താൽ സദാ ദൈവസ്മരണ കാക്കുന്നതിനും ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതിനും നിയോഗം പുതുപ്പിച്ചുകൊണ്ടിരിക്കുന്നതിനും സുകൃതജപങ്ങളുടെ അഭ്യാസംപോലെ ഇത്ര ഉപകാരപ്രദമായി മറ്റൊന്നെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല.

ഒരു ദിവസത്തെ പല ഭാഗങ്ങളായിതിരിച്ചു (രാവിലെ എഴുന്നേല്ക്കുമ്പോൾമുതൽ പ്രഭാതഭക്ഷണംവരെ, അപ്പോൾ മുതൽ ഉച്ചഭക്ഷണംവരെ, പിന്നീടു 4മണിവരെ, അനന്തരം കിടക്കാൻ പോകുന്നതുവരെ എന്നപോലെയോ മ

## "സുവിശേഷസമാഹാര" കർത്താവിനു പ. പിതാവിൻെറ ആശിസ്സ്

Segreteria Di Stato
Di
Sua Santita
No. 35/228

വത്തിക്കാൻസിററി,
മേയ് 6, 1955

പ്രിയപ്പെട്ട നടയ്ക്കലച്ചാ,

അച്ചൻെറ "സുവിശേഷസമാഹാരം" എന്ന പുസ്തകത്തിൻെറ പ്രത്യേകം ബയൻറുചെയ്ത ഒരു പ്രതി അച്ചൻെറ ആഗ്രഹപ്രകാരം അത്യുന്നത കർദ്ദിനാൾ തിസരാങ്ങ് തിരുമേനി പരിശുദ്ധപിതാവിനു സമർപ്പിച്ചുവെന്നുള്ള വിവരം അങ്ങയെ അറിയിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

ക്രിസ്തുവിൻെറ വികാരിയുടെനേർക്ക് അങ്ങേക്കുള്ള പുത്രനിർവ്വിശേഷമായ സ്നേഹത്തിൻെറയും, ഭക്ത്യാദരവുകളുടെയും അടയാളമായ ഈ ഗ്രന്ഥത്തെ അഭിനന്ദിക്കാതിരിക്കുവാൻ പരിശുദ്ധപിതാവിനു സാദ്ധ്യമല്ല. പരിശുദ്ധപിതാവിനുള്ള ആത്മാർത്ഥമായ കൃതജ്ഞത വ്യക്തമാക്കുവാൻ അവിടുന്നു ആഗ്രഹിക്കുന്നു. അങ്ങയുടെ പൗരോഹിത്യപരമായ പ്രവർത്തനങ്ങളുടെമേൽ ദൈവാനുഗ്രഹം ധാരാളമായി ഉണ്ടാകുവാനുള്ള അവിടുത്തെ ആഗ്രഹത്തിൻെറ അടയാളമായി അവിടുത്തെ പൈതൃകമായ ശ്ലൈഹികാശീർവ്വാദം സ്നേഹപുരസ്സരം അവിടുന്നു അങ്ങേക്കു നൽകുന്നു.

അത്യധികമായ സ്നേഹാദരവുകളോടെ
ക്രിസ്തുവിൽ താങ്കളുടെ വിശ്വസ്തൻ

സബ്സ്റ്റിസ്റ്റ്യൂട്ട്
(ഒപ്പ്)

റവ. ഫാ. മാത്യു നടയ്ക്കൽ
കത്തീഡ്റൽ, ചങ്ങനാശ്ശേരി.
T. C. State

റോ) ഓരോ വിഭാഗത്തിലും ഓരോ ക്ലിപ്തസംഖ്യ സുകൃതജപം ചൊല്ലണമെന്നു നിശ്ചയിച്ചു ശ്രമിച്ചാൽ വലിയ പ്രയാസംകൂടാതെ അതു നടക്കും. ആദ്യം ചെറിയ സംഖ്യയിൽ തുടങ്ങി സാവധാനത്തിൽ അതു വർദ്ധിപ്പിച്ചുകൊണ്ടുവരാം. ഇങ്ങനെ കുറെക്കാലത്തെ ശ്രമംകൊണ്ടു പ്രതിദിനം ആയിരക്കണക്കിനു സുകൃതജപം നിഷ്പ്രയാസം ചൊല്ലാൻ സാധിക്കും.

ഒരു സുകൃതജപത്തിനു ഒരു പവൻ വച്ചു കിട്ടുമെന്നു കണ്ടാൽ നമ്മിലാരെങ്കിലും ഒഴിവുള്ള ഒരു നിമിഷംപോലും സുകൃതജപം ചൊല്ലാതെ കളയുമോ എന്നു ഫാദർ വില്യം ഡോയിൽ ചോദിക്കുന്നു. ഒരു പവൻ പോയിട്ടു ഒരു പൈ കൊടുക്കാമെന്നു പറഞ്ഞാൽ ചൊല്ലാനാളുണ്ടാകും. എന്നാൽ യഥാർത്ഥത്തിൽ നന്നായിച്ചൊല്ലുന്ന ഓരോ സുകൃതജപത്തിനും ഒരു പവനല്ല അനേകായിരം പവനേക്കാൾ വിലയുള്ള പ്രസാദവരവും തദനുസരണമുള്ള നിത്യഭാഗ്യവും നമുക്കു ലഭിക്കുമെന്നുള്ളതു് നിശ്ചയമാണു്. ദണ്ഡവിമോചനമുള്ള സുകൃതജപങ്ങളായിരുന്നാൽ ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കും ഒരു വലിയ സഹായമായിരിക്കും. നമ്മുടെ ശുദ്ധീകരണവും ഭാഗികമായിട്ടെങ്കിലും നടക്കുകയുംചെയ്യും. എന്റെ ഈശോയുടെ ഏറ്റം പരിശുദ്ധ ഹൃദയമേ സമസ്തവും അങ്ങേ പ്രതി എന്നതുപോലെയുള്ള സുകൃതജപങ്ങൾ ശുദ്ധനിയോഗപ്രകരണം കൂടിയാകയാൽ പാപകരമല്ലാത്ത ഉണ്ണുക, ഉടുക്കുക, കളിക്കുക മുതലായ സാമാന്യപ്രവൃത്തികൾ പോലും പുണ്യപ്രവൃത്തികളായി മാറി ആ വഴിക്കും നമ്മുടെ സ്വർഗ്ഗീയസമ്പത്തു വർദ്ധിക്കും.

അതിനാൽ ദിവസേന ധാരാളം സുകൃതജപങ്ങൾ ചൊല്ലാൻ നമുക്കു ശ്രമിക്കാം.

എന്നു
സ്വന്തം ആത്മപിതാവ്.

(11-ാംപേജ് തുടർച്ച)

ഇഴഞ്ഞിറങ്ങി.

"മനസ്സില്ല."

രംഗമാകെ സ്തംഭിച്ചുപോയി. വല്ലാത്ത ഒരമ്പരപ്പും ജാള്യതയും എല്ലാവരിലും കാണായി. ജേക്കബിന്റെ മുഖത്തേക്ക് ഒരു കാളമേഘംതന്നെ ഇരുണ്ടു കേറി. കൈകാലുകൾക്കൊരു വിറയലും.

അസാധാരണമായ ഒന്നും സംഭവിക്കാത്തമട്ടിൽ വികാരിയച്ചൻ പള്ളിയിൽനിന്നിറങ്ങി മുറിയിലേക്കു പോയി

ജേക്കബും മററും പള്ളിയിൽ നിന്നിറങ്ങുംമുമ്പേ കത്രീനയുടെ സഹോദരൻ വടക്കേ വാതുക്കൽ കൂടിയിറങ്ങി വീട്ടിലേക്കു പാഞ്ഞു.

ജേക്കബ് പള്ളിക്കു പുറത്തു വന്നപ്പോൾ അടിമുടി വിയർപ്പിൽ കുളിച്ചിരുന്നു.

"നീ എന്തു ധിക്കാരമാണു കാണിച്ചതു്? കാരണോന്മാരുടെ മുഖത്തു കരിതേച്ചില്ലേ? കുടുംബന്നിനു കൊറച്ചിലായില്ലേ?" തലയും കുമ്പിട്ടു നടന്നു പോയ കത്രീനായോടു ജ്യേഷ്ഠത്തി ചോദിച്ചു

"മുഖത്തു കണ്ണില്ലാത്തപോലെ, കാരണോന്മാരായാലും ഇങ്ങനെയോരോ കുടുംകൈ ചെയ്തുവച്ചാൽ പിന്നെ മുഖത്തല്ല, ദേഹത്തു കൂടെ കരി തേക്കാതെന്തുചെയ്യും? അപ്പനും ആങ്ങളമാരും നോക്കീട്ടു, ഈ മുതുകെളവനെ കണ്ടോള്ളോ എന്നെ കെട്ടിക്കാൻ? എന്താ ഞാനങ്ങു മൂത്തു മുരത്തു പോയോ? അതോ, കുടുംബത്തിനു ചേരാത്ത വല്ല ദുഷ്പേരും കേൾപ്പിച്ചോ? പിന്നെ ഇതു ചെലവാകാത്തപോലെ, ഇങ്ങനെ വല്ലവന്റേം തലയിൽ കെട്ടിയേല്പിക്കാൻ തിടുക്കം കൂട്ടുന്നതെന്തിനാ? ഭാരമൊഴിച്ചു സ്വസ്ഥമായിരിക്കാനായിരിക്കും, ഇല്ലേ? അങ്ങനെയാണെങ്കിൽ വേലയെടുക്കാൻ ശേഷിയുള്ള വല്ല കൂലിവേലക്കാരനും പിടിച്ചു കൊടുത്തേക്കട്ടെ; സ്ത്രീധനവും ലാഭിക്കാമല്ലോ?' കെട്ടിനിന്ന ചിറ മുറിച്ചു വിട്ടപോലെ ക്ഷുഭിതയായ ആ യുവതി പറയാൻ തുടങ്ങി.

ജ്യേഷ്ഠത്തി, ചോദിച്ചതുതന്നെ അബദ്ധമായിപ്പോയെന്ന മട്ടിൽ, മിഴിച്ചു നിന്നതല്ലാതെ, "കമാ" ന്നൊരക്ഷരം മിണ്ടിയില്ല.

ജേക്കബും പാർട്ടിയും വന്നിരുന്ന കാർ, ഒരു ഞരക്കത്തോടെ തിരിച്ചു പോയി. കാറിൽ തല കുനിച്ചിരുന്നുകൊണ്ടു്, ജേക്കബ് എന്തൊക്കെയോ ഓർമ്മിക്കുകയായിരുന്നു. പതിനെട്ടു കൊല്ലം മുമ്പ്, ഇതുപോലൊരു മനസ്സമ്മതം നടക്കാതെ പോയതും, അതുമൂലം ഒന്നിലധികം ഹൃദയങ്ങൾ വല്ലാതെ വേദനിച്ചതും ആ അവമാനിതൻ ഓർത്തു.

# മഹത്തായ ആറാം വാരം

(ആന്റണി തടിൽ, ചൊവ്വര)

"നിങ്ങളുടെ നാവ് കുറെ വിശ്രമിക്കട്ടെ" ഡോക്ടർ ഗൗരവത്തിൽ എന്നോടു പറഞ്ഞു. "ആറാഴ്ചക്കാലത്തേക്കു് നിങ്ങൾ പൂർണ്ണനിശ്ശബ്ദത പാലിക്കുകയാണെങ്കിൽ, വേണ്ടിവരാവുന്ന ഒരു ശസ്ത്രക്രിയയിൽനിന്നു് നിങ്ങൾക്കു രക്ഷപെടാൻ സാദ്ധ്യമാകും."

"അപ്പോൾ ഞാനെങ്ങിനെയാണു് കുട്ടികളെ വളർത്തുന്നതു്?" ഞാൻ പരുക്കെ പറഞ്ഞു "വായടച്ചു പൂട്ടിക്കൊണ്ടു് ഒരു വീടു മുഴുവൻ നിയന്ത്രിക്കുക അസാദ്ധ്യംതന്നെ."

"അതൊന്നു പരീക്ഷിച്ചുതന്നെ നോക്കണം" ഡോക്ടർ ഉത്സാഹപ്പെടുത്തി. "അനുസ്യൂതമായ സംഭാഷണംകൊണ്ടതിനെ ശ്രമപ്പെടുത്താതിരുന്നാൽ ആ മാംസപേശിയുടെ വളർച്ച താനേ അപ്രത്യക്ഷമാകും."

"എന്റെ കൊച്ചുകുട്ടിക്ക് എന്റെ സഹായംകൂടാതെ വായിക്കാൻ കഴികയില്ല," ഞാൻ കടലാസിൽ എഴുതിക്കാണിച്ചു.

അദ്ദേഹം അർത്ഥഗർഭമായൊന്നു ചിരിച്ചു. അദ്ദേഹത്തിന്റെ ശബ്ദം പ്രസന്നമായി. "നിങ്ങൾക്കു് നിയന്ത്രിക്കാൻ കഴിയും" അദ്ദേഹം ഒടുവിൽ ഉറപ്പിച്ചുപറഞ്ഞു.

അദ്ദേഹം പറഞ്ഞതു ശരിയായിരുന്നു. എന്റെ മൗനവ്രതത്തിന്റെ വിജയകരമായ ആറാംവാരമാണിതു്.

രണ്ടു ദിവസത്തിനുള്ളിൽ ഞാൻ മനസ്സിലാക്കി അമ്മമാർ വളരെയധികം സംസാരിക്കുന്നുവെന്നു്. മിക്കവാറും നിഷ്ഫലമായ വാഗ്ധോരണികൊണ്ടു് നമ്മൾ കുട്ടികളെ പുകഴ്ത്തുന്നു.

ഉദാഹരണത്തിനു് "ചോറുണ്ണാൻ വരൂ." ഇതു് നാം കുട്ടികളോടാവർത്തിക്കാറുള്ള ഒരു വിളിയാണു്. ഒരിക്കലെങ്കിലും ഒരു വിളികൊണ്ടു് അവർ വന്നുകണ്ടിട്ടുണ്ടോ? മിക്കവാറും ഉണ്ടാകയില്ല. എന്നാൽ നാമതു ദ്വേഷ്യത്തോടെ ആവർത്തിക്കുമ്പോൾ, ഭർത്താവിനും കുട്ടികൾക്കും ഒരുപോലെ അതു് അരോചകമായിത്തീരുന്നു പിന്നെ അവരുടെ കുററങ്ങളേയും കുറവുകളേയുംകുറിച്ചു് ഒരു നീണ്ട പ്രസംഗത്തോടെയല്ലാതെ അവർക്കു ഭക്ഷണംകൊടുക്കാൻ നമ്മുടെ മനസ്സനുവദിക്കുകയില്ല. നമ്മുടെ ശകാരത്തിനും ഉപദേശത്തിനും നേരെ എതിരായ ഫലമാണു് ഈ സന്ദർഭത്തിൽ അവരിൽ ഉണ്ടാകുന്നതെന്നു് നാം അറിയുന്നില്ല. അവർ കൂടുതൽ കൂടുതൽ അനുസരണയില്ലാത്തവരായിത്തീരുകയാണിതുകൊണ്ടുണ്ടാകുന്നതു്.

എന്നാലിപ്പോൾ എന്തു വ്യത്യാസം, വിളിച്ചു ബുദ്ധിമുട്ടേണ്ട ആവശ്യമേയില്ല. ഭക്ഷണസമയമായാൽ കുട്ടികളെല്ലാവരും താനേ വന്നുകൊള്ളും. ഭക്ഷണം കിട്ടിയാൽ അവർ യാതൊരൊച്ചപ്പാടുംകൂടാതെ കാര്യങ്ങൾ ഭംഗിയായി കഴിച്ചു പുറത്തേക്കു പോകുന്നു. പണ്ടത്തെ ശകാരവും വേണ്ടാ; അവർക്കു് അതൃപ്തിയുമില്ല. എത്ര സന്തോഷം. ഇത്ര ഭംഗിയായി കാര്യം നടത്താൻ വേറെ എന്തിനു സാദ്ധ്യമാകും.

"ഉടുപ്പ് ഒന്നു മാറുമോടാ!" ഞാനെന്റെ മകനോടു പറയും. എതിർപ്പിന്റെ ആക്രോശങ്ങളായിരിക്കും അതിനു മറുപടി. അവന്റെ വിചാരം എനിക്കു വേണ്ടിയാണു് ഞാനിക്കാര്യത്തിൽ ഇത്രയധികം ശ്രദ്ധചെലുത്തുന്നതെന്നാണു്. പിന്നെ ഞാൻ അതിനെപ്പററി കുറേനേരം ഗുണദോഷിക്കും. എന്നാലും അവനതിന്റെ നേരെ പുഛമേയുള്ളൂ. ഒടുവിൽ ഞാൻ നിർബന്ധിക്കും; അവനതു നിരസിക്കും. തുടന്നു് ചെറിയൊരു ഗുസ്തിയും. മിക്കവാറും ഞാൻതന്നെ അതിൽ പരാജയമടയും. ഒരുപക്ഷേ ഞാൻ വിജയിച്ചാൽ കരച്ചിലിന്റെ മാറ്റൊലി മണിക്കൂറുകൾ നീണ്ടുനില്ക്കുകയും ചെയ്യും. എന്നാലിപ്പോൾ ഉടുപ്പു പുസ്തകത്തിന്റെ അടുത്തു ഇട്ടിട്ടുപോരുമ്പോൾ ഈ പഴഞ്ഞ തകരാറു യാതൊന്നുമില്ല. ഒരാളുടെയും സഹായമാവശ്യമില്ലതാനും അവനതു ധരിക്കാൻ.

ഭക്ഷണസമയത്തു് എത്ര കൃത്യത്തിനാണു് എന്റെ മുടന്തൻകുട്ടി വന്നുചേരുന്നതു്. റോഡിൽ കിടന്നു് അമ്മ ആർത്തുവിളിച്ചാലും, സഹായിയില്ലാതെ വന്നുചേരാത്ത കുട്ടിയിപ്പോൾ ഭക്ഷണം വിളമ്പിയാൽ അതിന്നടുത്തുണ്ടു്. അവനൊരു ഉമ്മവയ്ക്കുവാൻ നിർബന്ധിച്ചുതുടങ്ങുമ്പോൾ ഞാനതിനനുവദിക്കും. മുമ്പാണെങ്കിൽ അവന്റെ പുലമ്പൽകൊണ്ടു് ഞാൻ നട്ടംതിരിഞ്ഞിട്ടുണ്ടു്. ഞാൻ സംസാരിക്കാതായതിൽപിന്നെ അവൻ വളരെ വഴക്കമുള്ളവനായിരിക്കുകയാണു്.



For favours received
Fr· Thomas Karedan

"മോനേ, സമയമായി, കളിസാമാനങ്ങളെല്ലാം എടുത്തുവയ്ക്കു" ഞാൻ സ്നേഹപൂർവ്വം അവനോടു പറയും. അവനതിനു വശീകൃതനാകാതെ പറയും: "ഇല്ല."

ഞാൻ നിർബന്ധിക്കുമ്പോൾ അവന്റെ മറുപടി: "അമ്മ എടുത്തുവെക്കു്" എന്നായിരിക്കും. അപ്പോഴെനിക്കു ദേഷ്യംവരും; ഞാൻ പറയും: "ഞാൻ എടുത്തുവയ്ക്കുമ്പോൾ സാധനങ്ങൾ വല്ലയിടത്തുമായിരിക്കും."

പ്രയോഗത്തിൽനിന്നു എനിക്കറിയാം ഒരു ഭീഷണി കലാപത്തിനുള്ള ക്ഷണമാണെന്നു്. ഇപ്പോൾ—മുണ്ടുകൾ മുഷിതങ്ങളായപ്പോൾ—എനിക്കു കലാപങ്ങൾ മുൻകൂട്ടി മനസ്സിലാക്കാൻ കഴിയുന്നു.

അടുക്കളയിൽ എനിക്കൊരു സഹായിയുണ്ടു്. മുമ്പു ഞാനെപ്പോഴും അവളുടെകൂടെ വേണമായിരുന്നു, എന്തു ജോലിയും അവൾ ചെയ്യണമെങ്കിൽ. അന്നു് ഒരു കാര്യം നൂറുപ്രാവശ്യം ഉരുവിട്ടാലും അവൾ അതു കേട്ട ഭാവം നടിക്കുകയില്ല. മാത്രമല്ല ഞാനപ്രകാരം ആവർത്തിക്കുന്നതിൽ അവൾക്കുള്ള വെറുപ്പു മുഖത്തു പ്രതിഫലിക്കുകയുംചെയ്യും. എന്നാലിപ്പോൾ കല്പനകൾ നൽകാതായപ്പോൾ ഞാനും അവളും കൂടുതൽ അടുപ്പത്തിലായി.

ഞാനും ഭർത്താവും ഇപ്പോൾ കൂടുതൽ നല്ല സുഹൃത്തുക്കളാണു്. ഭാര്യമാർ കൂടുതൽ സംസാരിക്കുന്നുവെന്ന സംഗതി ഇപ്പോൾ മാത്രമാണെനിക്കു മനസ്സിലാകുന്നതു്.

എന്റെ മൗനവ്രതം ഭർത്താവിൽ വളരെയേറെ പരിവർത്തനങ്ങൾ ഉളവാക്കീട്ടുണ്ടു്. മുമ്പത്തേതിലും കൂടുതലായി അദ്ദേഹമിപ്പോൾ എന്നിൽ ശ്രദ്ധ ചെലുത്തുന്നുണ്ടു്. അദ്ദേഹത്തിന്റെ സ്വന്തഗൃഹത്തിൽ ആദ്യന്തമുള്ള വാക്കുകൾ തന്റേതായിരിക്കണമെന്ന അഹന്തയ്ക്കു അത്ഭുതകരമായ വ്യതിയാനം വന്നിരിക്കുന്നു.

ഒരിക്കലും ഒരു വിവാദമുണ്ടാകുന്നില്ല. ഭർത്താവിനെ കഠിനമായി വിമർശിക്കുക എന്നതു ഞാൻ നിർത്തി. അദ്ദേഹത്തെ ക്രമീകരിക്കുന്നതിൽ ഞാൻ അത്രയധികം ശ്രദ്ധാലുവായില്ല. മൂർച്ചയുള്ള മുള്ളുവാക്കും ഭാര്യയുടേതായ ആക്ഷേപങ്ങളും തീരെ അപ്രത്യക്ഷമായി. ഞാനിപ്പോൾ പരാതിപ്പെടുന്നുമില്ല; ശകാരിക്കുന്നുമില്ല. സന്ദർഭവശാൽ ഒരു തോർത്ത് അദ്ദേഹത്തിന്റെ കൈത്തണ്ടയിൽ ഇടുകയോ, അദ്ദേഹത്തിന്റെ സഹായമാവശ്യമാണെന്നു സൂചിപ്പിക്കുകയോ ചെയ്തേക്കാം. എന്നാൽ ഒരിക്കലും അസഹ്യപ്പെടുത്തിയില്ല. അദ്ദേഹത്തിന്റെതന്നെ നന്മയ്ക്കുവേണ്ടിപ്പോലും ഞാനദ്ദേഹത്തിന്റെ അപൂർണ്ണതകൾ വെളിവാക്കിയില്ല. ഞാൻ മനസ്സിലാക്കി അതത്ര നല്ല കാര്യമല്ലെന്നു്.

ഇപ്പോൾ കുടുംബാന്തരീക്ഷം നന്നായി തെളിഞ്ഞിരിക്കുന്നു. ലഹളയും ബഹളവുമില്ല. എല്ലാവരും സന്തോഷത്തോടെ വർത്തിക്കുന്നു. മധുവിധുകാലത്തുപോലും അദ്ദേഹം എന്നോടു ഇത്ര സ്നേഹമായി പെരുമാറിയിട്ടില്ലെന്നാണു തോന്നുന്നതു്. എന്തു സന്തോഷമാണദ്ദേഹത്തിന്റെ മുഖത്തു്. എന്റെ മൗനവ്രതം അദ്ദേഹത്തെ ഒരുവിധത്തിലും അലട്ടിയില്ല.

"പിന്നെ എങ്ങനെയിരിക്കുന്നു?" വൈകുന്നേരം വരുമ്പോൾ അദ്ദേഹം തിരക്കും. രോഗസൂചനയ്ക്കുപകരം ഒരു സ്മിതത്തോടെ ഞാൻ സമാധാനം കൊടുക്കുമ്പോൾ അദ്ദേഹത്തിനെന്തു സന്തോഷമാണെന്നോ. അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ ഒരു പുതിയ അദ്ധ്യായത്തിലേക്കു പ്രവേശിച്ചിരിക്കുകയാണു്. ഭാര്യയുടെ കർണ്ണാരുന്തുദമായ കല്പനകളിൽനിന്നുമുള്ള സ്വാതന്ത്ര്യം. ഏതായാലും മുമ്പത്തേതിലും വളരെ ഭംഗിയായി കാര്യങ്ങൾ നടക്കുന്നുണ്ടിപ്പോൾ.

ശകാരങ്ങളും വിവാദങ്ങളും ഇല്ലാതായതോടെ ഒഴിവുസമയം ധാരാളമായി. പുതിയ പുതിയ കറികൾ പാകംചെയ്യുന്നതിനു് ഇപ്പോൾ സമയമുണ്ടു്. ഭർത്താവിനാണെങ്കിൽ ഒരു കുറവും പറയാനില്ല.

കൊല്ലങ്ങളായി ഉപേക്ഷിച്ചിരുന്ന പുസ്തകവായനയ്ക്കു് ചിലവഴിക്കാൻ ഇപ്പോൾ സമയമുണ്ടു്. തുന്നൽപ്പണിക്കും സമയം കിട്ടുന്നുണ്ടു്.

മുറികളെല്ലാം എത്ര വൃത്തിയിലും ഭംഗിയിലുമിരിക്കുന്നു ഇപ്പോൾ. മുഷിഞ്ഞതും, കീറിയതുമായ വസ്ത്രങ്ങൾ ധരിക്കേണ്ട ആവശ്യം ഇപ്പോൾ വരുന്നില്ല. കുട്ടികളുടെ കളിസാമാനങ്ങൾപോലും നല്ലതും പുതുമനിറഞ്ഞതുമായിരിക്കുന്നു.

അങ്ങനെ ഞാൻ മറെറാരു നിഗമനത്തിലേക്കു എത്തിച്ചേന്നു; സ്ത്രീകൾ സാധാരണ സംസാരിക്കുകയല്ല, അവർ അർത്ഥമില്ലാതെ ചിലയ്ക്കുകയാണെന്നു്. നമ്മൾ വളരെ സംസാരിക്കുന്നു. വിചാരഹീനരായി വളരെയധികം. മറെറാരാളുടെ സംസാരം കേൾക്കാൻപോലും ക്ഷമയില്ലാതെ—വാതോരാതെ — സംസാരിക്കുകയെന്ന സ്വഭാവം ഞാൻ തീരെ ഉപേക്ഷിച്ചിരിക്കുന്നു.

നമ്മുടെ മിക്ക സംസാരങ്ങളും ഉപേക്ഷിക്കത്തക്കവണ്ണം അനാവശ്യങ്ങളായിരിക്കും. നാം ധാരാളമായി നൽകുന്ന ഉപദേശങ്ങൾ

(ശേഷം 8-ാംപേജിൽ)



ചെറുകഥ

# മനസ്സമ്മതം

[വർഗ്ഗീസ് കാഞ്ഞിരത്തുങ്കൽ]

(തുടർച്ച)

ഇട്ട്യാനം ചേടത്തിയാകട്ടെ, മകൻ ഒന്നു കെട്ടിക്കാണുവാൻ കൊതി കുറച്ചൊന്നുമായിരുന്നില്ല. മരുമകളുമൊന്നിച്ചു പള്ളിയിൽ പോകുവാൻ, അവളുടെ തലനമിച്ചുകൊണ്ടുള്ള സ്തുതി വാങ്ങാൻ, വേലത്തി ഇച്ചിരയോടും വയാററ്റി മറിയത്തോടും മുച്ചുണ്ടി ഏലിയോടുമൊക്കെ അവളുടെ പൊണ്ണക്കാര്യം വിസ്തരിക്കാൻ, ചിലപ്പോഴൊക്കെ ഒരു അമ്മാവിയമ്മയുടെ തികഞ്ഞ "ഗമ"യിൽ അവളെ മൃദുവായൊന്നു ശാസിക്കാൻ, മരുമകൾ വിനയാദരപൂർവ്വം "അമ്മേ" എന്നു വിളിക്കുന്നതുകേട്ട് കാതു കുളിപ്പിക്കുവാൻ അങ്ങനെ എണ്ണിയാലൊടുങ്ങാത്ത സവിശേഷാനുഭവങ്ങൾക്കു വേണ്ടി കൊതിപൂണ്ടിരിക്കാം ആ വൃദ്ധവിധവ. പക്ഷേ എന്തിനുംപോന്ന തന്റെ തോറമ്പിപ്പോയെടത്തു്, ആ കിഴവിത്തള്ളയ്ക്കു് എന്തു പയററാൻ പാറും!

എങ്കിലും ഒന്നുരണ്ടു തവണ സകല ബന്ധനങ്ങളെയും തകർത്തു്, അവരുടെ ആശയം കൂട്ടിനു വെളിക്കു ചാടി. അപ്പോഴൊക്കെയും ഓരോ ഒഴികഴിവുകൾ പറഞ്ഞു് ജേക്കബ്, തന്ത്രപൂർവ്വം അകന്നുമാറി. എന്തെങ്കിലും ഒരു ജോലി കിട്ടിയിട്ടാവാം, എന്നൊരിക്കൽ. ജോലി കിട്ടിക്കഴിഞ്ഞപ്പോൾ "കൺഫർമേഷൻ" കഴിയട്ടെയെന്നു്! അതും കഴിഞ്ഞിട്ടുള്ള മറുപടിക്കുവേണ്ടി കാത്തുനില്ക്കാതെ, ആ തള്ള കടന്നുപോവുകയും ചെയ്തു.

അമ്മയുടെയും കണ്ണു് അടഞ്ഞതോടെ, പെങ്ങന്മാർ രണ്ടും വീടു തീരെ മറന്നപോലായി. ആ വലിയ വീട്ടിൽ ജേക്കബ് തനിച്ചു്!

വിവാഹമെന്നതു്, ഏററവും നല്ല അവസരത്തിനായി, നീട്ടി നീട്ടിക്കൊണ്ടുപോകാവുന്ന സാട്ടാക്കച്ചവടമല്ലെന്നും കുടുംബത്തിന്റെ നിലനില്പിനു്, കൂടിയേ കഴിയൂ എന്നുള്ള ഒരാവശ്യമാണെന്നും ജേക്കബിനു തോന്നിത്തുടങ്ങി.

ജേക്കബ് കാപ്പിയും ഊണും ഹോട്ടലിലാക്കി. രാത്രിയിൽ എട്ടൊമ്പതു മണിയാകുമ്പോൾ ഒരു ടോർച്ചു മിന്നിച്ചുകൊണ്ടു്, വീട്ടിൽ വന്നുകേറും. വന്നാൽ വിളക്കുപോലും കൊളുത്തുകയില്ല. ടോർച്ചിന്റെ സഹായത്തോടുകൂടിത്തന്നെ കട്ടിലിൽ പായ്‌വിരിക്കും. ടോർച്ചു് തലയ്ക്കൽ വച്ചുകൊണ്ടു കിടക്കുകയും ചെയ്യും. രാവിലെ എഴുന്നേററാൽ ഒന്നു കുളിക്കാനുള്ള സമയമേ എടുക്കൂ, നേരേ ഹോട്ടലിലേക്കു പോരികയായി.

അടിയും തൂപ്പും ശരിക്കില്ലാതെ, വീടു മുഴുവൻ ചപ്പും കുപ്പയും കേറി മൂടി. അടുക്കളയിലും അറപ്പുരയിലും ചിതലും ചിലന്തിവലയും മാത്രമേ കാണ്മാനുള്ളു. പാററയും എലിയും വല്ലാത്ത വിളയാട്ടമാണ്. ഓട്ടുപാത്രങ്ങളെല്ലാം കറുത്തു വെടച്ചിരിക്കുന്നു. വസ്ത്രപിഞ്ഞാണങ്ങൾക്കും പൂപ്പൽ കേറിപ്പോയി. വേനപ്പച്ചയും ഒരിച്ചെവിയനും പൊന്നാരിവീരനും മുത്തങ്ങയുമെല്ലാം പടന്നുപിടിച്ചു് മുററം മുഴുവൻ കാടുകേറിക്കിടക്കയാണ്.

ജേക്കബിനു് ഹോട്ടലിലെ ഊണും മുഷിഞ്ഞുതുടങ്ങി.

ഇത്രയുമായപ്പോൾ, ഒരു പയ്യനെ വീട്ടിൽ നിർത്തി അരിവെപ്പിച്ചുനോക്കി.

പക്ഷേ അതും സുഖമാകുന്നില്ല. വലിയ നഷ്ടവുമാകുന്നു. പയ്യനു വെടിപ്പുപോരാ. തീരെ അശ്രദ്ധയും കാണുന്നു. എല്ലാം ഒരുവിധത്തിൽ കൊതപ്പിച്ചുവയ്ക്കും. അല്ലെങ്കിൽ കരിച്ചും പുകച്ചും കളയും. ഒന്നും വായിൽ വയ്ക്കാൻകൊള്ളുകില്ല. എത്ര ഗുണദോഷിച്ചാലും ശകാരിച്ചാലും ഫലമില്ല. പറയുന്നതിനു് പറയുന്നതിനു കാണാട്ടെ കാണട്ടെയെന്നാണ്. ആദ്യത്തെ ഒരു മാസത്തേക്കു വലിയ ഏനക്കേടില്ലായിരുന്നു. അതു കഴിഞ്ഞു്, കുറേശ്ശെ മാംസംവന്നു് എല്ലെല്ലാം മൂടിത്തുടങ്ങുകയും മുഖത്തു് രക്തപ്പുവിയുണ്ടാവുകയും ചെയ്തപ്പോൾ പയ്യന്റെ ഭാവമാകെ മാറി. ഏതൊരു ജോലിക്കും ഒരു അസിസ്റ്റന്റിനെ കൂടാതെ അവനു വയ്യാ. ജേക്കബ് വീടുവിട്ടിറങ്ങിയാൽ, കൂട്ടുകാരുമൊത്തു ചീട്ടുകളിതന്നെയായിരിക്കും അവൻ. ഇത്രയേറെ കൂട്ടുകാരുടെ ആവശ്യമെന്താണെന്നു ചോദിച്ചാൽ, തനിച്ചിരിക്കാൻ പേടിയായിട്ടാണെന്നായിരിക്കും മറുപടി.

ഇക്കൂട്ടത്തെന്നെ, അടുക്കളയിൽനിന്നു് ചില്ലറ ചോർച്ചകൾ നടക്കുന്നതായും ജേക്കബ് കണ്ടുപിടിച്ചു. ഉപ്പും മുളകും വെളിച്ചെണ്ണയുമൊക്കെ നാഴികയ്ക്കു നാഴികയ്ക്കാണ് കുറയുന്നതു്.

എല്ലാംകൊണ്ടും ജേക്കബ് മടുത്തു. വേലക്കാരനെ അവന്റെ പാട്ടിനു് പറഞ്ഞയക്കുകയും പിന്നെയും ഹോട്ടലിൽതന്നെ ശരണം പ്രാപിക്കുകയും ചെയ്തു.

ഇതിനോടിടയ്ക്കു വിവാഹത്തിനായുള്ള പര്യടനവും മുറയ്ക്കു നടക്കുന്നുണ്ടായിരുന്നു. തനിക്കു പരിണയിക്കാനുള്ള പെൺകുട്ടിയെ തേടി ജേക്കബ് സഞ്ചരിച്ചിട്ടുള്ള മൊത്തം ദൂരം എടുത്തുവച്ചാൽ "നാഷണൽ ഹൈവേ"യുടെ രണ്ടററവും കണ്ടെത്താമായിരുന്നു. ഇതിനുവേണ്ടിത്തന്നെ ജേക്കബിന്റെ മാസശമ്പളത്തിൽ ഒരു നല്ല തുക മാററിവയ്ക്കേണ്ടിവന്നു; യാത്രയ്ക്കും ലക്ഷ്വറിക്കും വിവാഹദല്ലാളന്മാർക്കുമൊക്കെ വേണ്ടിത്തന്നെ. പ്രദർശനവസ്തുക്കളെന്നപോലെ, ഒട്ടേറെ പെൺകുട്ടികൾ ആ യുവാവിന്റെ മുമ്പിലേക്കു വലിച്ചിഴയ്ക്കപ്പെട്ടുകൊണ്ടുമിരുന്നു.

പക്ഷേ, എന്തുകൊണ്ടോ, ഏറോ ഒന്നുമൊന്നും അടുക്കുന്നില്ല.

അമ്മ മരിക്കുവോളം കല്യാണക്കാര്യത്തെപ്പററി ജേക്കബ് ഉദാസീനമായി മാത്രമേ ചിന്തിച്ചിരുന്നുള്ളൂ. ഒന്നാമതു് ഒരല്ലോസരവും കൂടാതെ വീട്ടുകാര്യങ്ങൾ നടന്നുപോയിരുന്നു. രണ്ടാമതു്, വിവാഹം തല്ക്കാലം വേണ്ടെന്നൊരു വെപ്പു്. പഠിപ്പും പരിഷ്കാരവുമുള്ള ഒരു പെണ്ണു വരുമ്പോൾ, അവളുടെ സ്റ്റാൻഡേർഡിനൊപ്പിച്ചുയരുവാനും, അവളുടെ രീതികളോടു പൊരുത്തപ്പെട്ടുപോകുവാനും ജേക്കബിന്റെ തള്ളയ്ക്കും മററും സാധിക്കാതെവന്നെങ്കിലോ യെന്നൊരു സംശയമാണു് ആ വെപ്പിലും വൈകിക്കലിലും അടങ്ങിയിരുന്നതെന്നു തോന്നുന്നു. അമ്മയുടെയും മററും പഴഞ്ചൻ സമ്പ്രദായങ്ങൾ അവൾക്കു പിടിക്കാതെ വന്നാൽ, ജേക്കബുതന്നെയല്ലേ അതുമൂലം അപഹാസ്യനാകേണ്ടിവരുന്നതു്?

എന്നാൽ, ഇന്നത്തെ കഥ അതല്ലല്ലോ. വിവാഹം അടിയന്തിരാവശ്യമായിത്തീർന്നിരിക്കയല്ലേ. പക്ഷേ എന്തൊക്കെയായിട്ടും ഒന്നു അടുത്തുപിടിച്ചുവരണ്ടേ?

അങ്ങനെയിരിക്കയിലാണു്, "ഇട്ടപിടീന്നു്" ആ ആലോചന വന്നതു്. താലൂക്കു കച്ചേരിയിൽ ജേക്കബിനോടൊപ്പം ജോലി ചെയ്യുന്ന ഒരു ക്ലാർക്കാണു ആലോചനക്കാരൻ.

ഫിഫ്ത്തിൽ പഠിച്ചു് രണ്ടു കൊല്ലം തോററിട്ടു്, പഠിത്തംനിറുത്തി വീട്ടിൽനില്ക്കുന്ന ഒരു പെണ്ണു്. 20 വയസ്സിൽ കൂടുതലില്ല പ്രായം. ആഭരണമുൾപ്പെടെ ഒരു മൂവായിരം രൂപ കിട്ടാൻ ചാലുണ്ടു്. പേരും പെരുമയുമുള്ള നല്ല തറവാട്ടുകാരാണു്. കുറേക്കാലമായി സാമ്പത്തികവശത്തിനു് സ്വല്പം ഇടിവാണു്. എങ്കിലും അച്ചനും കന്യാസ്ത്രീയും ബി. എ. ക്കാരനുമൊക്കെയുള്ള വീടാണു്.

ജേക്കബ് കൂട്ടുകാരനുമൊന്നിച്ചുപോയി പെണ്ണിനെ കണ്ടു. കൂട്ടുകാരികളുമൊത്തു് പെണ്ണു് പള്ളിയിലേക്കു പോകുംവഴിക്കാണു് കൂട്ടുകാരൻ കാണിച്ചുകൊടുത്തതു്.

പെണ്ണിനു് തലമുടി കുറവാണു്. പൊക്കവും വേണ്ടത്രയില്ല. നിറപ്പാറവും പോരാ.

ജേക്കബ് പെണ്ണിനെ കണ്ടിട്ടു് മടങ്ങുന്നവഴി, അയാൾ കണ്ടിട്ടുള്ള എല്ലാ പെൺകുട്ടികളുംകൂടി അണിയണിയായി അയാളുടെ ഓർമ്മയുടെ മുമ്പിൽ വന്നുനിരന്നു. അങ്ങേയററം ചേച്ചക്കുട്ടി ഉൾപ്പെടെ. ജേക്കബിന്റെമനസ്സിൽ സ്വാഭാവികമായ ഒരു താരതമ്യചർച്ചനടന്നു. അവരിൽ ഒരുത്തരോടും ഒന്നുകൊണ്ടും കിടപിടിക്കാൻ അർഹയല്ല കത്രീനാ, ചേച്ചക്കുട്ടിയോടുപോലും.

എങ്കിലും അറിഞ്ഞുകൊണ്ടുതന്നെ ആ പോരായ്മകൾ സഹിക്കാൻ ജേക്കബ് നിശ്ചയം ചെയ്തിരിക്കയാണു്. എന്തായാലും ഇനിയും കാലം വൈകിച്ചുകൂടാ കുടുംബം താറുമാറാകും.

രണ്ടും കല്പിച്ചു് ജേക്കബ് വാക്കുകൊടുത്തു. മനസ്സമ്മതത്തിനുള്ള തീയതിയും നിശ്ചയിക്കപ്പെട്ടു.

വളരെയൊക്കെ ഒളിച്ചുവച്ചിട്ടും, ജേക്കബിന്റെ വിവാഹനിശ്ചയം ചോർന്നു പുറത്തുപോയി. കച്ചേരിയിൽ ലേഡീക്ലാർക്കുമാരുടെയിടയിൽപോലും അതു സംസാരവിഷയമായി. അവരുടെ കുശുകുശുക്കലും ഊറിച്ചിരിയുമെല്ലാം ജേക്കബിനും ഒരു തമാശയായിത്തോന്നി.

മാമൂലനുസരിച്ചു്, ഒത്തുകല്യാണത്തിനു് ജേക്കബ് അളിയന്മാരെയൊന്നും വിളിക്കാൻ പോയില്ല. സജാതീയരായ രണ്ടുമൂന്നു സഹപ്രവർത്തകരെയും കൂട്ടിക്കൊണ്ടു് ജേക്കബ് നിശ്ചിതദിവസം ഒരു പ്ലഷർ കാർ പിടിച്ചു് വധുവിന്റെ ഇടവകപ്പള്ളിയിൽ ഹാജരായി.

ജ്യേഷ്ഠത്തിയുടെ തോഴ്മയോടുകൂടി കത്രീനായും പള്ളിയിൽ വന്നിട്ടുണ്ടായിരുന്നു.

വികാരിയച്ചനാണു് അച്ചാരക്കല്യാണം നടത്തിക്കൊടുക്കാൻ വന്നതു്.

ജേക്കബും കത്രീനായും വികാരിയച്ചന്റെ സവിധത്തിലേക്കു് ആനയിക്കപ്പെട്ടു. വധൂവരന്മാരുടെ ബന്ധുജനങ്ങളും ഇരുവശത്തുമായി നിന്നു. വധുവിന്റെ സഹോദരനും ജേക്കബിന്റെ കൂടെ ചെന്ന ഒരാളും തമ്മിൽ പസാരത്തിന്റെ കാര്യം ചർച്ചചെയ്യുകയായിരുന്നു. പണം രൊക്കം കൊടുക്കുന്നസ്ഥിതിക്കു് പസാരം പപ്പാതി തീർക്കേണ്ടതാണെന്നുള്ള ന്യായത്തിന്മേൽ മുറുകെ പിടിക്കുകയാണു് വധൂസഹോദരൻ. ജേക്കബിനോടു ചോദിച്ചിട്ടു് തീരുമാനം പറയാമെന്നു് കൂട്ടുകാരൻ മറുപടി കൊടുത്തു.

മനസ്സമ്മതം കഴിയുമ്പോൾ വധുവിന്റെ പാർട്ടിക്കാരെ കൂടി സ്വന്തം കാറിൽ കേററി വീട്ടിൽ കൊണ്ടാക്കുന്നതിലുള്ള ആശാസ്യതയെക്കുറിച്ചു് ചിന്തിക്കയായിരുന്നു ജേക്കബ്. എന്തോ ഒരു ഉൽകണ്ഠയും തിടുക്കവുമാണു് ആ മുഖത്തു നിഴലിക്കുന്നതു്. വധുവിന്റെ മുഖത്തു്, വിഷാദാത്മകതത്തിന്റെ നേരിയൊരു നിഴലാട്ടമില്ലയെന്നൊരു സംശയം. ഒരു പക്ഷേ, സ്ത്രീസഹജമായ വ്രീളയും ഉൽകണ്ഠയും കൂടി വാർത്തെടുത്ത ഒരു കസ്തൂരിത്തരമായിരിക്കാനും മതി.

ഘനഗംഭീരമായ നിമിഷങ്ങൾ!

നമ്മുടെ മാതാവായ തിരുസ്സഭ പ്ലോത്തവണ്ണം ഈ ആളിനെ ഭാര്യയായി സ്വീകരിക്കാൻ നിനക്കു മനസ്സാണോ?

വികാരിയച്ചൻ ജേക്കബിനോടു ചോദിച്ചു.

"മനസ്സാണു്."

സാഹസികമായ ഒരു തീരുമാനം ചെയ്യുമ്പോലുള്ള ഹൃദയാവേഗത്തോടും ഹൽസ്പന്ദനങ്ങളോടുംകൂടി ജേക്കബ് പറഞ്ഞു.

"നമ്മുടെ മാതാവായ തിരുസ്സഭക്കൊത്തവണ്ണം ഈ ആളിനെ ഭത്താവായി സ്വീകരിക്കാൻ നിനക്കു മനസ്സാണോ?"

മൗനം!

ഉൽകണ്ഠ കട്ടപിടിച്ച മൗനം!

ചോദ്യം വീണ്ടും ആവർത്തിക്കപ്പെട്ടു.

ജ്യേഷ്ഠത്തി പിറകിൽനിന്നു് പ്രചോദനങ്ങൾ തിരുകിക്കൊടുത്തു. എല്ലാ കണ്ണുകളും ആ മുഖത്തുതന്നെ ചെന്നു തറച്ചു.

വേഗം ഉത്തരം പറയുവാൻ പുരോഹിതൻ ഒരിക്കൽക്കൂടി ആവശ്യപ്പെട്ടു.

വധുവിന്റെ കാലാനുസൃതമല്ലാത്ത, അതിരുകടന്ന ലജ്ജാശീലത്തെ ചിലർ മനസ്സാ പഴിക്കവേ, മററു ചിലരുടെ ക്ഷമയുടെ നേർത്ത ഫലകങ്ങൾ പൊട്ടിത്തുടങ്ങവേ, ആകാംക്ഷയും ഉൽകണ്ഠയും കെട്ടുപിണഞ്ഞു കൊടുമ്പിരിക്കൊള്ളവേ, വിചാരവും വീണ്ടുവിചാരവും തമ്മിൽ ധർമ്മയുദ്ധം നടത്തവേ, നേർത്ത, അധീരമായ, വേദനാകലിതമായ ഒരു സ്വരം കത്രീനായുടെ കണ്ഠത്തിൽനിന്നു

(ശേഷം പത്താംപേജിൽ)




## ദീർഘദൃഷ്ടിയോടുകൂടി പണം നിക്ഷേപിച്ചു പോരുന്നതിനാൽ

## അവന്റെ ഭാവി സുരക്ഷിതമത്രെ

രഞ്ജൻ പാവകൾ ഇഷ്ടപ്പെടുന്നില്ല. അവന്റെ മോട്ടോർകാർ എങ്ങിനെയാണു് ഓടുന്നതെന്നു് അവൻ ശ്രദ്ധിക്കുകയാണ്. ഒരുപക്ഷെ അവൻ ഒരിക്കൽ ഒരു എൻജിനീയരോ ഒരു ശില്പകലാവിദഗ്ദ്ധനോ, അല്ലെങ്കിൽ ഒരു ശാസ്ത്രജ്ഞനോ ആയേക്കാം. എന്നാൽ, ഏതു ജോലിയിൽ പ്രവേശിച്ചാലും അവന്റെ അപ്പന്റെ ദീർഘദൃഷ്ടിയേയാണ് അവൻ സ്തുതിക്കേണ്ടതു്.

രഞ്ജനും അവന്റെ സഹോദരിയും ജനിച്ച ഉടനെതന്നെ അവരുടെ അപ്പൻ അവരുടെ പേരുകളിൽ പാലാ സെൻട്രൽ ബാങ്കിൽ സേവിംഗ്സ് കണക്കുകൾ ആരംഭിച്ചു. ഈ കണക്കുകളിൽ നിരന്തരം ഓരോ തുകകൾ നിക്ഷേപിച്ചുവരുന്നതുകൊണ്ടു് രഞ്ജന്റെ സാങ്കേതിക പഠനത്തിനും, സഹോദരിയുടെ വിവാഹച്ചിലവിനും വേണ്ടതായ പണം യഥാസമയം ഉണ്ടായിരിക്കും.

എത്ര വേഗം തുടങ്ങുന്നോ അത്രയും നല്ലതു്

നിങ്ങളുടെ കുട്ടികളുടെ ഭാവിയിലെ ആവശ്യങ്ങൾക്കു വേണ്ടിവരുന്ന പണം കരുതുന്നതിനു് സമയമായില്ലെന്നു് വിചാരിക്കരുതു്. നിങ്ങൾക്കേററവും സൌകര്യപ്രദമായ പദ്ധതികൾ പാലാ ബാങ്കിൽ ഉണ്ടു് ഉദാഹരണമായി ഒരു സേവിംഗ്സ് കണക്കു് ആരംഭിച്ചു് ക്രമമായി അതിൽ പണം നിക്ഷേപിക്കുകയോ, ഉദാരമായ പലിശ കിട്ടുന്ന കാഷ് സർട്ടിഫിക്കേററുകൾ വാങ്ങി അഞ്ചുകൊല്ലത്തിലൊരിക്കൽ പുതുക്കിക്കൊണ്ടിരിക്കുകയോ ചെയ്യുക.

നിക്ഷേപങ്ങൾ കുട്ടികളോടൊപ്പം വളർന്നുവരും. പലിശ ലഭിക്കുന്നതുകൊണ്ടു് ആ തുകകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യും. വിശേഷിച്ചു്, നിങ്ങൾ നിങ്ങളുടെ കുട്ടികളെ സ്നേഹിക്കുന്നതുകൊണ്ടു് അവരുടെ പേരിലുള്ള നിക്ഷേപങ്ങൾ പിൻവലിക്കുന്നതിനു് നിങ്ങൾക്കു മനസ്സുണ്ടാകയില്ല.

"വിദ്യാഭ്യാസത്തിനും, വിവാഹത്തിനും ഉതകുന്ന പ്രത്യേക പദ്ധതികൾ" എന്ന ഞങ്ങളുടെ ലഘുഗ്രന്ഥം കുട്ടികൾക്കു വേണ്ടി എങ്ങിനെ നിക്ഷേപം ആരംഭിക്കണമെന്നുള്ളതിനെപ്പററി പൂർണ്ണ വിവരം തരും. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചുമാനേജരിൽ നിന്നും ഒരു പ്രതി സൌജന്യമായി വാങ്ങുക.




ESTD. 1927

## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

PC. 330

Reg. M. No. 2293

# Sathya Deepam

Vol. 28 | Ernakulam, May 25, 1955 | No. 39



## ബാലരംഗം

### 23 ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ = കരിമ്പ്.

### പ്രശ്നം നമ്പ്ര് 24

(കെ. പി. ഫിലിപ്പ്, ഉരുത്തി. വയസ്സ് 15)

ഞാൻ നിങ്ങളുടെ ഉററമിത്രമാണ്. എന്നെ നിങ്ങൾക്കു നല്ല പരിചയവുമാണ്. എന്റെ പേരിനു മൂന്നക്ഷരമേയുള്ളു. ഒന്നാമത്തെ അക്ഷരം ദോശയിലുണ്ട്; ഇഡ്ഡലിയിലില്ല. രണ്ടാമത്തെ അക്ഷരം മിഠായിയിലുണ്ട്; ബിസ്കററിലില്ല. മൂന്നാമത്തെ അക്ഷരം നിങ്ങളിലുണ്ട്; അവരിലില്ല. എന്നെ അറിയുമോ?

എനിക്കു വേറൊരു പേരുണ്ട്. അതിനും മൂന്നക്ഷരമാണ്. ഒന്നാമത്തെ അക്ഷരം സാഹോദര്യത്തിലുണ്ട്; ശത്രുതയിലില്ല. രണ്ടാമത്തെ അക്ഷരം ഭാവിയിലുണ്ട്; ഭൂതത്തിലില്ല. മൂന്നാമത്തെ അക്ഷരം പൊതുയോഗത്തിലുണ്ട്; സാധാരണയിലില്ല. എന്റെ പേരു പറയാമോ?

### കടംകഥകൾ

1. മേൽപ്പുര, കീഴ്പുര—അകത്തൊരുണ്ണിത്താൻ — ?
2. ഉഴുതൊരു നിലത്തിടാൻ വിത്തില്ല—?
3. ഇപ്പോൾ വെട്ടിയ പുത്തൻ കിണററിൽ ഉളളുളളെ വെള്ളം—?
4. അമ്മ കറമ്പി, മകളു വെളുമ്പി, മകളുടെ മകളു് സുന്ദരിക്കോത—?

ഉത്തരം

[illegible]

---

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നിങ്ങളുയക്കുന്ന കത്തുകൾവഴി, ബാലരംഗം നിങ്ങൾ എത്രമാത്രം ഇഷ്ടപ്പെടുന്നു എന്നു വല്യേട്ടൻ മനസ്സിലാക്കുന്നുണ്ട് എന്നും അതിൽ വല്യേട്ടനു എത്ര വളരെ ആനന്ദമുണ്ട് എന്നും കഴിഞ്ഞതവണ എഴുതിയിരുന്നുവല്ലോ. ഇതു വല്യേട്ടൻ അതിശയോക്തി പറഞ്ഞതാണെന്നോ മുഖസ്തുതി പറഞ്ഞതാണെന്നോ ആരും വിചാരിക്കുകയില്ലല്ലോ. വാസ്തവത്തിൽ അങ്ങനെയല്ല. ഉള്ളതു പച്ചയായിത്തന്നെ പറഞ്ഞതാണ്. അതിന്റെ സാമ്പിൾ നിങ്ങൾ തന്നെ കണ്ടു മനസ്സിലാക്കുന്നതിനു ഒന്നു രണ്ടു മാതൃകകൾ ഇത്തവണ കാണിക്കാമെന്നാണ് വിചാരിക്കുന്നതു്.

ഒരു കുഞ്ഞനുജൻ ഇങ്ങനെ എഴുതുന്നു:-

(സ്ഥലം)
6-5-1955

പ്രിയ വല്യേട്ടാ,

കൊച്ചുകുട്ടികളുടെ സത്യദീപത്തിലെ ബാലരംഗം കാണാറുണ്ട്. സത്യദീപത്തെ ബാലരംഗം വളരെ മനോഹരമാകുന്നു. കൊച്ചുകുട്ടികളെ വിശുദ്ധന്മാരുടെ കഥ പറഞ്ഞുകേൾപ്പിക്കുന്നതും ഞങ്ങൾ ഒളിഞ്ഞിരുന്നു കേൾക്കുന്നുണ്ട് (ഇതുകൊണ്ട് കുഞ്ഞനുജൻ കുറച്ചു മൂത്തുപോയോ എന്നു വല്യേട്ടനൊരു ശങ്ക!). പ്രശ്നങ്ങളും, സംഗീതങ്ങളും, കടംകഥകളും ഞങ്ങളെ സന്തോഷിപ്പിക്കുന്നു, മനോഹരമായ ചിത്രങ്ങൾ അതിനെ മോടിപിടിപ്പിക്കുന്നു. വിനോദവീഥികളും, ചെറുകഥകളും, കാർട്ടൂണുകളുംഎല്ലാം മെച്ചം. ഈ ബാലരംഗത്തിൽ അംഗങ്ങളെ ചേർക്കുമോ? (അതാണ് വല്യേട്ടനു് ഇനിയും ശരിയായ ഒരു പിടികിട്ടാത്ത പ്രശ്നം. പല വിധത്തിൽ ആലോചിച്ചുവരികയാണ്.) അങ്ങിനെ ചേർത്താൽ പുരോഗമിക്കും. ബാലന്മാർ കലാബോധവും, വാസനയും ഉള്ളവരാകും. എന്റെ എളിയ പരിശ്രമഫലമായ ഈ പ്രശ്നം നല്ലതെങ്കിൽ ബാലരംഗത്തിൽ ചേർക്കുമെന്നു വിചാരിക്കുന്നു.

എന്നു സ്വന്തം കുഞ്ഞനുജൻ
(പേരു്)

നോക്കണം, ബാലരംഗത്തെ ഈ കുഞ്ഞനുജൻ എത്ര ശരിയായി മനസ്സിലാക്കിയിരിക്കുന്നു. അതിന്റെ അഭ്യുദയത്തിനുവേണ്ടി എത്രമാത്രം ഉൽസുകത പ്രദർശിപ്പിക്കുന്നു. ഈദൃശകുഞ്ഞനുജന്മാരുള്ളപ്പോൾ വല്യേട്ടനു വല്ലതും സംശയിക്കാനുണ്ടോ?

ബാലരംഗത്തിന്റെ ഫലദായകത്വത്തെ വിശദമാക്കുന്ന ഒരു കത്തുകൂടി നിങ്ങളുടെ അറിവിലേക്കായി പകത്താം:-

(സ്ഥലം)
10-5-1955

പ്രിയപ്പെട്ട വല്യേട്ടാ,

വല്യേട്ടൻ എനിക്കു ചെയ്ത ഉപകാരത്തിനു എന്റെ ഹൃദയംഗമമായ നന്ദി ആദ്യമായി പ്രകാശിപ്പിച്ചുകൊള്ളട്ടെ. എന്റെ റിസൽട്ട് ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. സ്കൂൾ ഫൈനൽ ജയിച്ചാൽ ഏതെങ്കിലും മിഷ്യനിൽ ചേരണമെന്നുള്ളതാണ് എന്റെ അതിയായ ആഗ്രഹം. വല്യേട്ടൻ ബാലരംഗവീഥിയിൽക്കൂടി തന്നിട്ടുള്ള ഉപദേശങ്ങളും മററും എനിക്ക് ഇക്കാര്യത്തിൽ വേണ്ട പ്രചോദനം നൽകിയെന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ. എനിക്കിപ്പോൾ വയസ്സു 15 കഴിഞ്ഞു. ഞാൻ കഴിഞ്ഞതവണ അയച്ച പ്രശ്നം ഏതാനും മാററങ്ങളോടുകൂടി ബാലരംഗം പേജിൽ ചേർത്തതിനു നിസ്സീമമായ കൃതജ്ഞത. ഇപ്രാവശ്യം ചില കടംകഥകളും രണ്ടു പ്രശ്നവും അയക്കുന്നു. അവ എന്റെ രണ്ടുമൂന്നാഴ്ചത്തെ പരിശ്രമഫലമായി നിർമ്മിച്ചെടുത്തിട്ടുള്ളതാണ്. തെററുകൾ ഉണ്ടായിരുന്നതു് എന്റെ ട്യൂഷൻ ടീച്ചർ അവർകളെക്കൊണ്ടു കറക്ട് ചെയ്യിച്ചു. ബാലരംഗംപേജിൽ ബാലികാബാലന്മാക്കു എല്ലായ്പോഴും പ്രവേശനം കാണുമല്ലോ. അതുതന്നെയാണ് ഞങ്ങൾക്കുള്ള ആഗ്രഹങ്ങളിൽ ഉചിതീയമായിട്ടുള്ളതു്. ഒന്നാമതായി നിലകൊള്ളുന്നതു് ചിത്രകഥകളും വല്യേട്ടന്റെ ഉപദേശവുമത്രെ. അതിനാൽ ഇപ്രാവശ്യം ഈ കൊച്ചനുജനും ചിലതെല്ലാം അയക്കുകയാണ്. വല്യേട്ടൻ പ്രചോദനം നൽകുമെന്നതിൽ തെല്ലും സംശയമില്ല. എനിക്കുവേണ്ടി പ്രത്യേകം പ്രാത്ഥിക്കണമേ. വല്യേട്ടനേയും സത്യദീപത്തേയും അതിന്റെ ഭാരവാഹികളേയും ഞങ്ങൾ ഒരുനാളും മറക്കയില്ല.

ഭാവുകങ്ങൾ ആശംസിച്ചുകൊണ്ട്
സ്നേഹമുള്ള കൊച്ചനുജൻ
(പേരു്)

N. B. വല്യേട്ടനെ ഒരു കാര്യം അറിയിക്കാൻ മറന്നുപോയി. കഴിഞ്ഞ ഒരു പ്രശ്നത്തിൽ "എന്റെ പേർ പറയാമോ" എന്നു ചോദിച്ചതിനാൽ "വാനരൻ" എന്നു കുട്ടികൾ എന്നെ വിളിക്കുകയുണ്ടായി. ഇപ്രാവശ്യത്തെ പ്രശ്നങ്ങൾ ആ കുറവു പരിഹരിക്കുമെന്നു എനിക്കു പൂർണ്ണബോദ്ധ്യമുണ്ട്.

ഇതാണ് കത്തു്. എത്ര നന്നായിരിക്കുന്നു എന്നു നിങ്ങളെല്ലാവരും സമ്മതിച്ചുപറയുന്നുണ്ടാകുമല്ലോ. നിങ്ങൾ നിങ്ങളുടെ ആ സഹോദരനുവേണ്ടി പ്രാത്ഥിക്കുക. പ്രത്യേകിച്ചും അദ്ദേഹത്തിന്റെ ഭാവിജീവിതത്തെപ്പററിയുള്ള ദൈവവിളി ഫലപ്രദമാകുന്നതിനു്. ഇതുപോലെ നിങ്ങളുടെ കുഞ്ഞുസഹോദരന്മാരിലും കുഞ്ഞുസഹോദരിമാരിലും പലരും ഉണ്ടാകും, അവരുടെ ജീവിതയാത്രയുടെ നാല്ക്കവലയിൽനിന്നു ഭാവിജീവിതത്തെപ്പററി ചിന്തിക്കുന്നവരായിട്ട്. യുവത്വത്തിലേക്കു കാലുവയ്ക്കുന്ന ഓരോ ബാലനേയും ബാലികയേയും അലട്ടുന്ന ഒരു ഗൗരവമായ പ്രശ്നമാണ് അവരവരുടെ ജീവിതാന്തസ്സ് ദൈവത്തിന്റെ ആഹ്വാനമനുസരിച്ചു തിരഞ്ഞെടുക്കുക എന്നുള്ളതു്. അതിനുവേണ്ടി എളിമയായി ദൈവത്തെ പ്രാത്ഥിക്കണം. പ്രലോഭനങ്ങൾക്കു വഴിപ്പെടരുതു്. സ്കൂൾഫൈനൽ പരീക്ഷകഴിഞ്ഞുള്ള അവസരമാണ് ഈ പ്രശ്നം പലരെ സംബന്ധിച്ചും മുട്ടിക്കൂടുന്നതു്. എന്റെ ദൈവവിളി ഒരു വൈദികനാകാനാണോ? സന്യാസസഭയിൽ ചേരാനാണോ? മിഷ്യനറിയാകാനാണോ? അതോ വിവാഹജീവിതത്തിൽ പ്രവേശിക്കാനാണോ എന്നു മിക്കവാറും തീർച്ചപ്പെടുത്തുന്ന അവസരം അതാണ്. ഈ ഒഴിവുദിവസങ്ങളിൽ നിങ്ങളിൽപലരേയും ഇക്കാര്യംവളരെ അസ്വസ്ഥതപ്പെടുത്തുന്നുണ്ടാകാം. ആരും വിഷമിക്കേണ്ട. തികഞ്ഞ ആത്മാത്ഥതയോടും തെളിഞ്ഞ മനസ്സാക്ഷിയോടുംകൂടി പ്രവത്തിക്കുക. അറിവുള്ള നിങ്ങളുടെ ആത്മീയപിതാക്കന്മാരുടെ ഉപദേശങ്ങൾ സ്വീകരിക്കുക. ദൈവം അവിടുത്തെ തിരുവിഷ്ടം നിങ്ങളിൽ ഫലപ്രായിഷ്ടമാക്കിക്കൊള്ളും.

N. B. യെപ്പററിക്കൂടിയും ഒരു വാക്കു്. ആ പ്രശ്നം അത്ര ശരിയല്ല. "വാനരൻ" എന്ന വാക്കിൽ നാലക്ഷരമില്ല. "ൻ" ഒരു ചില്ലക്ഷരം മാത്രമാണ്. വ്യാകരണം നിശ്ചയമുള്ള ചിലർ ഇതു് ചൂണ്ടിക്കാണിക്കുകയുണ്ടായി. ബാലരംഗമല്ലേ എന്നു കരുതി വല്യേട്ടൻ കണ്ണടച്ചു. പക്ഷെ നമ്മുടെ ബാലരംഗത്തെ സൂക്ഷിക്കുന്നവർ പലരുണ്ട്. അതുകൊണ്ടു പ്രശ്നങ്ങളിലും മററും യാതൊരു തെററും കടന്നുകൂടാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം, കേട്ടോ. ഇത്തവണത്തെ വല്യേട്ടന്റെ ഉപന്യാസം നീണ്ടുപോയി. എല്ലാവരും ക്ഷമിക്കണെ. ശുഭം!

വല്യേട്ടൻ


## എല്ലാത്തരം

എലക്ട്രോ പ്ലേററിംഗു ജോലികളും ഭംഗിയായും ഉത്തരവാദിത്വത്തോടുകൂടിയും ചെയ്തുകൊടുക്കുന്നു.

**മാർളൂയിസ് മെമ്മോറിയൽ പ്രസ്സ്**

ബ്രോഡ്വേ, എറണാകുളം-1


## വിനോദവീഥി



"ഞാനൊന്നു കടിച്ചു വലിച്ചപ്പഴേക്കും ഈ പൗണ്ടൻ പേനേടെ നിബ്ബ് ഞെരിഞ്ഞുപോയപ്പച്ചാ. എനിക്കു 12-ാമതു് വേറൊന്നുകൂടി വാങ്ങിത്തരണം."

* * *



"ഹയ്യയ്യോ അരുതു്! ചുവരിൽ കരിവരയ്ക്കുന്നതിനു് ഇപ്പൊ പിള്ളേരെ തല്ലരുതു്. അവൻ വല്യ ചിത്രകാരനാവും. വരച്ചോട്ടെ!"


### സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1